# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 - ലക്കം 11 നവംബർ 2009 Rs. 7.00



**പീഡനം സഹിക്കാൻ ഒരുങ്ങിക്കൊൾക**
സാക് പുന്നൻ

**മാതാപിതാക്കളും മക്കളും**
ജോസ് മാത്യു

**പ്രവാചകദൗത്യം**
യൂജിൻ പീറ്റേഴ്സൺ

**കുരിശും കഠാരയും**
ഡേവിഡ് വിൽക്കേഴ്സൺ

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 7 നവംബർ 2009 ലക്കം 11



## എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)

**മാനേജർ**

ജേക്കബ് മാത്യു (കായംകുളം)
ഫോൺ: 0479-2472643 (Res.)



'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്.
9495234087/9249516234

## വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016, ഫോൺ: 0481-2592753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.



## വിദേശപ്രതിനിധികൾ

**U.S.A**
**Binoy James**
Ph. 512990-2808(R)
512826-5028(O)
Email: benoyjames@hotmail.com

**DUBAI**
**Shabu Kuruvilla**
Ph. 050-7970839
E-mail: skuruvi@gmail.com


## മൊഴി മുത്ത്



### ക്രൂശ്

പല ക്രിസ്ത്യാനികളും അനർത്ഥങ്ങളും പീഡകളും നെടുവീർപ്പോടെ സ്വീകരിക്കുകയും അവയെ ക്രൂശ് എന്നു വിളിക്കുകയും ചെയ്യാറുണ്ട്. എന്നാൽ പാപിക്കും വിശുദ്ധനും അത്തരം അനുഭവങ്ങൾ ഒരുപോലെ ഉണ്ടാകാറുണ്ട് എന്ന കാര്യം അവർ വിസ്മരിക്കുന്നു. ക്രിസ്തുവിനോടുള്ള അനുസരണം മൂലം നാം നേരിടേണ്ടിവരുന്ന പ്രത്യേകമായ പ്രാതികൂല്യമാണ് ക്രൂശ്. ഈ ക്രൂശ് നമ്മുടെ മേൽ നിർബന്ധിച്ച് ഏൽപിക്കപ്പെടുന്നില്ല. പരിണതഫലങ്ങളെക്കുറിച്ച് വ്യക്തമായ അറിവോടെ നാം സ്വമേധയാ ക്രൂശ് എടുക്കുകയാണ്. ക്രിസ്തുവിനെ അനുസരിക്കാനായി നാം എടുക്കുന്ന തീരുമാനമാണ് ക്രൂശെടുക്കാൻ അവസരം നൽകുന്നത്. ക്രൂശെടുക്കുക എന്നാൽ ക്രിസ്തുവിനോടു ഹൃദയംഗമായി പറ്റിച്ചേരുകയും അവന്റെ കർത്തൃത്വത്തെ അംഗീകരിക്കുകയും അവന്റെ കൽപനകളെല്ലാം അനുസരിക്കുകയുമാണ്.

-എ. ഡബ്ല്യു. ടോസർ

**എഡിറ്റോറിയൽ**

# പ്രവാചകൻ: ആരാണ് അദ്ദേഹം?



"കർത്താവേ, അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായി. അങ്ങ് എന്നെക്കാൾ ശക്തനാണ്. അങ്ങ് വിജയിച്ചിരിക്കുന്നു. ദിവസം മുഴുവൻ ഞാൻ പരിഹാസപാത്രമായി. എല്ലാവരും എന്നെ അപഹസിക്കുന്നു. വായ് തുറക്കുമ്പോഴൊക്കെ 'അക്രമം', 'നാശം' എന്നാണ് ഞാൻ വിളിച്ചുപറയുന്നത്. കർത്താവിന്റെ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിരിക്കുന്നു. അവിടുത്തെപ്പറ്റി ഞാൻ ചിന്തിക്കുകയില്ല, അവിടുത്തെ നാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്നു ഞാൻ പറഞ്ഞു. എന്നാൽ ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളർന്നു; എനിക്കു സാധിക്കുന്നില്ല."(യിര.20:7-9 പി.ഒ.സി വിവർത്തനം)

ഒരു പ്രവാചകന്റെ പരിദേവനമാണിത്. യിരമ്യാവു പറയുന്നത്: "വായ് തുറക്കുമ്പോഴൊക്കെ എനിക്കു ജനത്തോടു പറയുവാൻ ഒരു സന്ദേശമേയുള്ളു. ദൈവം തന്ന സന്ദേശമാണത്. എന്നാൽ ഈ ഒരേയൊരു പ്രവചനം മാത്രം വിളിച്ചുപറയുന്നതിന്റെ ഫലമായി ഞാൻ നിരന്തരം നിന്ദയ്ക്കും പരിഹാസത്തിനും വിധേയനാകുന്നു. ഞാൻ മടുത്തു. അതുകൊണ്ടു മേലിൽ കർത്താവേ, അങ്ങയെപ്പറ്റി ഞാൻ ചിന്തിക്കുകയോ അങ്ങു തരുന്ന പ്രവചനവാക്യങ്ങൾ പ്രസ്താവിക്കുകയോ ചെയ്യുകയില്ല. എന്നാൽ ഹാ, കഷ്ടം! മിണ്ടാതിരിക്കുവാൻ എനിക്കു കഴിയുന്നില്ല. ഞാൻ മിണ്ടാതിരിക്കുമ്പോൾ എന്റെ ഹൃദയം തീ കത്തുന്നതുപോലെ. എന്റെ അസ്തികൾ വെന്തുപോകുന്നതുപോലെ. ദൈവമേ, ഇതു ചതിയാണ്. എന്നെ എന്തിനാണ് ഇങ്ങനെയാക്കിത്തീർത്തത്? അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു. ഞാൻ വഞ്ചിതനായി!"

ഏത് യഥാർത്ഥ പ്രവാചകന്റെയും ദുര്യോഗമാണിത്. അയാൾക്കു തന്റെ കാലഘട്ടത്തോട് ഒരു സന്ദേശമുണ്ട്. ദൈവം തന്നെ നൽകിയ സന്ദേശം. അയാൾക്ക് അതടക്കിവയ്ക്കാൻ കഴിയുകയില്ല. എവിടെയും എപ്പോഴും അയാൾ അതുതന്നെ പറയുന്നു. ഫലം അയാൾ തെറ്റിധരിക്കപ്പെടുന്നു; പരിഹസിക്കപ്പെടുന്നു. പക്ഷേ അയാൾക്കു മിണ്ടാതിരിക്കുവാൻ കഴിയുകയില്ലല്ലോ. കാരണം അയാൾ ഒരു പ്രവാചകനാണ്!

പ്രവാചകദൗത്യം ഒരു ജോലിയല്ല; ഒരു നിയോഗമാണ്. ജോലിയായിരുന്നെങ്കിൽ മടുക്കുമ്പോൾ അല്ലെങ്കിൽ എതിർപ്പുകൾ ശക്തമാവുമ്പോൾ ഉപേക്ഷിച്ചുപോകാമായിരുന്നു. എന്നാൽ ഒരു നിയോഗം ആ നിലയിലല്ല. അതൊരു ദിവ്യവിളിയാണ്. യിരമ്യാവിനെ സംബന്ധിച്ച് ആ വിളി(calling) ഇങ്ങനെയായിരുന്നു: "കർത്താവ് എന്നോട് അരുളിച്ചെയ്തു:...... ഞാൻ നിന്നെ അറിഞ്ഞു....ഞാൻ നിന്നെ വിശുദ്ധീകരിച്ചു. .... ഞാൻ നിന്നെ നിയോഗിച്ചു."(1: 4-10)

ഈ നിലയിലുള്ള വിളിയാണ്, വിളിയെക്കുറിച്ചുള്ള ഉറപ്പാണ് യഥാർത്ഥപ്രവാചകന്റെ ശക്തി. അത് അദ്ദേഹത്തിന്റെ വാക്കുകൾക്കു

കരുത്തു പകരുന്നു. തന്റെ ദൈവത്തെക്കുറിച്ചു നേരിട്ടുള്ള അറിവ് അദ്ദേഹത്തിനുണ്ട്. മറ്റൊരു പ്രവാചകൻ–ഏലിയാവ്–ദൈവത്തെക്കുറിച്ചു പറയുമ്പോഴൊക്കെ ഉപയോഗിക്കുന്ന ഒരു പദപ്രയോഗം ശ്രദ്ധിക്കുക: ‘ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവ’ (1രാജാ.17:1, 18:15). ദൈവത്തെ അറിയുകയും ദൈവത്താൽ അറിയപ്പെടുകയും ചെയ്യുക–യഥാർത്ഥപ്രവാചകൻ വ്യാജപ്രവാചകനിൽ നിന്നു വേറിട്ടു നിൽക്കുന്നത് ഇവിടെയാണ്. വ്യാജപ്രവാചകനും ദൈവത്തിന്റെ നാമത്തിലാണ് പ്രവചിക്കുന്നതും വീര്യപ്രവൃത്തികൾ നടത്തുന്നതുമെല്ലാം. എന്നാൽ ദൈവം അവനെ അറിയുന്നില്ല(മത്താ.7:21–23).

സാധാരണ മനുഷ്യർക്കു അന്യമായ ദൈവത്തെക്കുറിച്ചുള്ള വർദ്ധമാനമായ അറിവ്, പ്രവാചകനു ദൈവത്തിന്റെ സർവ്വശക്തി, സർവ്വാധിപത്യം(Soverignity) എന്നിവയെക്കുറിച്ചു വലിയ ബോധ്യം നൽകുന്നു.(യെശയ്യാപ്രവാചകൻ ദൈവത്തെ സ്വർഗ്ഗത്തിൽ സിംഹാസനസ്ഥനായി കണ്ടത് ഓർക്കുക 6:1–3). അതുകൊണ്ടുതന്നെ ‘വലിയവനായ ദൈവ’ത്തിനു ജനങ്ങൾ അവരുടെ ജീവിതത്തിൽ ‘ചെറിയ സ്ഥാനം മാത്രം നൽകുമ്പോൾ പ്രവാചകൻ അസ്വസ്ഥനാകുന്നു. ദൈവത്തിന് അർഹമായ ഒന്നാം സ്ഥാനം(സകലത്തിലും മുമ്പനാകേണ്ടതിന്....have preeminence in all–ഫിലി.1:3) നൽകുക എന്നതാണ് പ്രവാചകന്റെ ആഹ്വാനത്തിന്റെ കാതൽ.

യഥാർത്ഥപ്രവാചകനു മിക്കപ്പോഴും ഒരൊറ്റ സന്ദേശമേയുള്ളു. ആ സന്ദേശത്താൽ അദ്ദേഹം പിടിക്കപ്പെട്ടിരിക്കുന്നു. എവിടെയും എപ്പോഴും അതല്ലാതെ മറ്റൊന്നു പറയുവാൻ അദ്ദേഹത്തിനില്ല. ഇക്കാരണത്താൽ യിരമ്യാവ് പരിഹാസത്തിനും നിന്ദനത്തിനും വിധേയനായത് ഓർക്കുക. പഴയനിയമത്തിലെ വലുതും ചെറുതുമായ പ്രവാചകന്മാരെല്ലാം(major and minor prophets)ഇങ്ങനെതന്നെയായിരുന്നു. പുതിയനിയമത്തിലേക്കു വരുമ്പോഴോ? പുതിയനിയമത്തിലെ ആദ്യപ്രവാചകനായ യോഹന്നാൻസ്നാപകനും ഒരൊറ്റ സന്ദേശമേ പ്രഘോഷിക്കുവാനുണ്ടായിരുന്നുള്ളു– ‘സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ.’

ഒരു പ്രവാചകന്റേയും സന്ദേശം സന്തുലിതം(balanced)ആയിരുന്നില്ല, ആയിരിക്കുകയില്ല എന്നതാണ് വസ്തുത. അതിനെപ്പോഴും ഒരു പ്രത്യേക ഊന്നൽ(emphasis) ഉണ്ടായിരിക്കും. ആ കാലഘട്ടത്തെക്കുറിച്ചുള്ള, ആ തലമുറയോടുള്ള, ദൈവത്തിന്റെ ഹൃദയഭാരമാണത്. ഈ സത്യം മനസ്സിലാക്കാതെ ഇന്നും ദൈവത്തിന്റെ യഥാർത്ഥപ്രവാചകന്മാരെ അവർ സമതുലനം ഇല്ലാത്തവരാണ്(not balanced) എന്ന് ആക്ഷേപിക്കുന്നവരുണ്ട്. വേദശാസ്ത്രം ഉരുവിട്ടു പഠിച്ച് ബൈബിൾസ്ക്കൂളിൽ നിന്നിറങ്ങുന്ന ‘വേദപണ്ഡിതന്മാരു’ടെ സന്തുലനം ഒരു പ്രവാചകനിൽ തിരയുന്നതിൽ എന്താണർത്ഥം? പ്രവാചകൻ–അദ്ദേഹം വേറൊരു ജനുസ്സിൽ പെടുന്ന ആളാണ്. എന്നാൽ ഒരു പ്രവാചകന്റെ വാക്കുകളുടെ മൂർച്ചയുടെയും പ്രയോജനപരതയുടെയും ആയിരത്തിലൊരംശം ഇന്നത്തെ ബൈബിൾസ്ക്കൂൾ ഉല്പന്നങ്ങളിൽ(Seminary products) കണ്ടെത്താൻ കഴിയുമോ?

മറുപടി പകൽപോലെ വ്യക്തമല്ലേ?



# ദൈവത്തിലേക്കു മാത്രം വിരൽ ചൂണ്ടുന്ന യഥാർത്ഥ പ്രവാചകദൗത്യം

യൂജിൻ പീറ്റേഴ്സൺ



**സർവ്വശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യം ജനത്തിന്റെ ജീവിതത്തിലേക്ക് എത്തുവാൻ തക്കവണ്ണം അവരെ ഉണർത്തുന്നതായിരുന്നു പ്രവാചക ദൗത്യം.**

പല നൂറ്റാണ്ടുകൾക്കിടയിൽ എബ്രായ ജനം അസാധാരണക്കാരായ നിരവധി പ്രവാചകന്മാർക്ക് ജന്മം നൽകി. ദൈവം എന്ന യാഥാർത്ഥ്യത്തെ സമർത്ഥമായി ശക്തിയോടെ അവതരിപ്പിച്ച സ്ത്രീപുരുഷന്മാർ. ദൈവത്തെക്കുറിച്ച് വ്യാജമായ ധാരണയിലും സങ്കൽപങ്ങളിലും ജീവിച്ചിരുന്ന ജനതകൾക്ക് ദൈവത്തിന്റെ വാഗ്ദാനങ്ങളും കല്പനകളും സജീവസാന്നിധ്യവും നൽകുവാൻ ഈ പ്രവാചകർക്ക് കഴിഞ്ഞു.

മിക്കവാറും എല്ലാവരും ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. എന്നാൽ നമ്മിൽ മിക്കവരും ദൈവത്തെ നമ്മുടെ ജീവിതത്തിന്റെ അതിർത്തികളിൽ മാത്രം നിർത്താൻ പരമാവധി ശ്രമിക്കുന്നവരോ, അല്ലെങ്കിൽ നമ്മുടെ സൗകര്യാർത്ഥം ദൈവത്തെ ഉടച്ചുവാർക്കുന്നവരോ അത്രേ. ദൈവം നമ്മുടെ ആജ്ഞാനുവർത്തിയായി വിളിപ്പാടകലെ നിൽക്കുകയല്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന പരമാധികാരിയാണെന്ന് ഉറപ്പിച്ചു പറയുന്നവരാണ് പ്രവാചകർ. നമ്മുടെ ഭാവനയ്ക്ക് ഒത്തവണ്ണമല്ല സാക്ഷാൽ ദൈവം വെളിപ്പെടുത്തിയ വണ്ണം തന്നെ നാം ദൈവത്തോട് ഇടപെടേണ്ടതാണെന്ന് അവർ ഓർമ്മിപ്പിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ സാന്നിദ്ധ്യം ജനത്തിന്റെ ജീവിതത്തി

ലേക്ക് എത്തുവാൻ തക്കവണ്ണം അവരെ ഉണർത്തുന്നതായിരുന്നു പ്രവാചകദൗത്യം. അതിനായി അവർ ശാസിച്ചു, കരഞ്ഞു, വെല്ലുവിളിച്ചു, ആശ്വസിപ്പിച്ചു. മൂർച്ചയുള്ളതാണെങ്കിലും മൃദുലമാണെങ്കിലും ശക്തിയും ഭാവനയും ഉള്ളവയായിരുന്നു അവരുടെ വചനങ്ങൾ.

എബ്രായപ്രവാചകന്മാരിൽ പതിനാറുപേർ അവരുടെ പ്രവചനങ്ങൾ എഴുതിവച്ചു. ബൈബിളിൽ യെശയ്യാ മുതൽ മലാഖിവരെയുള്ള പ്രവാചകന്മാരായിരുന്നു അവർ. ദൈവമുമ്പാകെ വിശ്വസ്തതയോടെ ജീവിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങളും വ്യവസ്ഥകളും അവർ നമുക്ക് നൽകുന്നു. ലോകത്തിന്റെ വഴികൾ ഒരിക്കലും ദൈവത്തിന്റെ പക്ഷത്തല്ല എന്ന് നാം അറിയേണ്ടതുണ്ട്. എങ്ങനെയാണ് ഭൂമിയിൽ ജീവിക്കേണ്ടതെന്നും എന്താണ് യഥാർത്ഥത്തിൽ വിലയുള്ളതെന്നും സംബന്ധിച്ചുള്ള നമ്മുടെ ധാരണകളെ തിരുത്തുന്നവരാണ് യഥാർത്ഥപ്രവാചകന്മാർ. ദൈവത്തിന്റെ ജനത്തെ ജാതികളുടെ സമ്പ്രദായങ്ങളിൽ നിന്നും വേർപെടുത്തി ലളിതമായ വിശ്വാസത്തിലും അനുസരണത്തിലും വളർത്തുവാൻ പരിശുദ്ധാത്മാവ് ഈ പ്രവാചകരെ ഉപയോഗിക്കുന്നു. ലോകത്തിന്റെ വഴികളും സുവിശേഷത്തിന്റെ മാർഗ്ഗവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിഞ്ഞ് ദൈവികസാന്നിദ്ധ്യത്തിൽ അവർ നമ്മെ അഭ്യസിപ്പിക്കുന്നു.

പ്രവാചകപുസ്തകങ്ങളിലേക്ക് കടക്കുമ്പോൾ വേഗത്തിൽ നാം മനസ്സിലാക്കുന്നു പ്രവാചകദൗത്യം സുഖകരമായ ഒന്നല്ല എന്ന്. പ്രവാചകർ ഒരിക്കലും പ്രസിദ്ധരായിരിക്കുകയോ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഏതൊരു ജനത്തിന്റെ നടുവിൽ ശുശ്രൂഷചെയ്തോ അവരുടെ ജീവിതക്രമവുമായി പ്രവാചകർ

**പ്രവാചകർ ഒരിക്കലും പ്രസിദ്ധരായിരിക്കുകയോ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഏതൊരു ജനത്തിന്റെ നടുവിൽ ശുശ്രൂഷ ചെയ്തോ അവരുടെ ജീവിത ക്രമവുമായി പ്രവാചകർ ഇണങ്ങി ചേർന്നില്ല. അവരെ മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. നമ്മുടെ മൃദുല വികാരങ്ങളെ മാനിക്കാത്ത അവർ സാമൂഹിക ബന്ധങ്ങളിൽ സമർത്ഥരല്ല. നമുക്കു വേണ്ടത് നമ്മുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന, താരപരിവേഷണുള്ള നേതാക്കളാണല്ലോ.**

ഇണങ്ങിച്ചേർന്നില്ല. നൂറ്റാണ്ടുകൾ കൊണ്ടും ഈ പരുക്കൻസ്വഭാവത്തിന് മാറ്റം ഉണ്ടായിട്ടില്ല. അവരെ മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. നമ്മുടെ മൃദുല വികാരങ്ങളെ മാനിക്കാത്ത അവർ സാമൂഹികബന്ധങ്ങളിൽ സമർത്ഥരല്ല. നമുക്കു വേണ്ടത് നമ്മുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്ന, താരപരിവേഷമുള്ള നേതാക്കളാണല്ലോ.

പ്രവാചകർ നമ്മുടെ ജീവിതവീക്ഷണവുമായി പൊരുത്തപ്പെടുന്നവരല്ല എന്നതാണ് സത്യം. ദൈവത്തെ ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് പ്രതിഷ്ഠിക്കാൻ, ദൈവത്തിനായി അൽപം ഇടം കണ്ടെത്താൻ പരിശ്രമിക്കുന്നവർക്ക് പ്രവാചകന്മാരെ ഉൾക്കൊള്ളാൻ പ്രയാസമാണ്. എന്നാൽ അവരെ അവഗണിക്കാനും കഴിയില്ല. പ്രവാചകന്മാർ പരിചയപ്പെടുത്തുന്ന ദൈവം നമ്മുടെ കൊച്ചുജീവിതത്തിന്റെ ഒരു കോണിൽ പ്രതിഷ്ഠിക്കാൻ കഴിയാത്ത വലിപ്പം ഉള്ളവനത്രേ. ഈ മഹാദൈവത്തിൽ നാം ഇടം കണ്ടെത്തുകയാണ് വേണ്ടത്.





നമുക്ക് യുക്തിസഹജമെന്ന് തോന്നുന്ന വിധത്തിൽ പെരുമാറുന്ന തന്ത്രജ്ഞരല്ല പ്രവാചകന്മാർ. നമ്മുടെ വിശദീകരണങ്ങൾക്കും പ്രതീക്ഷകൾക്കും അതീതമായ ഒരു യാഥാർത്ഥ്യത്തിലേക്ക് നമ്മെ വലിച്ചെറിയുന്ന പ്രവൃത്തിയാണ് അവർ ചെയ്യുന്നത്. യാഥാർത്ഥ്യത്തിൽ നിന്നു ഒളിച്ചോടുന്ന നമ്മുടെ സങ്കൽപ്പങ്ങളെ വെളിച്ചത്തുകൊണ്ടുവരുന്നതാണ് പ്രവാചകരുടെ വാക്കുകളും ദർശനങ്ങളും. ആത്മവഞ്ചനയ്ക്ക് സമർത്ഥരാണ് മനുഷ്യരായ നാം. പാപത്തിന്റെ പ്രത്യാഘാതങ്ങളെ, ന്യായവിധിയെ നേരിടുവാൻ, സത്യത്തെ പുണരുവാൻ തികച്ചും വിമുഖരാണ് നാം . ദൈവത്തിലുള്ള പ്രത്യാശ തുറന്നുതരുന്ന ആ പുതുജീവിതത്തിലേക്ക് നമ്മെ ആനയിക്കാൻ വേണ്ടിയാണ് പ്രവാചകർ രംഗപ്രവേശം ചെയ്യുന്നത്. അവർ ദൈവത്തെ വിശദീകരിക്കുന്നില്ല. അവർ നമ്മുടെ സങ്കുചിതമനസ്സിനെ ദൈവത്തെപ്പറ്റിയുള്ള ഊഹാപോഹങ്ങളിൽ നിന്നു രക്ഷിച്ച് മഹാദൈവത്തെപ്പറ്റിയുള്ള അത്ഭുതാദരവിലേക്കും, അനുസരണത്തിലേക്കും, ആരാധനയിലേക്കും നയിക്കുന്നു. ഈ ജീവിതത്തിലേക്ക് പ്രവേശിക്കും മുമ്പ് പ്രവാചകരെ മനസ്സിലാക്കാൻ ശ്രമിച്ചാൽ നാം ഒരിക്കലും വിജയിക്കയില്ല.

അടിസ്ഥാനപരമായി പ്രവാചകർ രണ്ടുകാര്യങ്ങളാണ് ചെയ്യുന്നത്. ഒന്നാമതായി, ഏറ്റവും മോശമായ ഒരു സാഹചര്യത്തെപ്പോലും ദൈവത്തിന്റെ ന്യായവിധിയായി അംഗീകരിക്കാൻ അവർ ജനത്തെ അഭ്യസിപ്പിക്കുന്നു. മതപരമായ ഒരു അത്യാഹിതമോ, രാഷ്ട്രീയ ദുരന്തമോ അല്ല ദൈവത്തിന്റെ വിധി എന്ന നിലയിൽ. ദൈവം നന്മനിറഞ്ഞവനും നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നവനും ആകയാൽ ആ ദൈവത്തിന്റെ ന്യായമായ വിധി സ്വീകരിക്കു

**നമുക്ക് യുക്തി സഹജമെന്ന് തോന്നുന്ന വിധത്തിൽ പെരുമാറുന്ന തന്ത്രജ്ഞരല്ല പ്രവാചകന്മാർ. നമ്മുടെ വിശദീകരണങ്ങൾക്കും പ്രതീക്ഷകൾക്കും അതീതമായ ഒരു യാഥാർത്ഥ്യത്തിലേക്ക് നമ്മെ വലിച്ചെറിയുന്ന പ്രവൃത്തിയാണ് അവർ ചെയ്യുന്നത്. യാഥാർത്ഥ്യത്തിൽ നിന്നു ഒളിച്ചോടുന്ന നമ്മുടെ സങ്കൽപ്പങ്ങളെ വെളിച്ചത്തുകൊണ്ടുവരുന്നതാണ് പ്രവാചകരുടെ വാക്കുകളും ദർശനങ്ങളും.**

കയാണ് ഏറ്റവും ഉത്തമം. അത് ഒഴിവാക്കുകയോ, നിഷേധിക്കുകയോ ചെയ്യാതെ ലോകത്തെയും നമ്മെയും ശരിയായ പാതയിലേക്ക് നടത്തുന്ന ദൈവത്തിന്റെ ന്യായവിധികൾ തികച്ചും നീതിപൂർവ്വം എന്നു ഗ്രഹിക്കുകയാണ് ചെയ്യേണ്ടത്. സ്വാഭാവികമായും നമ്മുടെ ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷയിൽ ന്യായവിധി ഇല്ലെങ്കിൽപോലും ഇതാണ് സത്യം.

രണ്ടാമതായി, അടിച്ചമർത്തപ്പെട്ട ജനത്തിന് ദൈവം നൽകുന്ന ഒരു ശുഭഭാവിയെപ്പറ്റിയുള്ള പ്രത്യാശ നൽകുന്നതാണ് പ്രവാചകശുശ്രൂഷ. പ്രവാസത്തിന്റെയും മരണത്തിന്റെയും നിഴലിൽ കഴിയുന്നവർക്ക് പ്രവാചകർ ഒരു പുത്തൻ പ്രതീക്ഷയുടെ തിരികൊളുത്തുകയാണ്, ദൈവം എക്കാലത്തും എവിടെയും ചെയ്യുന്ന രക്ഷയുടെ നിറവിലേക്ക് ജീവിതങ്ങളെ മാടിവിളിക്കുന്ന ശുശ്രൂഷയിലൂടെ.

ജീവിതത്തിൽ 'സാമാന്യം', 'വിശുദ്ധം' എന്ന വേർതിരിവ് ഉണ്ടാ

(ശേഷം പേജ് 28ൽ)

മൂകസന്ദേശം-23

# മലങ്കാക്കയും പ്രാവുകളും

സന്ദീപ് പുന്നൻ

**ബൈ**ബിൾ അറിയാവുന്നവർക്ക് സുപരിചിതമായ കഥയാണെങ്കിൽത്തന്നെ അതിന്റെ ആത്മീയാർത്ഥം ഗ്രഹിക്കാനായി ആ കഥ ഞാൻ വീണ്ടും പറയട്ടെ.

നോഹയെയും കുടുംബത്തേയും പെട്ടകത്തിനുള്ളിലേക്ക് അയച്ചതിനു ശേഷം ലോകത്തിന്റെ ഭയങ്കരമായ ദുഷ്ടതയെ അതുവരെ കേട്ടുകേൾവി പോലുമില്ലാത്ത ഒരു മഹാപ്രളയത്താൽ ദൈവം ന്യായം വിധിച്ചു. പ്രളയം മനുഷ്യരെ മാത്രമല്ല, എല്ലാ മൃഗങ്ങളെയും കൊന്നുകളഞ്ഞു. നാൽപതു ദിനരാത്രങ്ങൾ മഴ പെയ്തശേഷം വെള്ളം സാവധാനത്തിൽ താഴുവാൻ തുടങ്ങി.

പെട്ടകത്തിന്റെ കിളിവാതിലിലൂടെ നോക്കിയ നോഹ പർവ്വതശിഖരങ്ങൾ കണ്ടെങ്കിലും ഒരു മലങ്കാക്കയെ പരിശോധനയ്ക്കായി പുറത്തുവിട്ടു. അതു ഭൂമിയിൽ വെള്ളം വറ്റിപ്പോയതുവരെ അവിടവിടെയായി പറന്നുകൊണ്ടിരുന്നു എന്ന് ഉൽപ്പത്തി 8 ന്റെ 7ൽ പറയുന്നു. പെട്ടകത്തിലേക്കു മടങ്ങേണ്ട ആവശ്യമില്ലാതെ ജീവിക്കുവാൻ ആവശ്യമായതെല്ലാം വെളിയിൽ കണ്ടെത്തിയ മലങ്കാക്കയുടെ ചിത്രമാണ് ഇവിടെ നമുക്കു ലഭിക്കുന്നത്.

ഭൂമി വാസയോഗ്യമായോ എന്ന് അപ്പോഴും നോഹയ്ക്ക് ഉറപ്പില്ലായിരുന്നു. അതിനാൽ രംഗനിരീക്ഷണം നടത്താൻ ഒരു പ്രാവിനെ പുറത്തേക്കു വിട്ടു. ഇത്തവണ ചുണ്ടുകളിൽ ഒരു പച്ച ഒലിവിലയുമായി പ്രാവ് അതാ മടങ്ങിവരുന്നു. വീണ്ടും പച്ചത്തലപ്പുകൾ ഭൂമിയിൽ പ്രത്യക്ഷമായി എന്നു നോഹ മനസ്സിലാക്കി. വീണ്ടും ഒരാഴ്ചയ്ക്കു ശേഷം പ്രാവിനെ പുറത്തേക്കു വിട്ടെങ്കിലും അതു പിന്നെ മടങ്ങിവന്നില്ല. ഒരു കൂടുകൂട്ടാനും ഭക്ഷണം ലഭിക്കാനും പ്രാവു വഴികണ്ടെത്തിയിരുന്നു എന്നു വ്യക്തം.

പെട്ടകത്തിന്റെ പുറത്തേക്കു വിട്ട മലങ്കാക്കയ്ക്കു വെള്ളത്തിൽ ചത്തുപൊങ്ങിയ മൃതശരീരങ്ങൾ ആഹാരമായിക്കിട്ടിയതുകൊണ്ടാകാം മടങ്ങിവരാതിരുന്നത്. ഏതെങ്കിലും പർവ്വതശിഖരത്തിലെ വിള്ളലിൽ കൂടുകെട്ടി മൃതശരീരങ്ങൾ ഭക്ഷിച്ചുകഴിയാൻ കാക്കയ്ക്കു കഴിഞ്ഞു. ന്യായവിധിയുടെ പ്രളയം ധാരാളം ഭക്ഷണം ലഭിക്കാൻ മുഖാന്തരമാവുകയും ചെയ്തു. പ്രാവിനു മൃതശരീരങ്ങൾ ഭക്ഷിക്കാൻ കഴിയുകയില്ല. പച്ചിലയാണ് പ്രാവിന്റെ പ്രധാനആഹാരം. മനുഷ്യരുടേയും മൃഗങ്ങളുടെയും ചീഞ്ഞ മാംസത്തോട് പ്രാവിനു യാതൊരു താത്പര്യവുമില്ല. ജീവന്റെ മുകുളങ്ങൾ കാണുന്നതുവരെ പ്രാവിനു പെട്ടകത്തിലേക്കു മടങ്ങുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു.

നമ്മുടെ ജീവിതത്തിൽ ഈ കാര്യങ്ങൾക്ക് എന്താണ് പ്രസക്തി? നോഹ ജലപ്രളയത്തിൽനിന്നു രക്ഷപെടുന്നത് ക്രിസ്തീയസ്നാനത്തിന് ഒരു നിഴലായിക്കരുതാം. പത്രോസിന്റെ ലേഖനത്തിൽ അങ്ങനെ പറഞ്ഞിരിക്കുന്നു. നോഹ ജലപ്രളയത്തിൽ നിന്നു പുറത്തുവന്ന് ഒരു പുതിയ ജീവിതത്തിനു തുടക്കമിട്ടതുപോലെ നാമും ക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കുമ്പോൾ ക്രിസ്തുവിൽ ഒരു പുതുജീവിതം തുടങ്ങുകയാണ്. നാം യേശുവുമായി ഒരു പുതുജീവിതം തുടങ്ങുന്നതിന്റെ ബാഹ്യമായ ഒരു സാക്ഷ്യമാണ് സ്നാനം. ആന്തരികമായ ഒരു തിരഞ്ഞെടുപ്പിന്റെ പരസ്യസാക്ഷ്യം.





ഈ പുതിയ ജീവിതം തുടങ്ങുമ്പോൾ നാം അഭിമുഖീകരിക്കേണ്ട ആദ്യത്തെ ചോദ്യം ഇതാണ്: നമ്മുടെ ജീവിതത്തെ കഴിഞ്ഞകാലങ്ങളിൽ നിയന്ത്രിച്ചിരുന്ന നിർജ്ജീവമായ കാര്യങ്ങളാണോ നമ്മുടെ തുടർന്നുള്ള ഭക്ഷണം? അതോ ദൈവത്തിന്റെ ജീവവചനം പുതുമയോടെ ഭക്ഷിക്കാൻ ദിനംപ്രതി നാം ആഗ്രഹിക്കുന്നുവോ? നോഹയുടെ കാലത്തെ മലങ്കാക്കയെപ്പോലെ ഈ ലോകത്തിന്റെ ചീഞ്ഞുനാറുന്ന വസ്തുക്കളാണോ നാം ഭക്ഷണത്തിനായി തിരഞ്ഞെടുക്കുന്നത്? അതോ പരിശുദ്ധാത്മാവു നിറഞ്ഞവരായി(പ്രാവു പരിശുദ്ധാത്മാവിന്റെ ചിത്രമാണല്ലോ) ദൈവവചനത്തിലും അവിടുത്തെ വാഗ്ദാനങ്ങളിലും നാം ജീവിക്കുമോ? നോഹ നമുക്കൊരു മാതൃകയാണ്. കാക്കയെ കാണാതെ വന്നപ്പോൾ പെട്ടകം വിട്ടു പുറത്തുപോകുവാൻ നോഹ തീരുമാനിച്ചില്ല. ഈ കാലഘട്ടത്തിലെ ആത്മീയമനുഷ്യനും നോഹയെപ്പോലെ ലോകത്തിന്റെ നിർജ്ജീവമായ അഴുകിയ കാര്യങ്ങളിൽ തത്പരനാകാതെ ഭക്ഷിപ്പാൻ ജീവനുള്ള ദൈവവചനം ലഭിക്കുംവരെ കാത്തിരിക്കുന്നവനാണ്. നോഹയെപ്പോലെ നമ്മുടെ മുമ്പിലും ഒരു തിരഞ്ഞെടുപ്പുണ്ട്. യേശുവിനെ അനുഗമിപ്പാൻ തീരുമാനിച്ച നാമും ലോകത്തിനു മരിച്ചവരാണെന്നു സ്നാനത്തിലൂടെ പരസ്യമാക്കുകയാണു ചെയ്തത്. എന്നാൽ അതു തുടക്കം മാത്രമാണ്, ആദ്യചുവടു മാത്രമാണ്.

നാം സ്നാനജലത്തിൽനിന്നു പുറത്തുവന്നശേഷം, സഭാമീറ്റിംഗുകളിൽനിന്നു പുറത്തുവന്നശേഷം, നാം നമ്മുടെ യഥാർത്ഥജീവിതത്തിലേക്കു പ്രവേശിക്കുമ്പോഴാണ് നമ്മുടെ പുത്തൻജീവിതം പരിശുദ്ധാത്മാവിൽ നയിക്കുവാൻ നാം പരീക്ഷിക്കപ്പെടുന്നത്. ഓരോ ദിവസവും ഓരോ മണിക്കൂറും നമ്മുടെ ചെറിയ തിരഞ്ഞെടുപ്പുകളിൽ നാം പരീക്ഷിക്കപ്പെടുകയാണ്. നാം കാണുന്ന കാര്യങ്ങൾ, ശ്രദ്ധിക്കുന്ന കാര്യങ്ങൾ, ആരോടൊത്ത് സമയം ചെലവഴിക്കുന്നു എന്നത്, നാം എന്തിനെയാണ് അമൂല്യമായി കരുതുന്നത്, നമ്മുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ഇതിലെല്ലാം നാം പരീക്ഷിക്കപ്പെടുന്നുണ്ട്. നമ്മിൽ ചിലർ ഈ മേഖലകളിൽ ദയനീയമായി പരാജയപ്പെട്ടവരാണ്. വർഷങ്ങൾക്കു മുമ്പേ സ്നാനമേറ്റവരെങ്കിലും യേശുവിനോടു ചേരുന്നതായി പ്രഖ്യാപിച്ച നമ്മിൽ പലരും ലോകത്തെയും അതിന്റെ ചത്ത വ്യവസ്ഥിതികളെയും സ്ഥിരതയോടെ തള്ളിക്കളയാതെ ജീവിച്ചവരാണ്. ഒരു സമയത്തു നാം ജീവന്റെ പുതുക്കത്തിൽ നടന്നവരാകാം. എന്നാൽ ഇന്നു ലോകത്തിന്റെ ചീഞ്ഞുനാറുന്ന സന്തോഷങ്ങൾ ആസ്വദിക്കുന്നവരായി നാം അധഃപതിച്ചിട്ടുണ്ടോ? എങ്കിൽ നാം മലങ്കാക്കയെപ്പോലെയാണിന്ന്. നമ്മുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി നാം അനുതപിക്കണം. ഈ അവസ്ഥയെപ്പറ്റി ആഴമായ ഒരു വെറുപ്പുണ്ടാകണം. വെറും ദുഃഖത്തിലൊതുക്കാതെ ക്രിസ്തുവിലുള്ള പുതുജീവൻ അന്വേഷിക്കുന്നവരാകണം. അപ്പോൾ മാത്രമേ അനുതാപം നമ്മിൽ നടക്കുന്നു എന്നു പറയാൻ കഴിയൂ.

നമ്മുടെ ജീവിതത്തെ പ്രാവുപോലെ ആക്കാൻ നാം ദൈവത്തെ അന്വേഷിക്കണം. നമ്മെ വീണ്ടും പരിശുദ്ധാത്മാവിനാൽ നിറച്ച് ദൈവഹിതത്താൽ നമ്മുടെ ഹൃദയങ്ങൾ ഭരിക്കപ്പെടുവാനായി പ്രാർത്ഥിക്കണം. പ്രാവിനെപ്പോലെയുള്ള നിർമ്മലതയ്ക്കായി വർദ്ധിച്ച ദാഹം ദൈവം നമുക്കു നൽകും. യേശുവിനോടൊപ്പമുള്ള നടപ്പിലൂടെ നമ്മുടെ ചിന്തകളും സ്വപ്നങ്ങളും നിഷേധിച്ച് യേശുവിന്റെ മനസ്സു നാം കൈവരിക്കും.

ദൈവം ഈ കാര്യത്തിനായി നിങ്ങളെയും എന്നെയും സഹായിക്കട്ടെ.

വിശുദ്ധരുടെ കാലൊച്ച

# ജോൺ ബനിയൻ: മരണനദി കടക്കുവാനുള്ള തയ്യാറെടുപ്പ്

മരണത്തെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകൾ ആരെയും അത്ഭുതപ്പെടുത്തും. ക്രിസ്തീയ മാർഗ്ഗം പറയുന്നു. പാപത്തിന്റെ പരിണതഫലമാണ് മരണം എന്ന്. സാർവലൗകികമായ മനുഷ്യസ്വഭാവമാണല്ലോ സ്വയം നശിക്കുക എന്നത്? മരണം ഭീകരമായ ഒരു യാഥാർത്ഥ്യമാണെങ്കിൽ നാം എങ്ങനെ അതിനായി ഒരുങ്ങണം? മുന്നൂറ്റമ്പത് വർഷങ്ങൾക്കപ്പുറം ജോൺ ബനിയൻ എന്ന ഇംഗ്ലണ്ടിലെ ബാപ്റ്റിസ്റ്റ് പ്രസംഗകൻ ജീവിതയാത്രയുടെ ഒരിക്കലും മറക്കാത്ത ഒരു ചിത്രം വരയ്ക്കുകയും ആ യാത്രയുടെ ഒടുവിൽ ക്രിസ്ത്യാനിയുടെ മരണത്തപ്പറ്റിയുള്ള വീക്ഷണം നമുക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പരദേശിമോക്ഷയാത്രയുടെ രചയിതാവായ ജോൺ ബനിയനായിരുന്നു ഇംഗ്ലണ്ടിലെ ബെഡ് ഫോർഡിലുള്ള തടവറയിൽകിടന്നുകൊണ്ട് വിശ്വവിഖ്യാതമായ ക്രിസ്ത്യാനിയുടെ 'മോക്ഷയാത്ര' ചിത്രീകരിച്ചത്. നാശപട്ടണത്തിൽ നിന്നും മോക്ഷപുരിയിലേക്കുള്ള യാത്ര.



1628ൽ ജനിച്ച ജോൺ ബനിയൻ അറുപതാമത്തെ വയസ്സിലാണ് അന്തരിച്ചത്. ഒരു നൂറ്റാണ്ടിനുള്ളിൽ പരദേശിമോക്ഷയാത്ര ബൈബിൾ കഴിഞ്ഞാൽ ഏറ്റവും അധികം പ്രചാരമുള്ള ഗ്രന്ഥമായി ത്തീർന്നു. ബൈബിളിനോടൊപ്പം മോക്ഷയാത്രയുടെ ഒരു പ്രതി ഇല്ലാത്ത ക്രിസ്തീയ ഭവനങ്ങൾ അക്കാലത്ത് ഇല്ലായിരുന്നു എന്നു പറയാം. നിർഭാഗ്യവശാൽ ഈ കാലഘട്ടത്തിൽ മിക്ക ക്രിസ്ത്യാനികൾക്കും ബനിയന്റെ പ്യൂരിറ്റൻ വേദശാസ്ത്രം അത്ര സ്വീകാര്യമല്ലാതായിത്തീർന്നിട്ടുണ്ട്. അയഞ്ഞ ഒരു ക്രിസ്തീയസമീപനമാണ് ഇതിനു കാരണം.

സ്വന്തം സാക്ഷ്യം അനുസരിച്ച് യൗവനത്തിൽ ബനിയൻ തികഞ്ഞ ദൈവനിഷേധിയായി, ശപിക്കുകയും ആണയിടുകയും, ഭോഷ്ക്കുപറയുകയും ചെയ്തിരുന്നു. പാവപ്പെട്ട ഒരു ലോഹപ്പണിക്കാരനായിരുന്ന ജോൺ ബനിയൻ അതുപോലെ ദരിദ്രയായ ഒരു യുവതിയെ വിവാഹം കഴിച്ചു. ഭർത്താവിന് സ്ത്രീധനമായി അവൾ കൊണ്ടുവന്ന രണ്ടു മതപരമായ ഗ്രന്ഥങ്ങൾ ബനിയന്റെ ദൈവാന്വേഷണത്തിന് തുടക്കം കുറിച്ചു എന്നു പറയാം.





മാർട്ടിൻ ലൂഥറെപ്പോലെ കുറെനാളത്തെ സംശയത്തിനും, പീഡയ്ക്കും ശേഷം അദ്ദേഹം ദൈവത്തിൽ നിന്നു പാപക്ഷമ പ്രാപിച്ചു. ഒട്ടുംവൈകാതെ ദൈവകൃപയുടെ പ്രസംഗകനായിത്തീരുകയും ചെയ്തു.

ഇംഗ്ലണ്ടിൽ ക്രോംവെല്ലിന്റെ പരാജയത്തിനുശേഷം 1660ൽ ഇംഗ്ലീഷ് രാജഭരണത്തിൽ ആംഗ്ലിക്കൻ സഭയുടെ ഔദ്യോഗികവീക്ഷണത്തോടുള്ള തുറന്ന വിയോജിപ്പ് പന്ത്രണ്ടു വർഷത്തെ ജയിൽവാസമാണ് ബനിയന് സമ്മാനിച്ചത്. ഈ കാലഘട്ടത്തിലാണ് പരദേശിമോക്ഷയാത്രയുടെ രചന. 1672ൽ ജയിൽ മോചിതനായശേഷം സുവിശേഷപ്രസംഗം തുടർന്ന ജോൺ ബനിയൻ ന്യൂമോണിയ ബാധിച്ചാണ് മരണമടഞ്ഞത്. ക്രിസ്ത്യാനിയുടെ മരണത്തിനായുള്ള തയാറെടുപ്പും മരണം അഭിമുഖീകരിക്കേണ്ട വിധവും പ്രതിപാദിക്കുന്ന 'പരദേശിമോക്ഷയാത്ര'യിലെ രണ്ട് ഉദ്ധരണികൾ താഴെ ചേർക്കുന്നു:

## പാപഭാരം ഒഴിയുന്നു

ഞാൻ ഈ ലോകമാകുന്ന വനത്തിലൂടെ യാത്രചെയ്യുമ്പോൾ ഒരു ഗുഹ ഉള്ള സ്ഥലത്തെത്തി. അവിടെ ഞാൻ ഉറങ്ങാൻ കിടന്നു. ഉറക്കത്തിൽ ഒരു സ്വപ്നം കണ്ടു.... ക്രിസ്ത്യാനിക്ക് യാത്ര ചെയ്യേണ്ടിയിരുന്ന പെരുവഴി ഇരുവശത്തും രക്ഷ എന്ന മതിലുകളാൽ സുരക്ഷിതമായിരുന്നു. ഈ വഴിയെ മുതുകിൽ ഭാരമുള്ള ഒരു ചുമടുമായി ക്രിസ്ത്യാനി ഓടി. ഒടുവിൽ ഒരു കുരിശ് ഉയർത്തിയിരുന്ന ഒരു കുന്നിൻ മുകളിൽ എത്തി. കുരിശിന് അല്പം താഴെയായി ഒരു കല്ലറയും ഉണ്ടായിരുന്നു. സ്വപ്നത്തിൽ ഞാൻ കണ്ടത് ക്രിസ്ത്യാനി കുരിശിന്റെ ചുവട്ടിൽ എത്തിയപ്പോൾ തന്നെ ഭാരച്ചുമട് തന്റെ മുതുകത്തു നിന്നു വീണ് ഉരുളാൻ തുടങ്ങി. അത് കല്ലറയുടെ വാതിലിൽ എത്തി അതിൽ വീണു. പിന്നെ ഞാൻ അത് കണ്ടില്ല.

ഭാരച്ചുമട് ഒഴിഞ്ഞതിനാൽ ക്രിസ്ത്യാനി സന്തോഷചിത്തനായി. ദുഃഖത്തിനു പകരം വിശ്രമവും, മരണത്തിനു പകരം ജീവനും ലഭിച്ച അയാൾ ക്രൂശിന്റെ ദർശനത്തിൽ തന്റെ ഭാരച്ചുമട് നീങ്ങിപ്പോയതിൽ ആശ്ചര്യഭരിതനായി അൽപസമയം നിന്നു. ആനന്ദക്കണ്ണീർ തന്റെ ഇരുകവിളുകളിലൂടെയും ഒഴുകാൻ തുടങ്ങി. ആ നിൽപ്പിൽ മൂന്ന് പ്രകാശമുള്ള ദൂതന്മാർ വന്ന് അവന് വന്ദനം പറഞ്ഞത് ഇപ്രകാരമായിരുന്നു "നിനക്ക് സമാധാനം, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു". അവർ അവന്റെ മുഷിഞ്ഞു കീറിയ വസ്ത്രം നീക്കി പുതിയ അങ്കി ധരിപ്പിച്ചു. അവന്റെ നെറ്റിയിൽ ഒരു അടയാളം ഇട്ടിട്ട് മുദ്രയുള്ള ഒരു ചുരുൾ അവന്റെ കൈയിൽ കൊടുത്തു. മോക്ഷപൂരിയുടെ കവാടം ലക്ഷ്യമാക്കി ഓടുമ്പോൾ ഈ ചുരുൾ അവൻ വായിക്കുകയും അവിടെ ഇത് കാണിക്കുകയും ചെയ്യണം എന്നു പറഞ്ഞശേഷം ദൂതന്മാർ അപ്രത്യക്ഷരായി. സന്തോഷാധിക്യത്താൽ മൂന്നുപ്രാവശ്യം ക്രിസ്ത്യാനി കുതിച്ചുചാടുകയും ഗാനങ്ങൾ ആലപിക്കാൻ തുടങ്ങുകയും ചെയ്തു.

## ഒടുവിലത്തെ ശത്രു

ക്രിസ്ത്യാനിയും പ്രത്യാശയുള്ളവനും ഉറക്കം ഉണർന്നപ്പോൾ ശോഭ

യുള്ള ആ പട്ടണത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങി.സൂര്യകിരണങ്ങളേറ്റ് വെട്ടിത്തിളങ്ങിയ ആ പട്ടണത്തിന്റെ അത്യുജ്ജ്വലമായ ശോഭമൂലം നഗനേത്രങ്ങളാൽ അവിടേക്ക് നോക്കാൻ അവർക്കു കഴിഞ്ഞില്ല. അവർ മുമ്പോട്ട് യാത്രചെയ്യുമ്പോൾ സ്വർണ്ണസമാനമായി വെട്ടിത്തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച രണ്ടുപേരെ അവർ കണ്ടു. അവരുടെ മുഖം പ്രകാശതുല്യമായി ശോഭിച്ചിരുന്നു. അവർ ക്രിസ്ത്യാനിയോടും കൂട്ടുകാരോടും എവിടെ നിന്നാണ് വരുന്നതെന്ന് ചോദിച്ചു. അവർ മറുപടി പറഞ്ഞ ശേഷം അവരെ എതിരേറ്റ പുരുഷന്മാർ ഇനി രണ്ട് പ്രതിസന്ധികൾ കൂടി തരണം ചെയ്താൽ അവർ മോക്ഷപുരിയിൽ എത്തും എന്ന് പറഞ്ഞു. ക്രിസ്ത്യാനിയും കൂട്ടുകാരനും അവരോട് തങ്ങളോടൊപ്പം യാത്രചെയ്യാൻ അപേക്ഷിക്കുകയും അതനുസരിച്ച് അവർ ഒരുമിച്ച് മുമ്പോട്ട് നീങ്ങുകയും ചെയ്തു..

ഞാൻ തുടർന്ന് സ്വപ്നത്തിൽ കണ്ടത് ഇപ്രകാരമായിരുന്നു. മോക്ഷപുരിയുടെ കവാടത്തിന് തൊട്ടുമുമ്പ് ഒരു നദി ഉണ്ടായിരുന്നു. വളരെ ആഴമുള്ള ആ നദികടക്കാൻ കുറുകെ പാലം ഒന്നും കണ്ടില്ല. മോക്ഷയാത്രികർ വിശേഷാൽ ക്രിസ്ത്യാനി, ദുഃഖത്തോടെ നദി കടക്കാൻ എന്താണ് മാർഗ്ഗം എന്ന് അവിടെയും ഇവിടെയും നോക്കി. അവരുടെ വഴികാട്ടികളായ പുരുഷന്മാരോട് നദി എല്ലായിടത്തും ആഴമുള്ളത് തന്നെയോ എന്ന് ചോദിച്ചു. അതിന് അവർ മറുപടി പറഞ്ഞു: ''നദി കടക്കുന്നതിൽ ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിയില്ല. കാരണം മോക്ഷപുരിയിലെ രാജാവിലുള്ള ഒരുവന്റെ വിശ്വാസത്തിന്റെ അളവനുസരിച്ച് നദി ആഴം കൂടിയതോ കുറഞ്ഞതോ ആയിരിക്കും.”

അവർ ഇരുവരും നദികടക്കാൻ ഒരുങ്ങി. വെള്ളത്തിൽ ഇറങ്ങിയ ക്രിസ്ത്യാനി മുങ്ങിത്താഴുവാൻ തുടങ്ങി. തന്റെ സ്നേഹിതനായ പ്രത്യാശയുള്ളവനെ കണ്ണീരോടെ വിളിച്ച് ഇപ്രകാരം പറഞ്ഞു: “ഞാൻ ആഴമുള്ള വെള്ളത്തിൽ താഴുന്നു അവന്റെ ഓളങ്ങളും തിരകളും എല്ലാം എന്റെ തലയ്ക്കു മീതേ കവിയുന്നു”. പ്രത്യാശയുള്ളവൻ പറഞ്ഞു: “ധൈര്യമായിരിക്ക, സഹോദരാ, എന്റെ കാലുകൾ നദിയുടെ അടിത്തട്ട് ഉറപ്പുള്ളതെന്നു കാണുന്നു”. ക്രിസ്ത്യാനി പ്രതിവചിച്ചു. “സ്നേഹിതാ മരണവേദനകൾ എന്നെ പിടിച്ചിരിക്കുന്നു. പാലും തേനും ഒഴുകുന്ന ദേശം ഞാൻ കാണുകയില്ല.”പ്രത്യാശയുള്ളവൻ അതിന് മറുപടി പറഞ്ഞത് ഇപ്രകാരമായിരുന്നു: “നീ കടന്നു പോകുന്ന ഈ കഷ്ടതകളും വേദനകളും ദൈവം നിന്നെ ഉപേക്ഷിച്ചതിന് തെളിവല്ല. അവിടുത്തെ നന്മകൾ ഇത്രത്തോളം നീ അനുഭവിച്ചത് ഓർത്ത് ഈ കഷ്ടസമയത്തും നീ ദൈവത്തെ വിളിച്ചപേക്ഷിക്കുമോ എന്ന് നിന്നെ പരീക്ഷിക്കേണ്ടതിന് മാത്രം ദൈവം അനുവദിക്കുന്ന കഷ്ടതയത്രേ.” ഈ വാക്കുകൾ കേട്ട മാത്രയിൽ ക്രിസ്ത്യാനി അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞു: “ഞാൻ അവനെ വീണ്ടും കാണുന്നു! അവൻ എന്നോട് പറയുന്നത് നീ വെള്ളത്തിൽക്കൂടികടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കാം എന്നത്രേ.”

അവർ ഇരുവരും ധൈര്യപ്പെട്ടു, അതിനുശേഷം അവരുടെ 'ഒടുവിലത്തെ ശത്രു' അവർ മറുകരയിൽ എത്തുവോളം പാറപോലെ നിശ്ചലമായി നിലകൊണ്ടു.

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:-**മാത്യു ജോർജ്**





**മാതാപിതാക്കളും മക്കളും 16**

# പുത്രീപുത്രന്മാർക്ക് പ്രത്യേകം ശ്രദ്ധ

ജോസ് മാത്യു, തിരുവനന്തപുരം

മക്കൾക്കു ശരിയായ പരിശീലനം നൽകി യഥാസമയം അവരെ സ്വതന്ത്രരായി വിട്ടയക്കാനുള്ള ദീർഘവീക്ഷണവും സന്നദ്ധതയും മാതാപിതാക്കൾക്കുണ്ടാകണം. ഇതു സംബന്ധിച്ചായിരുന്നല്ലോ കഴിഞ്ഞലക്കങ്ങളിൽ നാം ചിന്തിച്ചുവന്നത്. ഇനി ആൺമക്കളെക്കുറിച്ചും പെൺമക്കളെക്കുറിച്ചുമുള്ള പ്രത്യേകമായ ഉത്തരവാദിത്വങ്ങളിലേക്കും ശ്രദ്ധിക്കേണ്ട വസ്തുതകളിലേക്കും നമുക്കു കടക്കാം.

ആദ്യം പുത്രീപുത്രന്മാരെപ്പറ്റിയുള്ള പൊതുവായ ചില സംഗതികൾ പരിശോധിക്കാം. ഇയ്യോബ് എന്ന ദൈവഭക്തന് ഏഴ് ആൺമക്കളും മൂന്ന് പെൺമക്കളുമാണ് ഉണ്ടായിരുന്നത്. ഈ പത്തുമക്കളും മുതിർന്നവരും സ്വന്തം കുടുംബങ്ങളിൽ വെവ്വേറെ പാർക്കുന്നവരുമായിരുന്നു. എങ്കിലും യൗവനക്കാരായ ഈ മക്കളുടെ ആത്മീയനിലയെക്കുറിച്ച് വളരെ ചിന്തയുള്ളവനും പ്രാർത്ഥിക്കുന്നവനുമായിരുന്നു ഇയ്യോബ്. എന്നാൽ വിരുന്നുനാളുകൾ വട്ടം തികയുമ്പോൾ ഇയ്യോബ്, പക്ഷേ എന്റെ പുത്രന്മാർ പാപം ചെയ്ത് ദൈവത്തെ ഹൃദയം കൊണ്ട് ത്യജിച്ചുപോയിരിക്കും എന്നു പറഞ്ഞ് ആളയച്ച് അവരെ വരുത്തി ശുദ്ധീകരിക്കുകയും നന്നാ രാവിലെ എഴുന്നേറ്റ് അവരുടെ സംഖ്യയ്ക്ക് ഒത്തവണ്ണം ഹോമായാഗങ്ങളെ കഴിക്കുകയും ചെയ്യും. (ഇയ്യോ: 1. 1-5 നോക്കുക) എത്ര നല്ല അനുകരണീയമായ ഒരു മാതൃക!

## സ്നേഹവും മനസ്സലിവും

പിതാവും പുത്രനും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ തിളക്കം അബ്രഹാമിന്റെ ജീവിതത്തിൽ കാണുവാൻ കഴിയും. ഉൽപത്തി 22. 7-8 ഇംഗ്ലീഷ് പരിഭാഷ നോക്കുക “യിസ്ഹാക്ക് തന്റെ അപ്പനായ അബ്രഹാമിനോട് 'എന്റെ അപ്പാ' എന്നു വിളിച്ചപ്പോൾ അവൻ 'എന്താകുന്നു എന്റെ മകനേ' എന്നു പറഞ്ഞു.” 'എന്റെ അപ്പാ' എന്ന് യിസ്ഹാക്കും, 'എന്റെ മകനേ' എന്ന അബ്രഹാമും വിളിക്കത്തക്കവിധം അത്രയേറെ വൈകാരികമായ ഊഷ്മളമായ സ്നേഹബന്ധമായിരുന്നു അവർക്കിടയിൽ നിലനിന്നിരുന്നത്. ഈ അടുത്ത സ്നേഹബന്ധത്തിൽ നിന്നാണ് പിതാവിനോടുള്ള ബഹുമാനവും ആദരവും വേരുപിടിക്കുന്നത്.

രണ്ടോ മൂന്നോ അഥവാ അഞ്ചോ വയസ്സുള്ള കുഞ്ഞുങ്ങളെ മടിയിലിരുത്തി ലാളിച്ച് 'എന്റെ മകനേ' അഥവാ 'എന്റെ പൊന്നുമോളല്ലേ' എന്നൊക്കെ നാം പറഞ്ഞേക്കും. എന്നാലിവിടെ പതിനഞ്ചുവയസ്സെങ്കിലും പ്രായമുള്ള യിസ്ഹാക്കിനെയാണ് 'എന്റെ മകനേ' എന്ന് അബ്രഹാം വിളിക്കുന്നത് എന്നോർക്കണം. നമുക്കു സ്വയം പരിശോധിക്കാം: മക്കൾക്ക് ഇനിയും കുറേക്കൂടി ഏറെ വൈകാരികവും ഊഷ്മളവുമായ സ്നേഹം നാം പകർന്നു നൽകേണ്ടതല്ലേ? നമ്മുടെ ആൺമ

ക്കളും പെൺമക്കളും ഇപ്പോഴത്തേതിലുമധികം സ്നേഹവാത്സല്യങ്ങൾ അർഹിക്കുന്നവരല്ലേ? ഇക്കാര്യത്തിൽ വ്യക്തിപരമോ സാംസ്ക്കാരികമോ ആയ തടസ്സങ്ങളെ തട്ടിനീക്കി നാം മുമ്പോട്ടു പോകേണ്ടിയിരിക്കുന്നു.

ഊഷ്മളമായ സ്നേഹം മാത്രമല്ല, കരുണയും മനസ്സലിവും മാതാപിതാക്കളിൽ നിന്നു ലഭിക്കാൻ പുത്രീപുത്രന്മാർക്ക് അർഹതയുണ്ട്. ഒരു നല്ല പിതാവിന്റെ ഉത്തമഗുണമായി ഇതിനെ കാണാൻ കഴിയും. "അപ്പനു മക്കളോടു കരുണ തോന്നുന്നതു പോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു". (സങ്കീ. 103:13)അതേ, ഒരു പിതൃഹൃദയത്തിന്റെ ശരിയായ നിർവചനം ഇവിടെയുണ്ട്. മനസ്സലിവുള്ളതും, സഹനവും ക്ഷമയും ചേർന്ന സ്നേഹം നിറഞ്ഞതുമത്രേ അത്. ഇവ്വിധമുള്ള ക്ഷമിക്കുന്ന സ്നേഹമാണല്ലോ സ്വർഗ്ഗീയ പിതാവ് നമുക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

സകലവും സദാ ക്ഷമിക്കുന്ന ഈ സ്നേഹത്തിന്റെ ഒരു ഉത്തമദൃഷ്ടാന്തമാണ് ധൂർത്തപുത്രന്റെ പിതാവിൽ നമുക്കു കാണാൻ കഴിയുന്നത്. അപ്പൻ നൽകിയ സ്വത്തെല്ലാം നശിപ്പിച്ച് സ്വന്ത ജീവിതം തന്നെയും പാഴാക്കിക്കളഞ്ഞ ആ മകൻ മടങ്ങിയെത്തുന്ന ദൃശ്യം ഭാവനയിൽ കാണുക. ''ദൂരത്തു നിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്ന് അവന്റെ കഴുത്തു കെട്ടിപ്പിടിച്ച് അവനെ ചുംബിച്ചു" (ലൂക്കോ: 15:20) നോക്കുക, തന്റെ പുത്രന്റെ അനുതാപവാക്കുകൾ കേൾക്കാനോ വിലയിരുത്താനോ ആ നല്ല പിതാവ് കാത്തുനിൽക്കുന്നില്ല; അദ്ദേഹം അവനെ കുറ്റപ്പെടുത്തുകയോ ശാസിക്കുകയോ പരിഹസിക്കുകയോ ചെയ്യാതെ ക്ഷമയുടെയും മനസ്സലിവിന്റേയും കരങ്ങൾ നീട്ടി അവനെ ആലിംഗനം ചെയ്യുകയാണ്.

> **ഊഷ്മളമായ സ്നേഹം മാത്രമല്ല, കരുണയും മനസ്സലിവും മാതാപിതാക്കളിൽ നിന്നു ലഭിക്കാൻ പുത്രീപുത്രന്മാർക്ക് അർഹതയുണ്ട്. ഒരു നല്ല പിതാവിന്റെ ഉത്തമഗുണമായി ഇതിനെ കാണാൻ കഴിയും. "അപ്പനു മക്കളോടു കരുണ തോന്നുന്നതു പോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു". അതേ, ഒരു പിതൃഹൃദയത്തിന്റെ ശരിയായ നിർവചനം ഇവിടെയുണ്ട്.**

## പുത്രന്മാരും പുത്രിമാരും പ്രവചിക്കും

നമ്മുടെ വളർന്നു വരുന്ന ആൺമക്കളേയും പെൺമക്കളെയും കുറിച്ച് ദൈവത്തിന് ഉന്നതമായ ഉദ്ദേശ്യങ്ങളുണ്ടെന്ന് നാം തിരിച്ചറിയുന്നുണ്ടോ? ദൈവരാജ്യ വ്യാപനത്തിനായി വൻകാര്യങ്ങൾ ചെയ്യേണ്ടവരാണവർ. "അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങൾ ദർശിക്കും" (പ്രവൃ:2:17) അവരെ കേവലം കുഞ്ഞുങ്ങളായി മാത്രം കാണാതിരിക്കുക; വളർന്നു വലിയവരായി അവർ ക്രിസ്തുവിന്റെ ശക്തരായ സാക്ഷികളും വക്താക്കളുമായിത്തീരുമെന്നു വിശ്വസിക്കുക; വിശ്വാസത്തോടെ അവർക്കായി പ്രാർത്ഥിക്കുകയും ആ ലക്ഷ്യപ്രാപ്തിക്കായി അവരെ പരിശീലിപ്പിക്കുകയും ചെയ്യുക.

വളർന്നുവരുന്ന മക്കൾ മിക്കപ്പോഴും മാതാപിതാക്കളുടെ ജീവി





തലക്ഷ്യമാണ് കണ്ടു പഠിക്കുന്നത്. ധാരാളം പണമുണ്ടാക്കുക, ആഡംബരം നിറഞ്ഞ സുഖജീവിതം ആസ്വദിക്കുക, ബന്ധുക്കൾക്കിടയിലും സമൂഹത്തിലും സഭയിലും മാന്യത, അംഗീകാരം, സ്വാധീനം ഇവ നേടുക, മേമ്പൊടിയായി പ്രാർത്ഥനയും ഭക്തിയും ഉണ്ടായിരിക്കുക - ക്രിസ്തീയ വിശ്വാസികളിൽ ഭൂരിഭാഗവും ഇന്ന് ഈ നിലവാരത്തിലേക്ക് ഇറങ്ങിപ്പോക്കു നടത്തുകയാണ്. എങ്കിലും ഈ കാലഘട്ടത്തിലും വ്യത്യസ്തരായി നിലകൊള്ളുന്ന ഒരു ശേഷിപ്പ് ദൈവത്തിനുണ്ട് ഈ ലോകത്തിന് അനുരൂപരാകാതെ ഭൗതികനേട്ടങ്ങളിൽ മനസ്സുവെക്കാതെ 'ദൈവരാജ്യവും നീതിയും' ലക്ഷ്യമാക്കി മുമ്പോട്ടു പോകുന്നവർ. അപ്രകാരം ക്രിസ്തുവിനായി സമർപ്പിതരായിട്ടുള്ള മാതാപിതാക്കളേ, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും ദൈവത്തിന്റെ പ്രവാചകരായി എഴുന്നേൽക്കുമാറ് അവരെ സമർപ്പിച്ചു പ്രാർത്ഥിക്കുവിൻ! നിങ്ങൾ അവർക്കായി നിരന്തരം പ്രാർത്ഥിക്കുന്നത് അവർ കേൾക്കട്ടെ.

മറ്റൊരു സുപ്രധാനവസ്തുതകൂടി മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്: നിങ്ങളുടെ ജീവിതലക്ഷ്യം മക്കളോ കുടുംബമോ ആയിരിക്കരുത്. ക്രിസ്തുവിനെ നേടുക, അറിയുക, അവിടുത്തെ സ്വരൂപത്തോട് ഏകീഭവിക്കുക എന്നിവയാകട്ടെ നിങ്ങളുടെ ലക്ഷ്യം. യേശു പറഞ്ഞു: "എന്നെക്കാൾ അധികം മകനെയോ മകളെയോ.... പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല" (മത്താ. 10:37). ചിന്തിച്ചു നോക്കുക: ഈ വിഷയത്തിൽ നമുക്കു തിരുത്തലും മനംതിരിവും ആവശ്യമില്ലേ?

## നിങ്ങളുടെ ആൺമക്കൾ

ശക്തന്മാരും ധൈര്യശാലികളും നിശ്ചയദാർഢ്യമുള്ളവരുമായ ചുറുചുറുക്കുള്ള യുവാക്കളെയാണ് ഇന്നും ദൈവം അന്വേഷിക്കുന്നത്. അവരെ എങ്ങനെ ലഭിക്കുമെന്നല്ലേ? അവരെ അപ്രകാരം ഒരുക്കിയെടുക്കാനുള്ള ചുമതല ക്രിസ്തീയ മാതാപിതാക്കളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. വാസ്തവമിതാണ്: ദൈവം നമുക്കു കുഞ്ഞുങ്ങളായ ആൺകുട്ടികളെ നൽകുന്നു; അവരെ മേൽപറഞ്ഞ അളവിലുള്ള യുവാക്കളായി വളർത്തിയെടുക്കാൻ വേണ്ടി ദൈവഭക്തരായ മാതാപിതാക്കളെ ചുമതലയേൽപ്പിക്കുന്നു. അതേ, സ്വഭാവവൈശിഷ്ട്യമുള്ള യുവാക്കളെ തയ്യാർ ചെയ്യേണ്ടത് മാതാപിതാക്കൾ തന്നെയാണ്.

മാന്യരും സത്യസന്ധരുമായ പുരുഷന്മാരെ എപ്രകാരം വളർത്തിയെടുക്കാം എന്നതു സംബന്ധിച്ച് സദൃശവാക്യങ്ങളിൽ നിന്നുള്ള ഏതാനും നിർദ്ദേശങ്ങൾ നമുക്കു പരിശോധിക്കാം.

1. പഠനക്ഷമത : ദൈവിക ആലോചന, തിരുത്തൽ എന്നിവയെ എപ്രകാരം സ്വീകരിക്കണമെന്ന് നമ്മുടെ ആൺമക്കൾ ഗ്രഹിച്ചിരിക്കണം. "മകനേ, നിന്റെ അപ്പന്റെ കല്പന പ്രമാണിക്കുക; അമ്മയുടെ ഉപദേശം ഉപേക്ഷിക്കയുമരുത്" (സദൃ 6:20) പഠനക്ഷമതയുള്ള (teachable) മക്കൾക്കേ ഉത്തരവാദിത്വമുള്ള പുരുഷന്മാരായി വളരാൻ കഴിയൂ.

മറ്റൊരു നിർദ്ദേശം : "മകനേ, യഹോവയുടെ ശിക്ഷയെ നിരസിക്കരുത്; അവന്റെ ശാസനയിങ്കൽ മുഷിയുകയും അരുത്. അപ്പൻ ഇഷ്ടപുത്രനോടു ചെയ്യുന്നതുപോലെ യഹോവ താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു (സദൃ 3:11-12) ദൈവത്തോട് സംവേദനക്ഷമതയുള്ള (Sensitive) വരായി തങ്ങളുടെ പുത്രന്മാരെ പരിശീലിപ്പിക്കാനുള്ള ചുമതല മാതാപിതാക്കൾക്ക് വിശേഷാൽ പിതാവിനുണ്ട്. അവരിൽ ചെറുപ്പത്തിലേ ദൈവോന്മുഖമായുള്ള ഒരു മൃദുഹൃദയം വളർത്തി

ക്കൊണ്ടുവരാൻ ഉത്സാഹിക്കുന്ന ഒരു പിതാവ് വാസ്തവമായും അനുഗൃഹീതൻ തന്നെ.

ദൈവത്തിനും മനുഷ്യർക്കും മുമ്പിൽ ദുശ്ശാഠ്യവും മർക്കടമുഷ്ടിയുമുള്ള സ്വഭാവമല്ല ശരിയായ ആണത്തമെന്ന് അവർ പഠിച്ചിരിക്കണം. ആരെയും വകവെയ്ക്കാത്ത, ആരെയും കൂസാത്ത സ്വഭാവം തികച്ചും ബലഹീനവും തരംതാണതുമായ ഒന്നത്രേ. ദൈവമുമ്പാകെ മുറുക്കവും മാർദ്ദവവുമുള്ള ഒരു ഹൃദയമാണ് യഥാർത്ഥപുരുഷത്വത്തെ സൂചിപ്പിക്കുന്നത്. ആകയാൽ പിതാക്കന്മാരേ, ദൈവത്തിൽ നിന്നും മറ്റു മനുഷ്യരിൽ നിന്നും ബുദ്ധിയുപദേശങ്ങളും തിരുത്തലുകളും സ്വീകരിക്കാൻ ഒരുക്കമുള്ളവരാകുമാറ് നിങ്ങളുടെ പുത്രന്മാരെ പരിശീലിപ്പിക്കുവിൻ.

ദൈവിക ആലോചനകളെയും ശാസനകളെയും അവഗണിച്ച് മുമ്പോട്ടു പോകുകയും അതിന് കനത്തവില നൽകുകയും ചെയ്യേണ്ടി വന്ന നിരവധി പുരുഷന്മാരെ ബൈബിൾ ചൂണ്ടിക്കാട്ടുന്നു. ഏലിപുരോഹിതൻ, ആഖാൻ, ശൗൽ രാജാവ്, ഗേഹസി, യോനാപ്രവാചകൻ ഇവരെല്ലാം അക്കൂട്ടത്തിൽപ്പെടുന്നു.

ഇക്കാര്യത്തിൽ നിങ്ങളുടെ പുത്രന്മാരെ ഏപ്രകാരം നിങ്ങൾക്ക് സഹായിക്കാൻ കഴിയും? ഒന്നാമതായി ഒരു പിതാവ് എന്ന നിലയിൽ നിങ്ങൾ നൽകുന്ന ആലോചനകളും തിരുത്തലുകളും നന്നായി സ്വീകരിക്കാനും അതിനോട് ക്രിയാത്മകമായി പ്രതികരിക്കാനും അവരെ പഠിപ്പിക്കണം. അവയോടുള്ള നിസ്സംഗമനോഭാവം അഥവാ മറുതലിപ്പ് ഗൗരവമായ കുറ്റമായി അവരെ ബോധ്യപ്പെടുത്തുക. ആവശ്യമുള്ള പക്ഷം ശിക്ഷണ നടപടികൾ സ്വീകരിക്കാനും മടിക്കരുത്.

**ദൈവത്തിനും മനുഷ്യർക്കും മുമ്പിൽ ദുശ്ശാഠ്യവും മർക്കടമുഷ്ടിയുമുള്ള സ്വഭാവമല്ല ശരിയായ ആണത്തം. ദൈവമുമ്പാകെ മുറുക്കവും മാർദ്ദവതയുമുള്ള ഒരു ഹൃദയമാണ് യഥാർത്ഥ പുരുഷത്വത്തെ സൂചിപ്പിക്കുന്നത്. ആകയാൽ പിതാക്കന്മാരേ, ദൈവത്തിൽ നിന്നും മറ്റു മനുഷ്യരിൽ നിന്നും ബുദ്ധിയുപദേശങ്ങളും തിരുത്തലുകളും സ്വീകരിക്കാൻ ഒരുക്കമുള്ളവരാകുമാറ് നിങ്ങളുടെ പുത്രന്മാരെ പരിശീലിപ്പിക്കുവിൻ.**

രണ്ടാമതായി, മറ്റുള്ളവർ നൽകുന്ന തിരുത്തലുകളും നല്ല മനസ്സോടെ സ്വീകരിക്കാൻ പരിശീലനം നൽകുക. അധ്യാപകരോ പൊലീസ് ഉദ്യോഗസ്ഥരോ ഗവൺമെന്റ് അധികാരികളോ മേലുദ്യോഗസ്ഥരോ സഭയിലെ മൂത്ത സഹോദരങ്ങളോ ഒക്കെ ഇക്കൂട്ടത്തിൽപ്പെടും. ഒടുവിലായി ഒരു പിതാവെന്ന നിലയിൽ സ്വന്തം ജീവിതാനുഭവങ്ങളും അവരുമായി പങ്കുവയ്ക്കാൻ കഴിയും. തെറ്റുകളിലൂടെയും തോൽവികളിലൂടെയും നിങ്ങൾ പഠിച്ച വിലപ്പെട്ട പാഠങ്ങൾ അവർ കേൾക്കട്ടെ; അപ്പോൾ അവ ആവർത്തിക്കാതിരിക്കാനും ശരിയായ മാർഗ്ഗം തിരഞ്ഞെടുക്കാനും അവർക്കിടയാകും.

2. ആൾക്കൂട്ടത്തിൽ തനിയെ : സ്വന്തമായ നിലപാടിൽ ഉറച്ചു നിൽക്കാൻ നിങ്ങളുടെ മകനെ അഭ്യസിപ്പിക്കുക. ഇന്നത്തെ ദുഷിച്ച ലോകവ്യവസ്ഥിതിയിൽ, വ്യത്യസ്തനായ ഒരു വ്യക്തിയായി ഒരു ക്രിസ്ത്യാനിയായി – നിങ്ങളുടെ പുത്രൻ നിൽക്കേണ്ടതുണ്ട്. തിരുവെഴുത്ത് എന്തു പറയുന്നെന്നു ശ്രദ്ധിക്കാം.





"മകനെ, പാപികൾ നിന്നെ വശീകരിച്ചാൽ വഴിപ്പെട്ടു പോകരുത്. മകനേ, നീ അവരുടെ വഴിക്കു പോകരുത്; നിന്റെ കാൽ അവരുടെ പാതയിൽ വയ്ക്കുകയുമരുത്. അവരുടെ കാൽ ദോഷം ചെയ്യാൻ ഓടുന്നു. രക്തം ചൊരിയിപ്പാൻ അവർ ബദ്ധപ്പെടുന്നു."(സദൃ.1:10,15,16)

പാപപ്രലോഭനങ്ങൾ നിറഞ്ഞ ഒരു ലോകവ്യവസ്ഥിതിയിലാണ് നമ്മുടെ പുത്രന്മാർ ആയിരിക്കുന്നത്. പ്രലോഭനങ്ങളും വശീകരണങ്ങളും നിശ്ചയമായും അവർ നേരിടേണ്ടിവരും. എന്നാൽ അവയോട് സമ്മതം മൂളാതെ എതിർത്തുനിൽക്കാനുള്ള ബോധനമാണ് അവർക്കാവശ്യം. ഒഴുക്കിനെതിരെ നീന്താനുള്ള ശേഷിയും പരിശീലനവും നാമവർക്കു ലഭ്യമാക്കണം.

കൂട്ടുകാരെല്ലാം (സഹപാഠികൾ) പരീക്ഷയിൽ കോപ്പിയടിക്കുന്നു, അധ്യാപകരെ പരിഹസിക്കുന്നു, സമരങ്ങളിൽ പങ്കുചേരുന്നു, സിനിമയ്ക്കു പോകുന്നു, പെൺകുട്ടികളെ കമന്റടിക്കുന്നു, മദ്യമോ മയക്കുമരുന്നുകളോ ഉപയോഗിക്കുന്നു. "ഇല്ല, ഞാനിതിൽ പങ്കെടുക്കുന്നില്ല" എന്ന് സധൈര്യം ഒരു നിലപാടെടുത്തുകൊണ്ട് നിങ്ങളുടെ മകൻ ഒറ്റയ്ക്കു നിൽക്കുമോ? ഇക്കാലത്ത് കൂട്ടുകാരുടെ സമ്മർദ്ദം കുട്ടികളുടെ മേൽ അതിശക്തമാണ് "ഇല്ല" എന്നു ധൈര്യത്തോടെ പറയാനും മാറിനിൽക്കാനുമുള്ള ചങ്കൂറ്റവും പരിശീലനവുമാണ് അവർക്കാവശ്യം.

മറ്റാരുമായും ബന്ധമില്ലാതെ, ആരോടും സംസാരിക്കാതെ മറ്റുള്ളവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാതെ നിങ്ങളുടെ പുത്രന്മാർ താപസന്മാരെപ്പോലെ മനുഷ്യരിൽ നിന്ന് അകന്നു നിൽക്കണമെന്നല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം. ഒരിക്കലുമല്ല! ക്രിസ്തീയ മൂല്യങ്ങൾക്കു നിരക്കാത്ത തെറ്റായ കാര്യങ്ങളിൽ ഇടപെടാതെ, കൂട്ടുകാരുടെ സമ്മർദ്ദത്തെ അതിജീവിച്ച് ക്രിസ്തുവിന്റെ സത്യസാക്ഷികളായി നേരേ നിൽക്കാനുള്ള തന്റേടവും ദർശനവും അവർക്കുണ്ടാകണം – അതിനുള്ള പരിശീലനം മാതാപിതാക്കൾ നൽകണം.

**കൂട്ടുകാരെല്ലാം പരീക്ഷയിൽ കോപ്പിയടിക്കുന്നു, അധ്യാപകരെ പരിഹസിക്കുന്നു, സമരങ്ങളിൽ പങ്കുചേരുന്നു, സിനിമയ്ക്കു പോകുന്നു, പെൺകുട്ടികളെ കമന്റടിക്കുന്നു, മദ്യമോ മയക്കുമരുന്നുകളോ ഉപയോഗിക്കുന്നു. "ഇല്ല, ഞാനിതിൽ പങ്കെടുക്കുന്നില്ല" എന്ന് സധൈര്യം ഒരു നിലപാടെടുത്തുകൊണ്ട് നിങ്ങളുടെ മകൻ ഒറ്റയ്ക്കു നിൽക്കുമോ? "ഇല്ല" എന്നു ധൈര്യത്തോടെ പറയാനും മാറിനിൽക്കാനുമുള്ള ചങ്കൂറ്റവും പരിശീലനവുമാണ് അവർക്കാവശ്യം.**

ഇതു സംബന്ധിച്ച ചില പ്രായോഗിക നിർദ്ദേശങ്ങൾ ഇതാ:

a. നല്ല കൂട്ടുകാരെ എങ്ങനെതിരിച്ചറിയും? നിങ്ങളുടെ സ്വന്ത അനുഭവത്തിൽ നിന്നും തിരുവെഴുത്തുകളിൽ നിന്നും മഹാന്മാരുടെ ജീവചരിത്രങ്ങളിൽ നിന്നും ഒക്കെ ചൂണ്ടിക്കാണിച്ചുകൊണ്ട് കുട്ടികൾക്ക് ബോധനം നൽകാവുന്നതാണ്. കാരണം, നല്ല സുഹൃത്തുക്കളെ കണ്ടെത്താൻ മിക്ക കുട്ടികൾക്കും അറിഞ്ഞുകൂടാ. മിക്കപ്പോഴും പുറമേയുള്ള ചില കഴിവുകളോ താലന്തുകളോ കണ്ട് അവർ പെട്ടെന്ന് ആകൃഷ്ടരാവുകയാണ് പതിവ്. പല കുട്ടികളും അജ്ഞത നിമിത്തമാണ് ചീത്ത കൂട്ടുകെട്ടിൽ അകപ്പെടുന്നത്. ആകയാൽ നല്ല കൂട്ടുകാർക്കുണ്ടായിരിക്കേണ്ട സ്വഭാവ സവിശേഷതകൾ, മര്യാദ എന്നിത്യാദികാര്യങ്ങൾ കുട്ടികളെ യഥാസമയം അഭ്യസിപ്പിക്ക

ണം.

b. തെറ്റുചെയ്യുന്നതിന്റെ ദോഷവശങ്ങൾ, പ്രത്യാഘാതങ്ങൾ ഇവയെപ്പറ്റിയെല്ലാം മക്കൾക്ക് ഗൗരവമായ രീതിയിൽ മുന്നറിയിപ്പു നൽകുക. ദോഷപ്രവൃത്തികളെ ദൈവം ശിക്ഷിക്കാതെ വിടുകയില്ല; തെറ്റുകൾക്ക് മാതാപിതാക്കളിൽ നിന്നും കർശനമായ ശിക്ഷ ലഭിക്കും; രാജ്യത്തിന്റെ നിയമങ്ങളും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തുന്നു ഉചിതമായ ദൃഷ്ടാന്തങ്ങളും കഥകളും സ്വന്ത അനുഭവങ്ങളുമെല്ലാം ചേർത്ത് കുട്ടികളുടെ മനസ്സിൽ മായാതെ പതിയത്തക്കവിധം പറഞ്ഞു കൊടുക്കുക.

c. ദൈവഭക്തരുടെ/ മഹാന്മാരുടെ ജീവചരിത്രങ്ങൾ ധാരാളമായി കുട്ടികൾ വായിച്ചുവളരാൻ അനുവദിക്കുക. "ജ്ഞാനികളോടു കൂടെ നടക്കുക; നീയും ജ്ഞാനിയാകും'' (സദൃ.3:20) കുഞ്ഞുങ്ങൾക്ക് ചിത്രകഥകൾ നൽകി ഇത് ആരംഭിക്കാം. സ്പോർട്സ് താരങ്ങൾ, സൈന്യാധിപന്മാർ, സാഹസിക വീരന്മാർ, മഹാന്മാരായ നേതാക്കൾ, മിഷണറി വീരന്മാർ ഇവരുടെയൊക്കെ ജീവചരിത്രങ്ങൾ ആൺകുട്ടികൾക്ക് പ്രത്യേകഹരമാണ്, ആവേശമാണ്. ഇടയ്ക്കിടെ ഇത്തരം പുസ്തകങ്ങൾ അവർക്ക് സമ്മാനമായി നൽകുക; അതിനു മുടക്കുന്ന പണം ഒരിക്കലും വ്യർത്ഥമാവുകയില്ല - അത് വിവേകപൂർണ്ണമായ മൂലധനനിക്ഷേപം തന്നെയാണ്.

d. പ്രലോഭനങ്ങൾക്കെതിരെ ചങ്കുറപ്പോടെ നിൽക്കാൻ നിങ്ങളുടെ പുത്രന്മാർക്ക് പരിശീലനം നൽകണം. വിവിധ പ്രലോഭനങ്ങളെ സംബന്ധിച്ചാണ് സദൃശവാക്യങ്ങളിൽ ശലോമോൻ യുവാക്കൾക്ക് മുന്നിയിപ്പു നൽകുന്നത് - എതിർലിംഗത്തിൽപ്പെട്ടവർ, മദ്യപാനം. ''മകനേ.. ജ്ഞാനത്തെ ശ്രദ്ധിച്ച് എന്റെ പ്രബോധനത്തിനു ചെവിചായിക്കുക. പരസ്ത്രീയുടെ അധരങ്ങളിൽ നിന്ന് തേൻ ഇറ്റിറ്റുവീഴുന്നു; അവളുടെ അണ്ണാക്ക് എണ്ണയെക്കാൾ മൃദുവാകുന്നു ". (സദൃ 5:1-3)

**ഇന്ന് പല ജനസമൂഹങ്ങളിലും സ്ത്രീകൾ രണ്ടാം കിട പൗരന്മാരെപ്പോലെയാണ്; അവർക്ക് മൗലിക അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. എന്നാൽ ക്രിസ്തീയ വിശ്വാസത്തിൽ ആൺ-പെൺ ചേരിതിരിവിന് പ്രസക്തി തീരെയില്ല; ഇരുകൂട്ടരുടെയും ആത്മാക്കൾ ഒരുപോലെ ദൈവത്തിനു വിലപ്പെട്ടതാണ്. അതുകൊണ്ട് ക്രിസ്തീയ മാതാപിതാക്കൾ പെൺകുട്ടികളെ ഒരുവിധത്തിലും അവഗണിക്കാതിരിക്കാൻ കരുതിക്കൊള്ളണം.**

എന്തുകൊണ്ടാണ് ചെറുപ്പക്കാർ പലരും വിവാഹപൂർവ ശാരീരിക ബന്ധങ്ങളിൽ ഏർപ്പെടാൻ ഇടയാകുന്നത്? കാരണങ്ങൾ പലതുണ്ടാകാമെങ്കിലും ഒരു സുപ്രധാനകാരണം ഇക്കാര്യങ്ങളെപ്പറ്റി മാതാപിതാക്കൾ അവരോട് സംസാരിക്കുകയോ മുന്നറിയിപ്പുകൾ നൽകുകയോ ചെയ്തിട്ടില്ല എന്നതാണ്. 'ഒടുവിൽ എല്ലാം താനേ ശരിയായിക്കൊള്ളും' എന്നവർ തങ്ങളുടെ ഭോഷത്തത്തിൽ ഭാവന ചെയ്യുകയാണ്.

മക്കൾ കൗമാരഘട്ടത്തിലെത്തുമ്പോൾ മുതൽ ശാരീരിക ആസക്തികൾ, വൈകാരികസംഘർഷങ്ങൾ എന്നിവയുടെ സമ്മർദ്ദം അവർക്കുമേൽ പിടിമുറുക്കാൻ തുടങ്ങും. ലൈംഗിക ഉത്തേജനം, ലൈംഗിക വികാരങ്ങൾ ഇവയൊക്കെ സ്വാഭാവികമാണ്, പാപകരമല്ല എന്ന അറിവാണ് മാതാപിതാക്കൾ ആദ്യം അവരുമായി പങ്കുവെക്കേണ്ടത്. സ്ത്രീപുരുഷ ശരീരഘടന, ലൈംഗികത എന്നിവയെപ്പറ്റി





യെല്ലാം അമ്മയപ്പന്മാർ തന്നെയാണ് മക്കൾക്ക് അഭ്യസനം നൽകേണ്ടത്. നിങ്ങൾ ഇക്കാര്യത്തിൽ അതീവ ലജ്ജയുള്ളവരാണെങ്കിൽ കുറഞ്ഞ പക്ഷം ഈ വസ്തുതകളടങ്ങിയ നല്ല പുസ്തകങ്ങളെങ്കിലും വായിക്കാൻ അവർക്ക് വാങ്ങിക്കൊടുക്കണം. അല്ലാത്തപക്ഷം തെറ്റായ ഇടങ്ങളിൽ നിന്ന് കാര്യങ്ങൾ അവർ തെറ്റായ രീതിയിൽ ഗ്രഹിക്കുകയും ഒടുവിൽ തെറ്റായ വഴികളിലേക്ക് പോകുകയും ചെയ്തെന്നു വരാം.

ആൺകുട്ടികൾക്ക് ലൈംഗികാസക്തിയുടെ തുടക്കം കാഴ്ചയിലൂടെയും ചിന്തകളിലൂടെയുമാകയാൽ ഈ മേഖലയിലെ പ്രലോഭനങ്ങളെ നേരിടാൻ അവർ കണ്ണുകളെയും ചിന്തകളെയും നിയന്ത്രിക്കാൻ പഠിക്കേണ്ടതാണ്. മോഹദൃഷ്ടിയോടെ സ്ത്രീകളെ നോക്കുന്നത്, ഹൃദയത്തിലെ വ്യഭിചാരം, അശ്ലീല പുസ്തക- മാസികകൾ, അശ്ലീല ചിത്രങ്ങൾ, സിനിമ ഇന്റർനെറ്റ് ഇവയുടെയൊക്കെ അപകടസാധ്യത വളരെ ഗൗരവത്തോടെ മാതാപിതാക്കൾ ആൺമക്കളെ പറഞ്ഞു മനസ്സിലാക്കണം.

"സകല ജാഗ്രതയോടും കൂടെ ചിന്താമണ്ഡലത്തെ നിർമ്മലമായി, പവിത്രമായി കാത്തുകൊള്ളുവിൻ'' (സദൃ 4:23) മാതാപിതാക്കൾ ആൺകുട്ടികളെ വിശേഷാൽ ബുദ്ധിയുപദേശിച്ചുകൊണ്ടിരിക്കണം. എപ്രകാരമെല്ലാമുള്ള ചിന്തകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്? "സത്യമായത് എന്തെല്ലാമോ, മാന്യമായത് എന്തെല്ലാമോ, ശരിയായത് എന്തെല്ലാമോ, സൽപേരുള്ളത് എന്തെല്ലാമോ, മേന്മയുള്ളതും പ്രശംസാർഹവും എന്തെല്ലാമോ ഇവയെല്ലാം ചിന്തിച്ചുകൊള്ളുവിൻ" (ഫിലി 4:8 സ്വതന്ത്ര വിവർത്തനം.)

ഹൃദയത്തിലുള്ള ദൈവഭയമാണല്ലോ ദോഷംവിട്ടകലാൻ സഹായകമാകുന്നത്. ഇയ്യോബും യോസേഫും പ്രലോഭനങ്ങളെ അതിജീവിച്ചത് ദൈവഭയത്താൽ ആയിരുന്നു. എന്നാൽ ദാവീദ്, ശാലോമോൻ, ശംശോൻ മുതലായവർ പ്രലോഭനങ്ങൾക്കടിമകളായി. തുടർച്ചയായുള്ള, സ്നേഹം നിറഞ്ഞ മുന്നറിയിപ്പുകൾ മക്കൾക്ക് വളരെ ഗുണം ചെയ്യും.

**നിങ്ങളുടെ പെൺമക്കൾ :**

"സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട'' എന്നു സാധാരണ പറയാറുണ്ടല്ലോ. നിങ്ങളുടെ പെൺമക്കൾ നഷ്ടപ്പെട്ടു പോകാൻ സാധ്യതയുള്ളവരാണ്. എന്നാൽ നിങ്ങളവർക്ക് വേണ്ടത്ര ശ്രദ്ധയും നല്ല പരിശീലനവും നൽകിയാൽ ദുഃഖിക്കേണ്ടി വരില്ല.

ഇന്ന് പല ജനസമൂഹങ്ങളിലും സ്ത്രീകൾ രണ്ടാം കിട പൗരന്മാരെപ്പോലെയാണ്; അവർക്ക് മൗലിക അവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. എന്നാൽ ക്രിസ്തീയ വിശ്വാസത്തിൽ ആൺ-പെൺ ചേരിതിരിവിന് പ്രസക്തി തീരെയില്ല; ഇരുകൂട്ടരുടെയും ആത്മാക്കൾ ഒരുപോലെ ദൈവത്തിനു വിലപ്പെട്ടതാണ്. ദൈവപ്രസാദം നേടാനുള്ള സാധ്യത ഇരുകൂട്ടർക്കും തുല്യമായിട്ടാണുള്ളത്. ശരീരഘടന, വൈകാരിക തലങ്ങൾ, പ്രവൃത്തികൾഎന്നിവയിൽ മാത്രമാണ് വ്യത്യാസങ്ങൾ. അതുകൊണ്ട് ക്രിസ്തീയ മാതാപിതാക്കൾ പെൺകുട്ടികളെ ഒരുവിധത്തിലും അവഗണിക്കാതിരിക്കാൻ കരുതിക്കൊള്ളണം.

ഉത്തമ മാതൃകകൾ ആയി പ്രശോഭിച്ച നിരവധി വനിതകളെ ബൈബിളിൽ കാണാം. രൂത്ത്, എസ്ഥേർ ദെബോരാ, അബീഗയിൽ, യേശുവിന്റെ അമ്മയായ മറിയ, ബേഥാന്യയിലെ മറിയ, പ്രിസ്കില്ല, ഫിലിപ്പോസിന്റെ പുത്രിമാർ എന്നിങ്ങനെ എത്രയോ പേർ, നെഹെമ്യാവിന്റെ നേതൃത്വത്തിൽ യെരുശലേമിന്റെ

മതിൽ പണിയുമ്പോൾ "യെരുശലേം ദേശത്തിന്റെ പ്രഭുവായ ഹല്ലോഹേശിന്റെ മകൻ ശല്ലൂമും അവന്റെ പുത്രിമാരും ചേർന്ന് ഒരു ഭാഗം അറ്റകുറ്റം തീർത്തു" (നെഹ 3:12 ) എന്നു വായിക്കുന്നു. നോക്കുക പ്രഭുകുടുംബത്തിലെ പെൺകുട്ടികളുടെ ഉത്സാഹത്തോടെയുള്ള നല്ല പ്രവൃത്തിയെ വിട്ടുകളയാതെ ദൈവാത്മാവ് രേഖപ്പെടുത്തി വച്ചിരിക്കുന്നു.

എന്നാൽ ഏതാണ്ടൊരു നൂറു വർഷങ്ങൾക്കു മുമ്പ് സ്ഥിതി ഇങ്ങനെയായിരുന്നില്ല. എഴുപതു വർഷത്തെ ബാബിലോൺ പ്രവാസത്തിനു മുമ്പുള്ള യെരുശലേമിലെ ചെറുപ്പക്കാരികളെപ്പറ്റി യെശയ്യാവ് വിവരിക്കുന്നു: "സീയോൻ പുത്രിമാർ നിഗളിച്ചു കഴുത്തുനീട്ടിയും എറികണ്ണിട്ടും കൊണ്ട് സഞ്ചരിക്കുകയും തത്തിത്തത്തി നടക്കുകയും കാൽകൊണ്ട് ചിലമ്പൊലി കേൾപ്പിക്കുകയും ചെയ്യുന്നു... (യെശ 3: 16- 24) ദൈവികമായ ജീവിതമൂല്യങ്ങൾ യഥാസമയം നമ്മുടെ പെൺമക്കളെ അഭ്യസിപ്പിക്കാതിരുന്നാൽ അവർ നിഗളികളും ഭോഷത്തം നിറഞ്ഞവരുമായിത്തീരും; അനുഗ്രഹത്തിനു പകരം ശാപം കൊണ്ടുവരും.

വ്യത്യസ്ത സ്വഭാവക്കാരായ സ്ത്രീകളെക്കുറിച്ച് സദൃശവാക്യങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. അവയിലേക്കൊരെത്തിനോട്ടം നടത്തുന്നത് പെൺമക്കൾക്കു ശ്രദ്ധ നൽകുന്ന കാര്യത്തിൽ മാതാപിതാക്കൾക്കു സഹായകമാകും.

**1. ഭോഷത്തമുള്ളതും ജ്ഞാനമുള്ളതും**

വിഭിന്നധ്രുവങ്ങളിൽ നിൽക്കുന്ന രണ്ടു സ്ത്രീകളെക്കുറിച്ചാണ് സദൃ 14: 1- ൽ കാണുന്നത്. സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടു പണിയുന്നു; ഭോഷത്തമുള്ളവളോ അതു സ്വന്തകൈകളാൽ പൊളിച്ചുകളയുന്നു". ഭോഷത്തമുള്ള സ്ത്രീ ഒറ്റദിവസം കൊണ്ടല്ല രൂപപ്പെട്ടുവരുന്നത്; ഒരിക്കൽ അവൾ ഭോഷത്തം നിറഞ്ഞ ഒരു മകളായിരുന്നു. വിവേകം കൈക്കൊള്ളാൻ വിസമ്മതിച്ചുകൊണ്ട് തന്റെ ഭോഷത്തത്തിൽ വളർന്നു വളർന്ന് ഇന്നവൾ ഭോഷത്തം നിറഞ്ഞ സ്ത്രീയായിത്തീർന്നു. അവളുടെ മാതാപിതാക്കൾ യഥാസമയം ഇടപെടുകയോ വിവേകത്തിന്റെ വഴിയിൽ അവളെ നയിക്കുകയോ ചെയ്തില്ല. എത്ര ദയനീയം!

ഇയ്യോബിന്റെ ഭാര്യയെപ്പറ്റി ചിന്തിക്കുക. സ്വത്തും മക്കളും ഭർത്താവിന്റെ ആരോഗ്യവും നഷ്ടപ്പെട്ടപ്പോൾ അവളുടെ ഭോഷത്തം വെളിവായി. അവൾ ഭർത്താവിനോടു പറഞ്ഞു "ദൈവത്തെ ശപിച്ചിട്ട് നീ സ്വയം ജീവനൊടുക്കുക" അതിന് ഇയ്യോബിന്റെ മറുപടി "ഒരു പൊട്ടി (ഭോഷത്തം നിറഞ്ഞവൾ foolish woman) സംസാരിക്കുന്നതുപോലെ നീ സംസാരിക്കുന്നു.." (ഇയ്യോ: 2:10) ദൈവവഴികളെ ഗ്രഹിക്കാതെ, ദൈവത്തെയും മറ്റുള്ളവരെയും കുറ്റപ്പെടുത്തുന്ന പ്രകൃതം- അത് ഭോഷത്തത്തിന്റെ അടയാളമാകുന്നു.

നിങ്ങളുടെ പെൺമക്കൾ ഭോഷത്തമുള്ളവരാണോ എന്ന് എങ്ങനെ തിരിച്ചറിയും? താഴെപ്പറയുന്ന വചനങ്ങൾ ശ്രദ്ധിക്കുക: ഭോഷത്തമുള്ളവൾ കോലാഹലപ്രിയയാണ് (boisterous) (സദൃ 9:13) അവൾ ശണ്ഠകൂടുന്ന പ്രകൃതക്കാരിയാണ് - (സദൃ20:3) അവൾ അനുസരണമില്ലാത്തവളും പിണങ്ങുന്നവളുമാണ് (തീത്തൊ 3:3) പെട്ടെന്ന് കോപിക്കുന്നവളാണ് (സഭാ 7:9) ഇവ്വിധമുള്ള സ്വഭാവ വൈകൃതങ്ങൾ നിങ്ങളുടെ പെൺകുട്ടിയിൽ കാണാനുണ്ടെങ്കിൽ അവൾ ഭോഷത്തമുള്ളവൾ എന്നുറപ്പിക്കാം. എന്താണിതിന് പരിഹാരമാർഗ്ഗം? മൂന്നു മാർഗ്ഗങ്ങളുണ്ട്, ഒന്ന്: പ്രാർത്ഥിക്കുക, രണ്ട്: ബുദ്ധിയു





പദേശം നൽകുക. മൂന്ന്: സദൃ: 26-3ൽ നോക്കുക: 'കുതിരയ്ക്കുചമ്മട്ടി, കഴുതയ്ക്കു കടിഞ്ഞാൺ, മൂഢന്മാരുടെ മുതുകിനു വടി'.

ജ്ഞാനമുള്ളവളാകട്ടെ തന്റെ ഭവനം പണിയുന്നു (സദൃ 14: 1) അവൾ നശിപ്പിക്കുന്നവളല്ല, പണിയുന്നവളാണ്. ദാവീദിന്റെ ഭാര്യയായിത്തീർന്ന അബീഗയിലിനെപ്പറ്റി തിരുവെഴുത്തു പറയുന്നു " അവൾ വിവേകമുള്ളവളും സുന്ദരിയും ആയിരുന്നു" (1ശമു 25: 3). ദൈവം കാണുന്നതുപോലെ ജീവിതത്തെ നോക്കിക്കാണാൻ കഴിവുള്ളവളാണ് വാസ്തവത്തിൽ വിവേകശാലിനി.

സദൃ: 31: 10 - 31 വാക്യങ്ങളിൽ സമർത്ഥ്യമുള്ള ഭാര്യയെപ്പറ്റി അവൾ വിലയേറിയ ഒരു അപൂർവ്വനിധിയാണ്; അവളെ വിശ്വസിക്കാം; അവൾ അത്യുത്സാഹിയാണ് കുടുംബത്തിന്റെ കാര്യം നോക്കുന്നവളാണ്. അവൾ അതിരാവിലെ ഉണരുന്നു, കഠിനാധ്വാനം ചെയ്യുന്നു, കരുണയുള്ളവളാണ്; പണം കൈകാര്യം ചെയ്തു പരിചയമുണ്ട്. എത്ര മനോഹരമായ ഒരു വ്യക്തിത്വം! ക്രിസ്തീയ മാതാപിതാക്കളേ, നിങ്ങളുടെ പെൺമക്കൾക്ക് വിവേകവതിയായ ഈ നല്ല ചെറുപ്പക്കാരിയെ നന്നായി പരിചപ്പെടുത്തുക. അവരും പരിജ്ഞാനമുള്ളവരായി കാര്യപ്രാപ്തിയുള്ളവരായി വളർന്നുവരട്ടെ.

**2. കലഹിക്കുന്നവളും ലാവണ്യവതിയും**

കലഹക്കാരിയും ശണ്ഠയിടുന്നവളും പെട്ടെന്ന് കോപിക്കുന്നവളുമായ സ്ത്രീയെക്കുറിച്ച് (ഭാര്യ) സദൃശവാക്യങ്ങളിൽ നിരവധി വിവരണങ്ങൾ കാണാം. (സദൃ : 19:13; 21:9,19;27:15- 16 നോക്കുക) രക്ഷിക്കപ്പെട്ടവരും സ്നാനപ്പെട്ടവരും പുറമേ ഭക്തിമര്യാദകൾ പ്രകടിപ്പിക്കുന്നവരുമായ പല സ്ത്രീകളും വീട്ടിൽ മേല്പടി സ്വഭാവക്കാരാണെന്നത് പരിതാപകരം തന്നെ. എന്താണിതിനു കാരണം? ചെറുപ്രായത്തിൽത്തന്നെ കുട്ടികളുടെ പിടിവാശി നിറഞ്ഞ 'സ്വയം' തകർക്കപ്പെടേണ്ടതുണ്ട്. ഇതു സംഭവിക്കാത്ത പക്ഷം മുതിർന്നുവന്നതിനുശേഷം മറ്റാർക്കും അവർ വിധേയപ്പെടുകയില്ല, കീഴ്പ്പെടാൻ കൂട്ടാക്കുകയില്ല. മിക്കപ്പോഴും പെൺമക്കൾക്ക് അമ്മമാരിൽ നിന്നാവും ഈ സ്വഭാവം പകർച്ചയായി ലഭിച്ചിട്ടുള്ളത്. കുട്ടികളുടെ ദുശ്ശാഠ്യം, പിടിവാശി ഇത്യാദികളെ മുളയിലേ നുള്ളിക്കളയേണ്ടതാണ് കർശനമായിത്തന്നെ. മുതിർന്ന കുട്ടികളാണെങ്കിൽ വളരെ പ്രാർത്ഥനയോടും ക്ഷമയോടും സ്നേഹത്തോടുംകൂടെ വേണം കൈകാര്യം ചെയ്യാൻ. ദൈവത്തിന് ഒന്നും അസാധ്യമല്ലല്ലോ.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി സദൃ11:16 ൽ ലാവണ്യമുള്ള സ്ത്രീയെ കാണുന്നു. "ലാവണ്യമുള്ള സ്ത്രീ മാന്യത നേടുന്നു. ലാവണ്യം എന്നാൽ എന്താണ്? അനുകമ്പയുള്ള, ഉദാരമതിയായ. നല്ല പെരുമാറ്റരീതിയുള്ള, രുചികരമായ എന്നൊക്കെയാണ് അതിനർത്ഥം. ഒരു പെൺകുട്ടിയുടെ ലാവണ്യം അവളുടെ അധരങ്ങളിലൂടെയും (വാക്കുകൾ) ആകാരത്തിലൂടെയും (മര്യാദ) മനോഭാവത്തിലൂടെയും പ്രകടമാകും; അവൾ മറ്റുള്ളവരോടു കാട്ടുന്ന കരുതലും പരിഗണനയും അതു വെളിവാക്കും. അതേ, നമ്മുടെ പുത്രിമാർ ലാവണ്യവതികളായി വളർന്നുവരാൻ നാം കൈത്താങ്ങൽ നൽകുക.

**3. മോഹപരവശയും സുശീലയും**

പെൺമക്കളുടെ വസ്ത്രധാരണരീതി. അതിർവിട്ട അസാധാരണമായ സൗന്ദര്യബോധം, ലോകമനുഷ്യ

(ശേഷം പേജ് 42ൽ)

വചനം

അന്ത്യകാലസഭയ്ക്കുള്ള മുന്നറിയിപ്പുകൾ -2

# പീഢനം സഹിക്കാൻ ഒരുങ്ങിക്കൊൾക

സാക് പുന്നൻ



**നിങ്ങളെ ദ്രോഹിക്കുവാനായി ആളുകൾ നിങ്ങൾക്കെതിരെ ഗൂഢപദ്ധതിയുണ്ടാക്കിയാൽ നിങ്ങൾ വ്യാകുലപ്പെടേണ്ട. ദൈവം നിങ്ങളെ നോക്കിക്കൊള്ളും.**

എതിർക്രിസ്തുവിന്റെ ആത്മാവിനു അധീനരായവർ ആളുകളെ തങ്ങളിലേക്കുതന്നെ ആകർഷിക്കുവാനായി മൃദുലവാക്കുകൾ (മുഖസ്തുതി) ഉപയോഗിക്കുമെന്നു ദാനിയേൽ 11:32-ൽ നാം വായിക്കുന്നു. എല്ലാ കള്ളപ്രവാചകന്മാരിലും കാണപ്പെടുന്ന മാറ്റമില്ലാത്ത ഏകസവിശേഷത മുഖസ്തുതികളാണ്. ഈ കള്ളപ്രവാചകന്മാർ മുഖസ്തുതി പ്രയോഗിക്കുന്നതു ആളുകളെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കുവാനോ സ്വന്തസാമ്രാജ്യം പടുത്തുയർത്തുവാനോ ബഹുമാനം ലഭിക്കുവാനോ പണം സമ്പാദിക്കുവാനോ ഒക്കെ ആയിരിക്കും. ഇവരിൽ പലരും ആളുകളെ തങ്ങളുടെ പിടിയിൽ നിർത്തുവാൻ വേണ്ടി അവരുമായി വിശ്വസ്തതയോടെ എഴുത്തുകുത്തിൽ ഏർപ്പെടുന്നു. എന്നാൽ വെളിപ്പാട് 2,3 എന്നീ അധ്യായങ്ങളിലും ലേഖനങ്ങളിലും കാണുന്ന ശാസനയുടെയും തെറ്റുതിരുത്തലിന്റെയും വാക്കുകൾ ഈ ലേഖനങ്ങളിൽ കാണുകയില്ല. നേരേമറിച്ച് അഭിനന്ദനം, പ്രശംസ, മുഖസ്തുതി എന്നിവയുടെ വാക്കുകൾ മാത്രമേ ഇവയിൽ കാണുകയുള്ളു.

ഇത്തരം മൃദുലവാക്കുകൾ നിങ്ങളുടെ ഹൃദയത്തെ അഹങ്കാരവും സ്വയംസംതൃപ്തിയും കൊണ്ടു മലിനമാക്കുമ്പോൾ കർത്താവ് നിങ്ങളുടെ ഹൃദയത്തെ മാലിന്യം നീക്കി ശുദ്ധീകരിക്കും. തനിക്കു പ്രിയമുള്ളവരെ ഒക്കെയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്ന (വെളി 3:19) ശാസന ദൈവസ്നേഹത്തിന്റെ ഒരടയാളമാണ്.

ദൈവം നമ്മെ ശാസിക്കുവാനായി





ഒരു പ്രവാചകനെ നമ്മുടെ അടുക്കലേക്കയയ്ക്കുമ്പോൾ അതു ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. ദൈവം ഒരു സഭയെ ഉപേക്ഷിച്ചുകളയുമ്പോൾ അതിനെ ശാസിക്കുന്ന ഒരു പ്രവാചകനെയും അവരുടെ മധ്യത്തിൽ പിന്നെ കാണുകയില്ല (സങ്കീ 74:1,9) പകരം മധുരവാക്കുകൾ സംസാരിക്കുന്ന പ്രവാചകരായിരിക്കും അവിടെ ഉണ്ടാവുക. (2 തിമൊ. 4:3,4) ഏതു ദൈവജനങ്ങൾക്കും സംഭവിക്കാവുന്ന ഒരു ദയനീയ സ്ഥിതിയാണിത്.

വെളിപ്പാട് രണ്ടും മൂന്നും അധ്യായങ്ങളിൽ അവിടെയുള്ള ഏഴു സഭകളിൽ അഞ്ചും മോശമായ അവസ്ഥയിലായിരുന്നുവെങ്കിലും ദൈവം അന്നുവരെയും അവരെ ഉപേക്ഷിച്ചിരുന്നില്ലെന്നു നാം കാണുന്നു. ഒരു പ്രവാചകനെ (യോഹന്നാൻ അപ്പോസ്തലനെ) തന്റെ കത്തുകൾ കൊണ്ട് അവരെ ശാസിക്കുവാനും തെറ്റു തിരുത്തുവാനുമായി ദൈവം അവരുടെ മധ്യത്തിലേക്കയച്ചത് അതിന്റെ തെളിവാണ്.

യോഹന്നാന്റെ പക്കൽ മൂപ്പന്മാരെ ലക്ഷ്യമാക്കിപ്പോലും പ്രയോഗിപ്പാൻ ശക്തമായ വാക്കുകൾ ഉണ്ടായിരുന്നു: 'നിന്റെ ആദ്യസ്നേഹം നീ വിട്ടുകളഞ്ഞു', നീ ആത്മീയമായി മരിച്ചവനത്രേ', നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനുമാണ് എന്നിപ്രകാരമുള്ള വാക്കുകൾ തന്നെ. ആ മൂപ്പന്മാരും ആ സഭകളും ഈ ശാസനാവാക്കുകൾ കേട്ടു മാനസാന്തരപ്പെടുന്നില്ലെങ്കിൽ അവർ ഉപേക്ഷിക്കപ്പെടുകതന്നെ ചെയ്യും.

കർത്താവ് ഒരിക്കൽ 'നിലവിളക്കു നീക്കിക്കളഞ്ഞാൽ' പിന്നെ അപ്രകാരമൊരു സഭയെ ശാസിക്കുവാൻ പ്രവാചകന്മാരെ അവരുടെ അടുക്കൽ അയയ്ക്കുകയില്ല. അപ്പോൾ കള്ളപ്രവാചകന്മാർ ചുമതലയേറ്റെടുക്കുകയും സഭാ യോഗങ്ങളിൽ ഞായറാഴ്ച തോറും മൃദുലവാക്കുകൾ മാത്രം കേൾക്കപ്പെടുകയും ചെയ്യും ! കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിൽ ഉടനീളം സഭതോറും തലമുറതോറും ഇതു സംഭവിച്ചിട്ടുണ്ട്. ഇന്നും നമുക്കു ചുറ്റുപാടും ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഇപ്രകാരമൊരു കാലഘട്ടത്തിലാണ് 'തങ്ങളുടെ ദൈവത്തെ അറിയുകയും ശക്തരായി നിന്നു വൻകാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന ദൈവഭൃത്യന്മാരുടെ വലിയ ആവശ്യമുള്ളത്(വാ.32). അവർ ദൈവത്തെ അറിയുന്നവരാകയാൽ ഒരു മനുഷ്യനെയും ഭയപ്പെടുകയില്ല.

**നിങ്ങളുടെ ശത്രുക്കളോടു ദൈവം ഇടപെടട്ടെ**

നിങ്ങളെ ദ്രോഹിക്കുവാനായി ആളുകൾ നിങ്ങൾക്കെതിരെ ഗൂഢപദ്ധതിയുണ്ടാക്കിയാൽ നിങ്ങൾ വ്യാകുലപ്പെടേണ്ട. ദൈവം നിങ്ങളെ നോക്കിക്കൊള്ളും. നിങ്ങളുടെ ശത്രുക്കളോടും അവിടുന്ന് ഇടപെട്ടുകൊള്ളും. നിങ്ങളെ കാക്കുന്നവൻ മയങ്ങുകയില്ല; ഉറങ്ങുകയുമില്ല" (സങ്കീ 121: 3,4) ദൈവം നിരന്തരം ഉണർന്നിരിക്കുന്നവനാകയാൽ നമുക്കു സുഖമായി ഉറങ്ങാം.

എസ്ഥേറിന്റെ പുസ്തകത്തിൽ ഹാമാനും അയാളുടെ ഭാര്യയും ഒരു രാത്രി മുഴുവൻ ഉറക്കമിളച്ചിരിക്കുന്നതായി നാം കാണുന്നു, അവർ മൊർദ്ദേഖായിക്കെതിരായി ഗൂഢപദ്ധതിയുണ്ടാക്കുകയും മൊർദ്ദേഖായിയെ തൂക്കുവാൻ 75 അടി ഉയരമുള്ള ഒരു കഴുമരം തയാറാക്കുകയും ആയിരുന്നു. (ഒരു മനുഷ്യനെ തൂക്കിക്കൊല്ലുവാൻ 10 അടി ഉയരമുള്ള ഒരു കഴുമരം മതിയാകും. എന്നാൽ ആ പട്ടണത്തിലുള്ള എല്ലാവരും ആ തൂക്കിക്കൊല കാണുവാനും അങ്ങനെ മൊർദ്ദേഖായി

അധികം അധിക്ഷിപ്തനാകുവാനുമാണ് അവർ 75 അടി ഉയരമുള്ള തൂക്കുമരം ഉണ്ടാക്കിയത്. എന്നാൽ ഈ സമയം മോർദ്ദേഖായി സുഖകരമായി ഉറങ്ങുകയായിരുന്നു. ദൈവം അയാളുടെ കാര്യം നോക്കുകയും ചെയ്തു. മൊർദ്ദേഖായിക്കുവേണ്ടി ഹാമാൻ ഉണ്ടാക്കിയ കഴുമരത്തിൽ അന്തിമമായി ഹാമാൻ തന്നെ തൂക്കപ്പെട്ടു (എസ്ഥേർ 5:14; 7:10) ഇപ്രകാരം സാത്താന്റെ മേൽ തന്നെ തിരിച്ചടി വരുത്തുവാൻ ദൈവം കഴിവുള്ളവനാണ്.

“മറ്റുള്ളവർക്കുവേണ്ടി ഒരു കെണി ഒരുക്കുന്നവൻ ആ കെണിയിൽത്തന്നെ അകപ്പെടും. നിങ്ങൾ മറ്റൊരാൾക്കെതിരെ ഒരു കല്ലുരുട്ടുന്നുവെങ്കിൽ ആ കല്ലു തിരിഞ്ഞുരുണ്ടു നിങ്ങളെത്തന്നെ ചതച്ചുകളയും” (സദൃ. 26:27). “ദൈവം ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു (1 കൊരി 3:19).

താൻ വിതച്ചതു കൊയ്യുന്നതിൽ നിന്നു രക്ഷപെടുവാൻ ആർക്കും തന്നെ സാധ്യമല്ല. അതിനാൽ ആളുകൾ നമ്മെ തൂക്കിലേറ്റുവാൻ പ്ലാൻ തയാറാക്കുമ്പോൾ നാം എന്തു ചെയ്യണം? ഉറങ്ങുക; എന്തെന്നാൽ ദൈവം തന്റെ പ്രിയന് ഉറക്കം കൊടുക്കുന്നു (സങ്കീ 127:2)

അപ്പോസ്തലപ്രവൃത്തികൾ 12-ാം അധ്യായത്തിൽ ഹെരോദാരാജാവ്, പിറ്റേന്നു രാവിലെ പത്രോസിനെ കൊല്ലണമെന്നുള്ള ഉദ്ദേശ്യത്തോടെ അദ്ദേഹത്തെ ജയിലിലാക്കുന്നതായി നാം വായിക്കുന്നു. എന്നാൽ ദൈവം ആ രാത്രി പത്രോസിന് സുഖകരമായി ഉറക്കം നൽകി. അപ്പോൾ ദൈവത്തിന്റെ ദൂതൻ ഇറങ്ങിച്ചെന്ന് പത്രോസിനെ ഉണർത്തി ജയിലിൽനിന്നു മോചിപ്പിച്ചു വീട്ടിലേക്കയച്ചു. എന്നാൽ അതു കഥയുടെ അന്ത്യം ആയിരുന്നില്ല. ദൈവത്തിന്റെ ദൂതൻ രണ്ടാമതും ഭൂമിയെ സന്ദർശിച്ചു. ഇത്തവണ അദ്ദേഹം ഹെരോദാവിനെ അടിക്കുകയും കൊല്ലുകയും ചെയ്തു(വാ 23). ദൈവം പിന്നെയും പിന്നെയും സാത്താന്റെ നേരെ തിരിച്ചടി നൽകുന്നു.

ഈസ്കര്യോത്ത യൂദാ യേശുവിനെ വഞ്ചിച്ചു. എന്നാൽ യൂദയ്ക്ക് എന്തുണ്ടായി? യേശു മരിക്കുന്ന സമയത്തിനു മുൻപുതന്നെ അയാൾ മരിച്ചു (മത്തായി 27:5)

നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നു എങ്കിൽ നിങ്ങളെ കൊല്ലുവാൻ പദ്ധതിയുണ്ടാക്കുന്ന ഹാമാൻമാരെയും ഹെരോദാമാരെയും ഈസ്കര്യോത്തമാരെയും നിങ്ങൾ ഭയപ്പെടേണ്ടതില്ല.

ദൈവത്തിനെതിരെയും ദൈവസ്നേഹത്തിനെതിരെയും യുദ്ധം ചെയ്തു വിജയം വരിക്കുവാൻ യാതൊരാൾക്കും സാധ്യമല്ല. കഴിഞ്ഞകാലങ്ങളിൽ പലരും അതു ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്. ഒറ്റ അപവാദം പോലുമില്ലാതെ അവരെല്ലാവരും പരാജയപ്പെടുകയും ചെയ്തിട്ടുണ്ട്. നാം നിൽക്കുന്നതു വിജയത്തിന്റെ പക്ഷത്താണ്.

### പീഡനം സഹിക്കാൻ ഒരുങ്ങിക്കൊൾക

ഇതുകൊണ്ടു നാമൊരിക്കലും പീഡിപ്പിക്കപ്പെടുകയില്ലെന്നോ കൊല്ലപ്പെടുകയില്ലെന്നോ അർത്ഥമില്ല. ദൈവഭക്തരായ ജനങ്ങളെ അന്ത്യനാളുകളിൽ ആക്രമിക്കുകയും തടവിലടയ്ക്കുകയും കൊല്ലുകയും ചെയ്യുമെന്ന് ദാനിയേൽ 11:33 ൽ നാം വായിക്കുന്നു. യഥാർത്ഥ ദൈവദാസന്മാർ എപ്പോഴും പീഡിപ്പിക്കപ്പെടും.

യാക്കോബ് ഹേരോദാരാജാവിനാൽ കൊല്ലപ്പെട്ടു (പ്രവൃ 12:2) ഒരു ദൈവദൂതനും അദ്ദേഹത്തെ വിടുവിക്കുവാൻ വന്നില്ല. ഹാബേൽ കൊല്ല





പ്പെട്ടു. പഴയനിയമത്തിലെ എല്ലാ സത്യപ്രവാചകന്മാരും പീഡിപ്പിക്കപ്പെട്ടു (പ്രവൃ 7:52) യോഹന്നാൻ സ്നാപകൻ ശിരച്ഛേദം ചെയ്യപ്പെട്ടു. പത്രോസ് തന്നെയും ഒടുവിൽ ക്രൂശിക്കപ്പെട്ടതായി ചരിത്രം പറയുന്നു. ആ സമയത്തു യാതൊരു ദൂതനും അദ്ദേഹത്തെ രക്ഷിക്കാൻ വന്നില്ല. നാമറിയുന്നിടത്തോളം യോഹന്നാൻ ഒഴികെ എല്ലാ അപ്പോസ്തലന്മാരും കൊല്ലപ്പെടുകയാണുണ്ടായത്. വിദേശ രാജ്യങ്ങളിൽ ദൈവഭക്തന്മാരായ ഒട്ടനേകം മിഷനറിമാർ കൊല്ലപ്പെട്ടിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ വരവിനു മുമ്പ് സഭ മഹാപീഡനത്തിൽക്കൂടെ കടന്നുപോകുമെന്നും ആ സമയത്തു ദൈവത്തിന്റെ ഏറ്റവും ഉത്തമരായ ധാരാളം വിശുദ്ധന്മാർ കൊല്ലപ്പെടുമെന്നും ദൈവവചനം വ്യക്തമായി പഠിപ്പിക്കുന്നു (വെളി 13:7) നമ്മുടെ ജീവിതകാലത്തുതന്നെയും ഏറ്റവും വിശുദ്ധരായ ചില ദൈവഭൃത്യന്മാർ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

ഓരോ വ്യക്തിയെ സംബന്ധിച്ചുമുള്ള ദൈവത്തിന്റെ ഉദ്ദേശ്യം വ്യത്യസ്തമാണ്. എന്നാൽ ഒരു കാര്യം തീർച്ച. നിങ്ങളുടെ ഐഹികജീവിതത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും ദൈവത്തിന്റെ ഹിതത്തിൽ നടക്കുവാനും മാത്രമാണു നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങളുടെ ജീവിതകൃത്യം നിർവഹിച്ചു തീരും വരെ നിങ്ങൾക്കു മരണമുണ്ടാവുകയില്ല. ആത്മാവിൽ വിവേകശാലികളായവർക്ക് അന്ത്യനാളുകളിൽ വിപുലമായ ഒരു പ്രബോധനശുശ്രൂഷ ഉണ്ടായിരിക്കും. ദൈവജനങ്ങളുടെ ജ്ഞാനികളായ നേതാക്കന്മാർ തങ്ങളുടെ ജ്ഞാനത്തെ മറ്റു ധാരാളം പേരുമായി പങ്കുവയ്ക്കും (ദാനി 11:33 ലിവിംഗഗുഡ്ന്യൂസ്).

**ദൈവം നമ്മെ ശാസിക്കുവാനായി ഒരു പ്രവാചകനെ നമ്മുടെ അടുക്കലേക്കയയ്ക്കുമ്പോൾ അതു ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണ്. ദൈവം ഒരു സഭയെ ഉപേക്ഷിച്ചുകളയുമ്പോൾ അതിനെ ശാസിക്കുന്ന ഒരു പ്രവാചകനെയും അവരുടെ മധ്യത്തിൽ പിന്നെ കാണുകയില്ല പകരം മധുരവാക്കുകൾ സംസാരിക്കുന്ന പ്രവാചകരായിരിക്കും അവിടെ ഉണ്ടാവുക. ഏതു ദൈവജനങ്ങൾക്കും സംഭവിക്കാവുന്ന ഒരു ദയനീയ സ്ഥിതിയാണിത്.**

ഇതിന്റെ മറുവശത്ത് അന്ത്യനാളുകളിൽ കർത്താവു വെറുക്കുന്നവരും സഹോദരന്മാർക്കിടയിൽ ഭിന്നത വിതച്ചുകൊണ്ടു സഞ്ചരിക്കുന്നവരുമായ ഒട്ടധികം പേർ ഉണ്ടായിരിക്കും (സദൃ6:16-19) ജഡരക്തങ്ങളോടു പോരാടുവാൻ നാം വിസമ്മതിക്കുക മൂലം അത്തരക്കാരുമായി നാം പോരാടുന്നില്ല (എഫേ 6:12) സാത്താനെതിരേ മാത്രമാണു നാം പോരാടുന്നത്. മനുഷ്യരായ നമ്മുടെ എതിരാളികളോടും ഇടപെടുന്ന കാര്യം കർത്താവിന്റെ ദൂതനു നാം വിട്ടുകൊടുക്കുന്നു.

അനേകം വർഷങ്ങൾക്കു മുമ്പ് യാതൊരു കാര്യം പ്രമാണിച്ചും യാതൊരു മനുഷ്യവ്യക്തിയുമായും പോരാടുകയില്ലെന്ന ഒരു തീരുമാനം ഞാൻ എടുത്തു. ആ തീരുമാനത്തെപ്പറ്റി ഒരിക്കലും ഞാൻ ഖേദിക്കുവാനിടയായിട്ടില്ല. ഏതെങ്കിലും വ്യക്തി എന്നോടു കലഹിക്കുവാൻ വരുമ്പോൾ ഞാൻ ഒന്നുകിൽ മൗനമവ

**അന്ത്യദിനങ്ങളിൽ ആത്മീയമായ ഉൾക്കാഴ്ചയുള്ളവർ പോലും വീണുപോകും എന്നാൽ അവർ തന്നെത്താൻ താഴ്ത്തുകയും സ്വയം വിധിക്കുകയും ചെയ്യുമെങ്കിൽ അവർക്കുപോലും പ്രത്യാശയ്ക്കു വകയുണ്ട്. അപ്പോൾ അവരും ശോധന ചെയ്യപ്പെട്ട് കഴുകപ്പെട്ട് വിശുദ്ധിപ്രാപിക്കും. എന്നാൽ സ്വയം വിധിക്കാത്തവരാകട്ടെ, അവർ ഒരിക്കൽ ദൈവവഴികളെപ്പറ്റി ഉൾക്കാഴ്ചയും വിവേകവും ഉള്ളവരായിരുന്നെങ്കിലും സാത്താന്റെ കൈകളിൽ അകപ്പെട്ടുപോകും.**

ലംബിക്കുകയോ അല്ലെങ്കിൽ അവിടെനിന്നും എഴുന്നേറ്റു പൊയ്ക്കളയുകയോ ചെയ്യും. ആളുകൾ കത്തുകളിലൂടെ എന്നിൽ കുറ്റമാരോപിക്കുമ്പോൾ ഞാൻ മറുപടി അയയ്ക്കുകയില്ല. അത്തരം ആളുകൾക്കു മറുപടി എഴുതുന്നത് കേവലം സമയം പാഴാക്കലാണ്. ഞാൻ അവരോടു ക്ഷമിക്കുകയും അവരെ അനുഗ്രഹിക്കുകയും സ്നേഹിക്കുകയും തനിയേ വിടുകയും മാത്രം ചെയ്യുന്നു. സാത്താനോടു പോരാടുന്നതിൽ എന്റെ ഊർജ്ജവും ശ്രദ്ധയും കേന്ദ്രീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അപവാദിയുടെ ഈ ഏജന്റന്മാരോട് എന്നെക്കാൾ മെച്ചമായി ഇടപെടുവാൻ ദൈവത്തിനു കഴിയുമെന്നു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. പ്രതികാരം അവിടുത്തേക്കുള്ളതത്രേ (റോമർ 12:19)

പലരും ഈ ദുഷ്ടജനങ്ങളുടെ കപടഭക്തിയിൽ അവരോടു ചേരുമെന്നു ദാനി 11:34 ൽ നാം തുടർന്നു വായിക്കുന്നു. പീഡനകാലത്ത് പലരും കപടഭക്തരായിത്തീരും അവർ സഭയുടെ മധ്യത്തിലായിരിക്കുമ്പോൾ പൂർണ്ണഹൃദയമുള്ള സഹോദരന്മാരെപ്പോലെ നടിക്കുകയും തന്നെത്താൻ വിധിക്കുന്നതിനെപ്പറ്റിയും ക്രൂശെടുക്കുന്നതിനെപ്പറ്റിയും സംസാരിക്കുകയും ചെയ്യും. എന്നാൽ തങ്ങളുടെ ലൗകിക സ്നേഹിതന്മാരുടെയും മാനസാന്തരപ്പെടാത്ത ബന്ധു ജനങ്ങളുടെയും മധ്യത്തിലായിരിക്കുമ്പോൾ മനുഷ്യരുടെ മാനമാഗ്രഹിച്ചുകൊണ്ട് അവരുടെ അംഗീകാരം ലഭിക്കുമാറ് പെരുമാറും.

അന്ത്യദിനങ്ങളിൽ ആത്മീയമായ ഉൾക്കാഴ്ചയുള്ളവർ പോലും വീണുപോകുമെന്നു ദൈവവചനം പ്രസ്താവിച്ചിരിക്കുന്നു (ദാനി 11:35) എന്നാൽ അവർ തന്നെത്താൻ താഴ്ത്തുകയും സ്വയം വിധിക്കുകയും ചെയ്യുമെങ്കിൽ അവർക്കുപോലും പ്രത്യാശയ്ക്കു വകയുണ്ട്. അപ്പോൾ അവരും ശോധന ചെയ്യപ്പെട്ട് കഴുകപ്പെട്ട് വിശുദ്ധിപ്രാപിക്കും. (വാ . 35) എന്നാൽ സ്വയം വിധിക്കാത്തവരാകട്ടെ, അവർ ഒരിക്കൽ ദൈവവഴികളെപ്പറ്റി ഉൾക്കാഴ്ചയും വിവേകവും ഉള്ളവരായിരുന്നെങ്കിലും സാത്താന്റെ കൈകളിൽ അകപ്പെട്ടുപോകും. ഇന്നു കൃപയുടെ കാലമാണ്. മാനസാന്തരപ്പെട്ടു തന്നെത്താൻ വിധിക്കുന്നവർക്ക് ആത്മീയതയുടെ ഉന്നത തലങ്ങളിലേക്ക് ഇപ്പോഴും ഉയർന്നു ചെല്ലുവാൻ സാധ്യമാണ്. എന്നാൽ അതിലേക്ക് അവർ സത്യസന്ധരും വെളിച്ചത്തിൽ നടക്കുന്നവരുമാകേണ്ടത് അനുപേക്ഷണീയമത്രേ.

ക്രിസ്തുവിന്റെ രൂപത്തോടു നമ്മെ അനുരൂപരാക്കുക എന്ന ദൈവിക ലക്ഷ്യം നിറവേറുന്നതിനായി ഈ ശോധനയും ശുദ്ധീകരണവും "കാലത്തിന്റെ അവസാനം'' വരെയും തുടർന്നുപോകും (ദാനി 11:35) അതിനാൽ കർത്താവിന്റെ വരവുവരെയും നാം ഭൂമിയിൽ ഒരു അനായാസകാലം പ്രതീക്ഷിക്കരുത്. ലോകത്തിൽ തുടർച്ചയായിത്തന്നെ നമുക്കു കഷ്ടതകൾ





ഉണ്ടായിക്കൊണ്ടിരിക്കും.

### ദാനിയേലിന്റെ ശുശ്രൂഷയും ലൂസിഫറിന്റെ ശുശ്രൂഷയും

(ഈ പ്രവചനം എഴുതിയ) ദാനിയേൽ തന്റെ തലമുറയിൽ ദൈവം ഉപയോഗിച്ച ഒരുവനായിരുന്നു. അദ്ദേഹം 17 വയസ്സുള്ള ഒരു യുവാവായിരുന്നപ്പോൾ "തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ഹൃദയത്തിൽ നിശ്ചയിച്ചു" (ദാനി 1:8). തുടർന്ന് ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നിവർ യുവാവായ ദാനിയേൽ ദൈവത്തിനു വേണ്ടി സ്വീകരിച്ച നിലപാടു കണ്ടപ്പോൾ അവർക്കും അപ്രകാരം നിൽക്കുവാനുള്ള ധൈര്യം ലഭിച്ചു (ദാനി 1:11). അവർക്കു സ്വയം നിൽക്കുവാനുള്ള ധൈര്യം ഉണ്ടായിരുന്നില്ല. എന്നാൽ ദാനിയേലിന്റെ സ്ഥിരചിത്തത അവരെയും ധീരരാക്കി. ഇന്ന് ഇതുപോലെയുള്ള ധാരാളം പേരുണ്ട്. കർത്താവിനുവേണ്ടി സ്വയം ധീരതയോടെ നിൽക്കുവാൻ കഴിവില്ലാതിരിക്കെത്തന്നെ അപ്രകാരം നിൽക്കുന്ന ഒരു ദാനിയേലിനായി കാത്തുനിൽക്കുന്നവരാണിവർ. അങ്ങനെയൊരാളെ കണ്ടെത്തുമ്പോൾ അവരും അദ്ദേഹത്തോടു ചേർന്നു ധീരരായി നിൽക്കും.

നിങ്ങൾ അപ്രകാരമൊരു ദാനിയേൽ ആയിത്തീരുമോ? ''ഞാൻ എന്നെത്തന്നെ അശുദ്ധനാക്കുകയില്ല : രാജാവിനെയോ സൈന്യാധിപനെയോ പിന്മാറ്റത്തിലായ ഒരു മൂപ്പനെയോ മറ്റാരെയെങ്കിലുമോ ഞാൻ പിന്തുടരുകയില്ല. നൂറു ശതമാനവും ദൈവവചനം കൽപ്പിക്കുന്നതനുസരിച്ചു ഞാൻ നിൽക്കും'' എന്നു നിങ്ങൾ പറയുമോ?

ഇപ്രകാരം ഒരു ദാനിയേലിന്റെ ശുശ്രൂഷയ്ക്കായി മറ്റനേകം പേരെ നീതിയിലേക്കു നയിക്കുന്ന സ്ത്രീപുരുഷന്മാരെ ഇന്നു നമ്മുടെ രാജ്യത്തിന് ആവശ്യമുണ്ട് (ദാനി 12:4) നീതിയെപ്പറ്റി പ്രസംഗിക്കുന്ന പ്രസംഗകരെയല്ല. മറിച്ച് വാക്കിനാലും മാതൃകയാലും മറ്റുള്ളവരെ നീതിയിലേക്കു നയിക്കുന്നവരെയാണ് ഈ വാക്യം പരാമർശിക്കുന്നത്.

ദാനിയേലിന്റെ ശുശ്രൂഷയ്ക്കു നേർവിപരീതമായ മറ്റൊരു ശുശ്രൂഷയെപ്പറ്റി നാം തിരുവെഴുത്തിൽ വായിക്കുന്നു. ലൂസിഫറിന്റെ ശുശ്രൂഷ.

ലക്ഷക്കണക്കിനു ദൈവദൂതന്മാരെ ദൈവത്തിനെതിരായുള്ള മത്സരത്തിലേക്കു നയിക്കുവാൻ ലൂസിഫറിനു കഴിഞ്ഞതായി വെളിപ്പാടു 12:4 ൽ നാം വായിക്കുന്നു. ഇപ്രകാരം ധാരാളം ദൂതന്മാരെ വഴിതെറ്റിക്കുവാൻ ദൈവം ലൂസിഫറിനെ അനുവദിച്ചത് എന്തുകൊണ്ടാണ്? അതൃപ്തരും മത്സരികളുമായ എല്ലാ ദൂതന്മാരെയും നീക്കി സ്വർഗ്ഗത്തെ ശുദ്ധീകരിക്കുവാൻ തന്നെ. ലൂസിഫർ അവരുടെ ഇടയിൽ എഴുന്നേറ്റ് ദൈവത്തിനെതിരെയുള്ള മത്സരത്തിലേക്ക് അവരെ നയിച്ചില്ലായിരുന്നെങ്കിൽ അവരുടെ തിന്മയുള്ള ഹൃദയം വെളിപ്പെടുകയില്ലായിരുന്നു.

അതുപോലെതന്നെ ഇന്നും സഭയിൽ ലൂസിഫറിന്റെ ഒരു ശുശ്രൂഷ ചെയ്യുവാൻ ദൈവം ചില സഹോദരീ സഹോദരന്മാരെ അനുവദിക്കും. ദൂഷണം പറഞ്ഞും കുറ്റപ്പെടുത്തിയും വ്യാജവും ദോഷവും സംസാരിച്ചും കൊണ്ടു വീടുതോറും സഞ്ചരിക്കുവാൻ ദൈവം അവരെ അനുവദിക്കും. അങ്ങനെ സഭയിലുള്ള അതൃപ്തരും മത്സരികളും ലൗകികരുമായ വിശ്വാസികൾ വേർതിരിക്കപ്പെട്ട് ഒരുമിച്ചുചേർക്കപ്പെടുവാനം തദ്വാരാ ക്രിസ്തുവിന്റെ ശരീരം ശുദ്ധീകരിക്കപ്പെടുവാനും ഇടയായിത്തീരും.

അതിനാൽ ഒരു സഭയിൽ ഒരിക്കലും ഭിന്നതയുണ്ടായിട്ടില്ലെന്നു പ്രശംസിക്കുന്നതു ഭോഷത്തമാണ്. ആരംഭ

കാലത്തു സ്വർഗ്ഗത്തിൽത്തന്നെ ദൂതന്മാരുടെ ഇടയിൽ ഒരു ഭിന്നത ഉണ്ടായിരുന്നു. അത്തരം ഭിന്നതകൾ ആവശ്യമാണ്. എന്തെന്നാൽ നിങ്ങളിൽ കൊള്ളാവുന്നവർ വെളിവാകേണ്ടതിനു നിങ്ങളുടെ ഇടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകുന്നത് ആവശ്യം (1 കൊരി 11:19).

ഇരുട്ട് വെളിച്ചത്തിൽ നിന്നും വേർതിരിക്കപ്പെടണം. അതൊരു ഭിന്നതയല്ല. അതൊരു നിർമ്മലീകരണമാണ്. അതില്ലെങ്കിൽ ഭൂമിയിൽ ദൈവത്തിന്റെ സാക്ഷ്യം വികലമാകും.

നിഷ്പക്ഷരായിരിക്കുവാൻ നമുക്കു സാധ്യമല്ല. തന്നോടു ചേർക്കാത്തവൻ ചിതറിക്കുന്നുവെന്ന് യേശു പറഞ്ഞിട്ടുണ്ട്. ചേർക്കുക, ചിതറിക്കുക, ഇങ്ങനെ രണ്ടു ശുശ്രൂഷകൾ മാത്രമാണ് സഭയിലുള്ളത്. (മത്തായി 12:30)

ദൈവനാമത്തിന്റെ മഹത്വത്തിനുവേണ്ടി ശരിയായ ശുശ്രൂഷ തിരഞ്ഞെടുക്കുവാനുള്ള ജ്ഞാനം നമുക്കെല്ലാം ദൈവം നൽകട്ടെ.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

(അവസാനിച്ചു)

## ......പ്രവാചകദൗത്യം.(പേജ് 7ൽനിന്നു തുടർച്ച)

ക്കുന്ന ഒരു ദുഷ്പരിചയം നാം ചെറുപ്പത്തിലേ സ്വായത്തമാക്കിയിട്ടുണ്ട്. നമ്മുടെ തൊഴിൽ, സമയം, വിനോദങ്ങൾ, ഭരണം, സാമൂഹികബന്ധങ്ങൾ തുടങ്ങി നമുക്ക് ഏറെക്കുറെ നിയന്ത്രണമുള്ള ഒരു സാമാന്യമണ്ഡലം. ആരാധന, ബൈബിൾ, സ്വർഗനരകങ്ങൾ, സഭ, പ്രാർത്ഥന ഇങ്ങനെ ദൈവത്തിനു നിയന്ത്രണമുള്ള വിശുദ്ധമായ മറ്റൊരു മണ്ഡലം. ദൈവത്തിന് ഒരു പവിത്രമായ സ്ഥാനം മാറ്റിവയ്ക്കാൻ മനുഷ്യൻ തയ്യാറാകുന്നത് ദൈവത്തെ മാനിക്കാനെന്ന പേരിലാണ്. യഥാർത്ഥത്തിൽ ദൈവത്തെ ഒരിടത്ത് തളച്ചിട്ട് മിക്കവാറും എല്ലാ കാര്യങ്ങളിലും നമ്മുടെ ഇഷ്ടം നിറവേറ്റാനുള്ള ഒരു തന്ത്രം മാത്രമാണിത്.

പ്രവാചകന്മാർ ഈ സംവിധാനത്തിന് ഒരിക്കലും കൂട്ടുനിൽക്കില്ല. ജീവിതത്തിലെ എല്ലാകാര്യങ്ങളും വിശുദ്ധിയുടെ അടിത്തറയിലായിരിക്കണം എന്ന കാര്യത്തിൽ അവർ ഒത്തുതീർപ്പിനില്ല. നമ്മുടെ ജീവിതത്തിന്റെ എല്ലാകാര്യങ്ങളിലും ദൈവത്തിന് എന്തെങ്കിലും പറയാനുണ്ടാവും. നമ്മുടെ ഹൃദയത്തിന്റെയും ഭവനത്തിന്റെയും ഉള്ളറയിൽ നമുക്ക് തോന്നുന്നതും നാം ചെയ്യുന്നതുമായ കാര്യങ്ങളെപ്പറ്റി, നാം പണം ഉണ്ടാക്കുകയും ചെലവാക്കുകയും ചെയ്യുന്നതിനെപ്പറ്റി, നമ്മുടെ രാഷ്ട്രീയനിലപാടിനെപ്പറ്റി, നമ്മുടെ പോരാട്ടങ്ങളെപ്പറ്റി, നാം നേരിടുന്ന ദുരന്തങ്ങളെപ്പറ്റി, നാം മുറിവേൽപ്പിക്കുന്നവരെപ്പറ്റി, നാം സഹായിക്കുന്നവരെപ്പറ്റി ദൈവത്തിന് പറയാനുണ്ട്. പരിശുദ്ധനായ ദൈവത്തിന്റെ കണ്ണുകളിൽ നിന്നും യാതൊന്നും മറഞ്ഞിരിക്കുന്നില്ല; ദൈവാധിപത്യത്തിൽ നിന്നും ഒന്നും ഒഴിവാക്കപ്പെട്ടിട്ടില്ല. ദൈവോദ്ദേശ്യത്തിൽ നിന്നും ഒന്നും രക്ഷപെടുന്നതുമില്ല.

ദൈവത്തെ ഒഴിവാക്കുകയോ, ദൈവത്തെ മറികടക്കുകയോ അസാദ്ധ്യമാക്കിത്തീർക്കുന്നവരാണ് പ്രവാചകർ. ജീവിതത്തിന്റെ എല്ലാ അറകളിലേക്കും ദൈവത്തെ സ്വീകരിക്കാൻ അവർ നമ്മെ നിർബന്ധിക്കുന്നു. പ്രവാചകനെ സംബന്ധിച്ചിടത്തോളം അയൽക്കാരനെക്കാൾ വലിയ യാഥാർത്ഥ്യമാണ് ദൈവം.

( 'ദിമെസ്സേജ്' ബൈബിൾ പരിഭാഷയുടെ ആമുഖത്തിൽ നിന്ന്)





ഇത്തിരിവെട്ടം

# എഫേസോസിലെ സഭയ്ക്കുള്ള മുന്നറിയിപ്പ്

യേശു എഫോസോസിലെ സഭയെക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക: ഞാൻ നിന്റെ പ്രവൃത്തിയും പ്രയത്നവും സഹിഷ്ണുതയും കൊള്ളരുതാത്തവരെ നിനക്കു സഹിച്ചുകൂടാത്തതും അപ്പൊസ്തലന്മാർ അല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്ന് പറയുന്നവരെ നീ പരീക്ഷിച്ചു കള്ളന്മാർ എന്നു കണ്ടതും, നിനക്കുസഹിഷ്ണുതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നുപോകാത്തതും അറിയുന്നു. (വെളിപ്പാട് 2:2–3)

ഒരു നല്ല സഭയുടെ ചിത്രമല്ലേ നമുക്ക് ലഭിക്കുന്നത്? സഭാമീറ്റിംഗുകളും സന്ദേശങ്ങളും പ്രക്ഷേപണം ചെയ്യുന്ന, സമൂഹത്തിൽ സജീവ സാന്നിദ്ധ്യമുള്ള, നന്മചെയ്യുന്ന, സത്യം പ്രസംഗിക്കുന്ന ഒരു സഭ. സുവിശേഷ സന്ദേശവുമായി മുമ്പോട്ടിറങ്ങുന്ന വളർച്ചയുള്ള ശ്രദ്ധിക്കപ്പെടുന്ന ഒരു സഭ. അത്തരം ഒരു സഭയെ നോക്കി അവർ ചെയ്യുന്ന നല്ല കാര്യങ്ങളെപ്പറ്റി പറഞ്ഞശേഷം, എങ്കിലും എന്ന് പറഞ്ഞ് തുടങ്ങുന്ന കാര്യം നാം ശ്രദ്ധിക്കാതെ പോകരുത്. എന്തോ ഒന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ആദ്യസ്നേഹം വിട്ടുകളഞ്ഞിരിക്കുന്നു. കർത്താവിന്റെ വേല, വേല കർത്താവിനെക്കാൾ പ്രധാനമായിരിക്കുന്നു. ധാരാളം ഇലകൾ ഉണ്ടെങ്കിലും ഫലം ഇല്ലാത്ത ഒരു വൃക്ഷം. യേശു പറയുന്നതിന്റെ അർത്ഥം ഇതല്ലേ? "ഞാൻ ഒട്ടും തൃപ്തനല്ല, എന്നെ സ്നേഹപൂർവം എല്ലാറ്റിനും മീതെ വയ്ക്കാൻ തയ്യാറാവാതെ എന്റെ പേരിൽ ധാരാളം നല്ല കാര്യങ്ങൾ ചെയ്യുന്നത് മതിയാക്കുകയാണ് നല്ലത്. അനുതാപത്തോടെ മടങ്ങിവന്ന് ആദ്യത്തെ പ്രവൃത്തി ചെയ്യുക. നീ മാനസാന്തരപ്പെടുന്നില്ലെങ്കിൽ ഞാൻ വന്ന് നിന്റെ നിലവിളക്ക് നീക്കിക്കളയും. ഇനിമേലാൽ വെളിച്ചം സ്വീകരിക്കാനോ കൊടുക്കാനോ നിനക്കു കഴിയാതെ പോകും. ഞാൻ മേലാൽ നിങ്ങളുടെ മദ്ധ്യേ ഉണ്ടായിരിക്കുകയില്ല; എനിക്ക് നിങ്ങളുമായി ഒരിടപാടും മേലിൽ ഉണ്ടായിരിക്കയില്ല".

ഈ വാക്കുകൾ നിങ്ങളെ ഭയപ്പെടുത്തുന്നില്ലെങ്കിൽ നിങ്ങൾ തികച്ചും അശ്രദ്ധരാണ്. ഇത് അത്യന്തം ഗൗരവമേറിയ ഒരു ഉണർത്തലിന്റെ ആഹ്വാനമാണ്.എഫെസോസിലെ സഭയുടെ സന്ദേശം യേശു തന്റെ നാമത്തിൽ കൂടി വരുന്നവരിൽ നിന്നും വ്യക്തമായ ഒരു ഫലം അന്വേഷിക്കുന്നു എന്നാണ്. അവൻ ക്ഷമയുള്ളവനും നമ്മെ ഉത്സാഹിപ്പിക്കുന്നവനുമാണ്. അവൻ നമുക്ക് മുന്നറിയിപ്പു നൽകുന്നവനും നമ്മോടൊപ്പം പ്രവർത്തിക്കുന്നവനുമാണ്. നാം അനുതപിച്ചാൽ തന്റെ ദിവ്യമായ ലക്ഷ്യത്തിലേക്ക് യേശു നമ്മെ നടത്തും. എന്നാൽ ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ അവൻ സഭയുടെ നിലവിളക്ക് തൽസ്ഥാനത്തു നിന്നും നീക്കിക്കളയും, സംശയമില്ല. ഒരിക്കൽ അവൻ ഫലമില്ലാത്ത അത്തിയെ ശപിക്കയും അത് ഉണങ്ങിപ്പോകയും ചെയ്തില്ലേ? ഒരു കൂട്ടത്തിന്റെമേൽ ദൈവത്തിന്റെ ന്യായവിധി വന്നാലും, സഭാമീറ്റിംഗുകൾ തുടരുകയും പ്രസംഗകർ പ്രസംഗിക്കുകയും ചെയ്യും. പരിപാടികൾക്ക് മുടക്കം വരാതെ പണം ശേഖരിക്കുകയും ചെലവഴിക്കുകയും ഒക്കെ നടന്നുകൊണ്ടിരിക്കും. പക്ഷേ ദൈവിക വെളിച്ചമോ ജീവനോ ഉണ്ടാ

യിരിക്കയില്ല എന്ന് തീർച്ച.

യേശു അവരെ വിട്ടുപോയെന്നല്ല. സഭ ആദ്യസ്നേഹം നഷ്ടപ്പെട്ട് യേശുവിനെ വിട്ടുപോയിരിക്കുന്നു എന്നതാണ് സത്യം. എന്നെക്കൂടാതെ നിങ്ങളുടെ സഭാപരിപാടികൾ മുന്നേറുകയും നിങ്ങൾ സംതൃപ്തരായിരിക്കയും ചെയ്യുന്നു. സഭ എന്ന ഭാവേന പരിപാടികൾ തുടർന്നോളൂ; പക്ഷേ നിങ്ങളുടെ നിലവിളക്ക് ഞാൻ നീക്കാൻ പോകയാണ്– ഇതാണ് അവിടുന്ന് പറയുന്നത്.

നിങ്ങൾ എഫെസോസിലെ സഭയിലെ ഒരംഗമാണെന്ന് വിചാരിക്കുക. മേൽപ്പറഞ്ഞ മുന്നറിയിപ്പ് യേശുവിൽ നിന്നു കേട്ട് നിങ്ങൾ അനുതപിച്ച് മനം തിരിയുന്നു. നല്ലകാര്യം. എന്നാൽ സഭ കർത്താവിന്റെ മുന്നറിയിപ്പിന് ചെവികൊടുത്ത് മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങൾക്ക് ദുഃഖം ഉണ്ടാകയും ഹൃദയവേദനയോടെ നിങ്ങളുടെ സ്നേഹിതരോട് ദൈവശബ്ദം അനുസരിക്കാൻ നിങ്ങൾ അപേക്ഷിക്കുകയും ചെയ്യും. അപ്പോഴും അവർ മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങൾ അവരോടൊപ്പം തുടരുകയും അന്ധകാരത്തിലേക്ക് പോകുകയും ചെയ്യുമോ? സുബോധമുള്ള ആരും അപ്രകാരം ചെയ്യില്ല.

ഗുരുവിനൊപ്പം ശിഷ്യനും ഉണ്ടാവും എന്നാണ് യേശു പറഞ്ഞത്. എന്റെ മഹത്വം വിട്ടുപോകുന്നു ഇവിടെ എനിക്ക് സ്വാഗതം ഇല്ല, ഞാൻ വിട്ടുപോകയാണ് എന്ന് സഭയുടെ നാഥൻ പറഞ്ഞാൽ അവന്റെ വിശ്വസ്തദാസന്മാർ എന്തു പറയും? കർത്താവേ നീ പോകുന്നെങ്കിൽ ഞങ്ങളും നിന്നോടൊപ്പം ഉണ്ടാവും. നിന്നെ ഉപേക്ഷിച്ച് നിന്റെ ന്യായവിധിക്ക് കീഴിലായ ഒന്നിൽ ഞങ്ങൾ തുടരുന്ന പ്രശ്നമേയില്ല. ഞങ്ങൾ സഭാശുശ്രൂഷകന്റെയോ, സഭയുടെയോ ദാസന്മാരല്ല, അങ്ങയുടെ ദാസന്മാരാണ് ഇങ്ങനെയല്ലേ അവർ പറയൂ?

ആളുകളോട് നിങ്ങൾ എന്തുപറയും? ഞാൻ നിങ്ങളെ സ്നേഹിക്കുന്നു; നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു, പക്ഷേ കർത്താവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നതിനാൽ എനിക്ക് ഇവിടെ തുടരാൻ കഴിയുകയില്ല. വിശ്വസ്തനായ ഒരു ദാസൻ അങ്ങനെ പറയും. യജമാനൻ എഴുന്നേറ്റ് സഭ വിട്ടുപോകുമ്പോൾ ശിഷ്യനും അവനോടൊപ്പം വെളിയിലേക്ക് പോകാതിരിക്കാൻ കഴികയില്ല.

ക്രിസ്തീയകൂട്ടങ്ങളെപ്പറ്റി ചില നല്ല കാര്യങ്ങൾ പറയാനുണ്ട്. ഒരു നല്ല കാര്യവും ഈ കൂട്ടത്തിൽ ഇല്ല എന്ന നിലപാടൊന്നും ഞാൻ എടുക്കുകയില്ല. അല്ലായിരുന്നെങ്കിൽ ഈ കൂട്ടങ്ങളിൽ ആരും തന്നെ അംഗങ്ങളാകയില്ലായിരുന്നു. ഭൂരിപക്ഷം ആൾക്കാർക്കും എന്തെങ്കിലും പ്രയോജനം ഇവിടെ നിന്നു കിട്ടുന്നുണ്ട്. ആത്മീയശിശുക്കൾക്ക് വിനോദങ്ങളിൽ ഏർപ്പെടാനും പാൽ കുടിക്കാനും വൃത്തികേടായ വസ്ത്രങ്ങൾ മാറാനും ഒക്കെ സുരക്ഷിതമായ ഒരിടം വേണമല്ലോ? ഇത്തരം കൂട്ടങ്ങളോട് വിട പറഞ്ഞവർ പോലും അവരുടെ പഴയ ക്രിസ്തീയ കൂട്ടങ്ങളെപ്പറ്റി എല്ലാം മോശമായിരുന്നു എന്നു പറയുകയില്ല. മിക്കവരും അവിടെ ഉള്ളവരെ സ്നേഹിക്കുന്നവരും അവരെപ്പറ്റി വിചാരപ്പെടുന്നവരുമാണ്. ഒരിക്കൽ അവർക്ക് ഉണ്ടായിരുന്നു എന്ന് ധരിച്ച ആ കൂട്ടായ്മയിലെ ചിലതൊക്കെ അവർ ചിലപ്പോൾ ആഗ്രഹിച്ചുപോകാറുമുണ്ട്. ആ നഷ്ടബോധത്തിന്റെ ഫലമായി ചിലപ്പോൾ അതുപോലെയുള്ള മറ്റു ക്രിസ്തീയകൂട്ടങ്ങൾ സന്ദർശിക്കാനും ഒരിടം കണ്ടെത്താനും ശ്രമം നടത്താറുണ്ട് ഈ കൂട്ടർ. പക്ഷേ എത്ര ശ്രമിച്ചാലും അവരുടെ ഉള്ളിലുള്ള എന്തോ ഒന്ന് അത്തരം കൂട്ടങ്ങളുമായി പൊരുത്തപ്പെട്ടു സ്വസ്ഥമായിരിക്കാൻ അവരെ സമ്മതിക്കുകയില്ല.





ഈ പ്രതിഭാസം നിങ്ങൾ എങ്ങനെ വിശദീകരിക്കും? അതൃപ്തി? ഒരു കാര്യം നാം കണ്ടെത്തും: ആത്മീയ ജീവന്റെ അഭാവത്തിൽ ക്രിസ്തീയ കൂട്ടായ്മകളിൽ പോകുന്നതിന്റെ സാമൂഹികപയോജനങ്ങൾ അനേകം ആൾക്കാരെ തൃപ്തിപ്പെടുത്താൻ പര്യാപ്തമല്ല എന്ന സത്യം! ഫലം വാഗ്ദാനം ചെയ്യുന്നെങ്കിലും ഇലകൾമാത്രം നിറഞ്ഞ അത്തിവൃക്ഷത്തിന്റെ അടുക്കൽ പോയി ജനം ക്ഷീണിച്ചിരിക്കുന്നു. വിശക്കുന്നവന് ഇലകൾ മാത്രം തിന്നാൻ കൊടുക്കുന്ന അത്തിമരങ്ങൾ. നാളുകളായി ജനം ഇലകൾ തിന്നുകയും അത്തിയുടെ തൊലി ചവച്ചുനോക്കുകയും ചെയ്യുന്നതല്ലാതെ യഥാർത്ഥഫലമോ, പോഷണമോ അവർക്കു ലഭിക്കുന്നില്ല.

.ഒരു ദിവസം അവർ ഉണർന്ന് ഇങ്ങനെ പറയും: “മതി, മതി എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടെന്ന് പറഞ്ഞാലും എത്ര കാലത്തെ പരിചയം ഉണ്ടെന്നാലും ഈ കൂട്ടം കർത്താവായ യേശുവിനെ പ്രതിനിധാനം ചെയ്യുന്നില്ല. എനിക്ക് പൂർണ്ണമായും വിശദീകരിക്കാൻ കഴിയുന്നില്ലെങ്കിലും സഭയുടെ മതഭക്തി കർത്താവുമായുള്ള എന്റെ ബന്ധത്തെ തടയുന്നതിനാൽ എനിക്ക് ഈ പാളയം വിടാൻ സമയമായി..”

(സമാഹൃതം)

# മഹാറാണി ആയാലും.....

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ ഭരണാധികാരിയായിരുന്ന വിക്ടോറിയാ രാജ്ഞിയുടെ ഭർത്താവായിരുന്നു ‘സർജന്റ് ആൽബർട്ട്.’ ഒരു ദിവസം രാജ്ഞിയും ഭർത്താവും തമ്മിൽ ഏതോ കൊച്ചു കാര്യത്തിനു പിണങ്ങി.

ആൽബർട്ട് ഭാര്യയെ തോൽപിച്ച് കൊട്ടാരത്തിലെ ഒരു മുറിയിൽ കയറി കതകടച്ചു. രാജ്ഞി വാതിൽക്കൽ വന്നു മുട്ടി. മറുപടിയില്ല. കതകു തുറക്കാൻ അപേക്ഷിച്ചു. അകത്ത് അനക്കമൊന്നുമില്ല. അൽപനേരം കാത്തുനിന്നിട്ടും കതകു തുറക്കുന്നില്ലെന്നു കണ്ടപ്പോൾ രാജ്ഞി കുപിതയായി. അവർ ആജ്ഞാപിച്ചു:

“ബ്രിട്ടീഷ് രാജ്ഞിയാണ് ആജ്ഞാപിക്കുന്നത്. കതക് തുറക്ക്.”

അതു കേട്ടപ്പോൾ ആൽബർട്ടിനു കലി കയറി. അദ്ദേഹം കതകിന്റെ ഒരു സാക്ഷാ കൂടി അകത്തുനിന്നിട്ടു. പക്ഷേ പ്രശ്നം സങ്കീർണ്ണമാകുകയായിരുന്നു. രാജ്ഞി ആജ്ഞാപിച്ചാൽ ആരാണെങ്കിലും അനുസരിക്കേണ്ടതാണ്. അനുസരിച്ചില്ലെങ്കിൽ അതു നിയമലംഘനമാണ്.

വിവരം അറിഞ്ഞ് അവരുടെ വിവാഹം നടത്തിയ വൃദ്ധപുരോഹിതൻ വന്നു രാജ്ഞിയെ ഉപദേശിച്ചു. വിവാഹസമയത്ത് ‘അങ്ങയെ അനുസരിക്കുകയും വിധേയപ്പെടുകയും ചെയ്യാമെന്നു’ വിക്ടോറിയാ പ്രതിജ്ഞ ചെയ്ത കാര്യം അദ്ദേഹം ഓർമ്മിപ്പിച്ചു. ഇപ്പോൾ അതിനു വിരുദ്ധമായി ചെയ്യുന്നതു ശരിയാണോ?

രാജ്ഞിക്കു ബോധ്യം വന്നു. അവർ പശ്ചാത്താപവിവശയായി ഭർത്താവിനോടു കതകു തുറക്കാൻ വളരെ താഴ്മയോടെ അപേക്ഷിച്ചു. ആൽബർട്ടിനും മനംമാറ്റം ഉണ്ടായി. അദ്ദേഹം കതകു തുറന്ന് ഇറങ്ങിവന്ന് ഭാര്യയെ ആശ്ലേഷിച്ചു.

മഹാറാണിയായാലും ദൈവവചനത്തിനു മാറ്റമില്ല.

എഫെസ്യർ 5: 24, 25 വായിക്കുക



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം–14

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു. ഇതിനിടെ ഇസ്രായേൽ വീണ്ടും ജയിലിലായി. ദൈവനിയോഗപ്രകാരം വിൽക്കേഴ്സൺ സഭാശുശ്രൂഷ മതിയാക്കി ന്യൂയോർക്കിലെത്തി ടീനേജ് ഇവാൻജലിസത്തിനു തുടക്കം കുറിച്ചു.*

*..തുടർന്നു വായിക്കുക*

ഞങ്ങളുടെ ടെലിവിഷൻ ഷോയ്ക്ക് നല്ല റേറ്റിങ് ഉണ്ടായിരുന്നു. എല്ലാവരും അതിനെക്കുറിച്ചു നല്ലതു തന്നെ പറഞ്ഞു. എന്നാൽ ആറുമാസത്തോളം ഇങ്ങനെ മാധ്യമങ്ങളിൽ പരീക്ഷണങ്ങൾ നടത്തിയശേഷം എനിക്ക് ഒരു കാര്യം വളരെ ശക്തമായി തോന്നാൻ തുടങ്ങി - ഞങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യം നഷ്ടപ്പെടുന്നുണ്ട്: അത് വ്യക്തിബന്ധങ്ങളാണ്.

അതുകൊണ്ട് രണ്ടാമത്തെ ടെലിവിഷൻ പരമ്പര അവസാനിക്കുന്നതിനു മുൻപു തന്നെ ഞാൻ തെരുവിലേക്കു ചെന്ന് ആൺകുട്ടികളോടും പെൺകുട്ടികളോടും മുഖാമുഖം സംസാരിക്കാൻ തുടങ്ങിയിരുന്നു. ആ പ്രവർത്തനം തുടങ്ങിയപ്പോൾ തന്നെ,





ഞാൻ ജീവിതത്തെ സ്പർശിച്ചതായും ആളുകളോടുള്ള ബന്ധത്തിൽ ഫലപ്രദമായ ഒരു നീക്കത്തിന്റെ മർമ്മം കണ്ടെത്തിയതായും എനിക്കു മനസ്സിലായി. യേശുവിനു തന്റെ പ്രവർത്തനങ്ങൾക്കു സഹായകരമായി ടെലിവിഷനോ അച്ചടിച്ച വാക്കുകളോ ഉണ്ടായിരുന്നില്ലല്ലോ. മുഖാമുഖമുള്ള ഒരു ശുശ്രൂഷയായിരുന്നു അവിടുത്തേത്. എപ്പോഴും വ്യക്തിബന്ധങ്ങളുടെ ഊഷ്മളത ആ ശുശ്രൂഷയിലുണ്ടായിരുന്നു. ഞാൻ എന്റെ പഴയ മട്ടനുസരിച്ച് വീണ്ടും തെരുവിലേക്കിറങ്ങിയപ്പോൾ ഇതാണ് എനിക്കും പറഞ്ഞിട്ടുള്ള പ്രവർത്തനരീതിയെന്ന് എനിക്കു വ്യക്തമായി.

അതുകൊണ്ട് വിക്ടറി ബൗളിവാർഡിലെ ടീൻ ഏജ് കേന്ദ്രത്തിന്റെ വാതിൽ അടച്ച് എന്നും രാവിലെ ഞാൻ പുറത്തിറങ്ങി. കടവിലേക്കും അവിടെ നിന്നു സബ്‌വേയിലേക്കും ഞാൻ പോകും. അങ്ങനെ ബ്രൂക്ക്ലൈനിൽ എത്തിയാലുടൻ തന്നെ ഞാൻ വഴിയിൽ കാണുന്ന ആൺകുട്ടികളോടു സംസാരിച്ചുതുടങ്ങും. ഇടയ്ക്കിടെ അവർ പ്രതികരിക്കാനും തുടങ്ങി. സെന്റ് നിക്കോളാസ് സ്റ്റേഡിയത്തിലെന്നപോലെ എന്റെ കണ്ണിനു മുൻപിൽ തന്നെ ചില മാറ്റങ്ങൾ എനിക്കു കാണുവാൻ കഴിഞ്ഞു.

എന്നാൽ തെരുവിലെ പ്രവർത്തനം കൂടുതൽ വിജയകരമായതോടെ തുടർന്നുള്ള പ്രവർത്തനങ്ങളുടെ ആവശ്യകത എനിക്കു കൂടുതൽ ബോധ്യമാകാൻ തുടങ്ങി. ഒരു നല്ല പ്രാദേശിക സഭയിൽ അവരെ കൊണ്ടു ചെന്നു സ്ഥിരപ്പെടുത്താൻ കഴിഞ്ഞാൽ മിക്ക കുട്ടികളെ സംബന്ധിച്ചും എനിക്കു തൃപ്തിയാകും. എന്നാൽ വലിയ കുഴപ്പങ്ങളിൽ ചെന്നു ചാടിയിട്ടുള്ള സ്വന്തമായി ഭവനം ഇല്ലാത്ത, ആൺകുട്ടികളെ സംബന്ധിച്ചിടത്തോളം തുടർ പ്രവർത്തനങ്ങളുടെ പ്രസക്തി ഏറെയായിരുന്നു.

ഒരു ദിവസം കടത്തു ബോട്ടിൽ നിന്ന് മാൻഹാട്ടനിന്റെ ചുവട്ടിലിറങ്ങി ബ്രൂക്ക്ലിനിലേക്ക് നയിക്കുന്ന സബ്‌വേയുടെ പടവുകൾ ഞാൻ കയറുകയായിരുന്നു. ഇവിടെവച്ചാണ് എന്റെ പഴയ സ്വപ്നം വീണ്ടും സജീവമായത്.

അതു പൂർണരൂപം പ്രാപിച്ച് എന്റെ മനസ്സിൽ ഇങ്ങനെയാണ് സജീവമായത്: ടീൻ ചലഞ്ച് സെന്റർ എന്നു ഞങ്ങൾ പേരിടുന്ന ഒരു വീട്. അത് നഗരത്തിലെ ഏറ്റവും കുഴപ്പം പിടിച്ച ഭാഗത്താവണം സ്ഥിതിചെയ്യുന്നത്. കൗമാരക്കാരെക്കുറിച്ചുള്ള എന്റെ സ്വപ്നം പങ്കിടുന്ന ഒരു ഡസനോ അതിലേറെയോ ഉള്ള പൂർണ സമയപ്രവർത്തകരുടെ കേന്ദ്രമായിരിക്കണം അത്. അവർ തങ്ങളുടെ വിലപ്പെട്ട സാധ്യതകൾ കാണുന്നവരായിരിക്കണം. ഓരോ പ്രവർത്തകനും ഓരോ കാര്യത്തിൽ വിദഗ്ധനായിരിക്കണം. ക്വട്ടേഷൻ സംഘങ്ങളിലെ കുട്ടികൾക്കിടയിൽ പ്രവർത്തിക്കുന്നതിൽ വിദഗ്ദ്ധനായിരിക്കണം ഒരാൾ. ലഹരിമരുന്ന് ഉപയോഗിക്കുന്നവരുടെ പ്രശ്നങ്ങൾ അറിയാവുന്നവനായിരിക്കണം മറ്റൊരാൾ. വേറൊരാൾ മാതാപിതാക്കളുടെ ഇടയിൽ പ്രവർത്തിക്കട്ടെ. കൗമാരത്തിലേക്കു വളർന്നുവരുന്ന കൊച്ചുകുട്ടികളെക്കുറിച്ചു ഭാരമുള്ളവനായിരിക്കണം മറ്റൊരുവൻ. വനിതാ പ്രവർത്തകരും ഉണ്ടായിരിക്കണം. മാഫിയാപ്രവർത്തനങ്ങളിൽ ഉൾപ്പെട്ട പെൺകുട്ടികളുടെ പ്രശ്നങ്ങളിൽ അവരിൽ ഒരുവൾ വൈദഗ്ധ്യം നേടണം. ലൈംഗികപ്രശ്നങ്ങളുള്ള പെൺകുട്ടികളുടെ കാര്യം നോക്കാൻ വിദഗ്ധയായിരിക്കണം മറ്റൊരുവൾ. ലഹരിമരുന്നിന്റെ വലയിൽ പെട്ടുപോയ പെൺകുട്ടികളുടെ പ്രശ്നങ്ങൾ അറിയാവുന്ന വനിതാ പ്രവർത്തകയും ഉണ്ടായിരിക്കണം.

അവിടെ ടീൻ ചലഞ്ച് വീട്ടിൽ

പ്രത്യേകമായ ഒരന്തരീക്ഷം ആയിരിക്കണം. തെരുവിൽ കുട്ടികളെ സ്പർശിച്ച ഈ സ്നേഹത്താൽ ഉത്തേജിതമായ ഒരന്തരീക്ഷം. അവിടേക്ക് കടന്നുവരുന്ന ആരേയും ആഹ്ലാദജനകമായ എന്തോ കാത്തിരിക്കുന്നുവെന്ന തോന്നലുണർത്തുന്ന സ്ഥലം.

പ്രത്യേക സഹായം ആവശ്യമുള്ള ആൺകുട്ടികളെയും പെൺകുട്ടികളെയും ഈ വീട്ടിലേക്കു കൊണ്ടുവരണം. അവർ അച്ചടക്കത്തിന്റെയും സ്നേഹത്തിന്റെയും ഒരന്തരീക്ഷത്തിലായിരിക്കണം അവിടെ കഴിയുന്നത്. അവർ അവിടുത്തെ വചനപഠനത്തിലും ആരാധനയിലും പങ്കാളികളാകണം. ക്രിസ്ത്യാനികൾ ഒന്നിച്ചു ജീവിക്കുന്നതും പ്രവർത്തിക്കുന്നതും അവർ കാണട്ടെ. അവർ തന്നെ ആ പ്രവർത്തനങ്ങളിൽ പങ്കാളികളാകട്ടെ. ആത്മാവിന്റെ ഒരു ജീവിതത്തിനു തയാറെടുക്കാൻ സഹായിക്കുന്ന സ്ഥാപനമായിരിക്കണം അത്.

ഞാൻ നഗരത്തിൽ മുഴുസമയ പ്രവർത്തനത്തിനായി വന്നിട്ട് ഏറെക്കുറെ ഒരു വർഷം തികയാറായ 1960 വേനൽക്കാലം മുതൽ ഞാൻ എന്റെ സ്നേഹഭവനം എന്ന സ്വപ്നത്തെക്കുറിച്ച് സംസാരിക്കുവാൻ തുടങ്ങി. ഫണ്ടു ശേഖരിക്കാനുള്ള യാത്രകളിൽ ഞാൻ ഈ ആവശ്യത്തെക്കുറിച്ചും പ്രസംഗിക്കുവാൻ ആരംഭിച്ചു. ന്യൂയോർക്കിലെ ഞങ്ങളുടെ സഭകളിൽ, ഞാൻ കണ്ട ദർശനം പോലെ ഞാൻ അതിന്റെ വിശദാംശങ്ങൾ വിവരിച്ചു തുടങ്ങി. പക്ഷേ എല്ലായ്പ്പോഴും എല്ലാവരും എന്നോട് ഒരേ കാര്യം തന്നെ പറഞ്ഞു:

“ഡേവ്, നിങ്ങളുടെ സ്വപ്നത്തിന് ഒരു കുഴപ്പമേയുള്ളൂ: അതു നടപ്പാക്കുന്നതിനു പണം വേണം”.

അതു സത്യമായിരുന്നു. ഒരിക്കലും ഞങ്ങളുടെ അക്കൗണ്ടിൽ നൂറുഡോളറിലേറെ ഉണ്ടായിരുന്നില്ല. പണമില്ലാത്തതു കൊണ്ട് പുതിയ പദ്ധതികൾ ആരംഭിക്കാതിരിക്കാനുള്ള എന്റെ ഭയത്തിൽ നിന്ന് എന്നെ വിടുവിക്കാൻ ജെന്നിന് ഒടുവിൽ നല്ല വഴക്കു പറയേണ്ടി വന്നു.

പിറ്റ്സർഗ്ഗിൽ സ്കൂൾ അടച്ചപ്പോൾ ജെൻ ന്യൂയോർക്കിലേക്കു വന്നു. സ്റ്റേറ്റൻ ദ്വീപിനു സമീപം ഞാൻ ചെറിയൊരു അപ്പാർട്ട്മെന്റ് അതിനകം കണ്ടെത്തിയിരുന്നു. “വലിയസൗകര്യം ഒന്നും ഇല്ല. എങ്കിലും നമുക്ക് ഒരുമിച്ചായിരിക്കാമല്ലോ. എല്ലാം. പായ്ക്കു ചെയ്തു വച്ചോ. ഞാൻ വരുന്നു നിന്നെ കൊണ്ടുപോകാൻ.” ഇങ്ങനെയാണു ഞാൻ ജെന്നിനോടു വിളിച്ചു പറഞ്ഞത്.

“നമ്മൾ തെരുവിൽ കിടന്നുറങ്ങിയാലും എനിക്കു പരാതിയില്ല പൊന്നേ. നാം ഒന്നിച്ചായിരിക്കുമല്ലോ അതു മതി.” ജെന്നിന്റെ മറുപടി അങ്ങനെയായിരുന്നു.

അങ്ങനെയാണവൾ ന്യൂയോർക്കിൽ വന്നത്. ഞങ്ങൾ അപ്പാർട്ടുമെന്റിന്റെ നാലു മുറികളിലായി വീണ്ടും ഞങ്ങളുടെ ഫർണിച്ചറെല്ലാം കൂട്ടിയിട്ടു. എന്നാൽ ഞങ്ങൾ അങ്ങേയറ്റം സന്തുഷ്ടരായിരുന്നു. പുതിയ ശുശ്രൂഷയുടെ എല്ലാ നീക്കങ്ങളും ജെൻ വളരെ ശ്രദ്ധയോടെ പിൻതുടർന്നു. സ്വന്തം കെട്ടിടത്തിൽ എല്ലാവരും കുടുംബാംഗങ്ങളെപ്പോലെ ഒന്നിച്ചു കഴിയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്നേഹഭവനം എന്ന എന്റെ സ്വപ്നം ജെന്നിനു വളരെ ഇഷ്ടമായി.

ഒരു രാത്രി പണദൗർലഭ്യത്തെക്കുറിച്ചു ഞാൻ എന്തോ പറഞ്ഞു കഴിഞ്ഞപ്പോൾ ജെൻ ഇങ്ങനെയാണു മറുപടി നൽകിയത്: “ഡേവിഡ് , നിങ്ങൾക്കു ലജ്ജയില്ലേ? ഈ കാര്യത്തിൽ നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നതു പുറകോട്ടാണ്. നിങ്ങൾ ഇപ്പോൾ ചെയ്യുന്നത് ഒന്നാമതു വേണ്ട പണം എല്ലാം സമാഹരിക്കുന്നു. എന്നിട്ട് വീടു വാങ്ങാം എന്നു കരുതുന്നു. നേരേ മറിച്ചാണു വേണ്ടത്.





ഒന്നാമതു നിങ്ങൾ വീടുവാങ്ങുകയും പിന്നെ പണം കണ്ടെത്തുകയും ചെയ്യുക എന്നതാണു വിശ്വാസത്തിന്റെ വഴി”.

ആദ്യം കേട്ടപ്പോൾ അതൊരു സ്ത്രീയുടെ പ്രായോഗികബുദ്ധി മാത്രമാണെന്നു തോന്നി. എന്നാൽ അതേപ്പറ്റി കൂടുതൽ ആലോചിച്ചപ്പോൾ ബൈബിൾസംഭവങ്ങൾ എനിക്കോർമ്മ വന്നു. ദൈവം തന്റെ അത്ഭുതം ചെയ്യുന്നതിനു മുൻപ് മനുഷ്യർ തന്റെ പക്കലുള്ളതുവച്ച് വിഡ്ഢിത്തമെന്നു തോന്നുന്ന ഒരു നീക്കം നടത്തേണ്ടതാണ്. കടൽ വിഭജിക്കപ്പെടുന്നതിനു മുൻപ് മോശ തന്റെ വടി അതിനു മീതെ നീട്ടേണ്ടതായിരുന്നു. യെരീഹോ മതിൽ വീഴുന്നചിനു മുൻപ് യോശുവാ കാഹളം ഊതി. ഒരു പക്ഷേ ഞാനും ആദ്യം ശുശ്രൂഷയുടെ ആസ്ഥാനമായി വീടു വാങ്ങിയാൽ മാത്രമാണ് അതു സ്വന്തമാകുന്ന അത്ഭുതം സംഭവിക്കുക.

ഞാൻ എന്റെ കേന്ദ്രകമ്മിറ്റി വിളിച്ചു കൂട്ടി. ആറു ശുശ്രൂഷകന്മാരും മൂന്ന് അല്മായരും അടങ്ങുന്ന ഒരു കൂട്ടത്തിനാണ് കേന്ദ്രകമ്മിറ്റി എന്ന ഗംഭീരമായ പേര്. പക്ഷേ എല്ലാവരും നല്ല ആത്മീയദർശനം ഉള്ളവരും ഞങ്ങളുടെ സംഘടനയ്ക്കായി സമയം മാറ്റിവയ്ക്കത്തവണ്ണം ചെറുപ്പക്കാരിൽ തൽപരരുമായിരുന്നു.

ക്രിസ്തീയപ്രവർത്തകരൊത്ത് ലഹരി മരുന്ന് അടിമകളും മാഫിയാ അംഗങ്ങളും ഒന്നിച്ചു കഴിയുന്ന ഒരു സ്നേഹഭവനത്തിന്റെ വർധിച്ചുവരുന്ന ആവശ്യത്തെക്കുറിച്ച് ഞാൻ അവരോടു സംസാരിച്ചു. സ്ഥലം നാം ആദ്യം കണ്ടെത്തുകയും അതിനു പണം നൽകുന്നതിനെക്കുറിച്ച് പിന്നീടു മാത്രം ചിന്തിക്കുകയുമാണു വേണ്ടതെന്ന ജെന്നിന്റെ തോന്നലിനെക്കുറിച്ച് ഞാൻ അവരോടു പറഞ്ഞു. ആ ആശയം അനുസരിച്ചു മുന്നോട്ടു നീങ്ങുവാൻ കമ്മിറ്റിയും തയാറായിരുന്നു. ഞങ്ങളുടെ കമ്മിറ്റിയിലുണ്ടായിരുന്ന ഒരു ശുശ്രൂഷകൻ ആർതർ ഗ്രേവ്സ് ഇങ്ങനെ നിർദ്ദേശിച്ചു: “വിശ്വാസത്തിലുള്ള ഒരു തുറന്ന പരീക്ഷണമായി നാം ഇതിനെ എടുക്കണം”.

ഞങ്ങളുടെ ഈ തീരുമാനത്തെ തുടർന്നുണ്ടായ സംഭവങ്ങളുടെ തുടർച്ച ഇങ്ങനെ:

1960 ഡിസംബർ 15 പുലർച്ചെ രണ്ടു മണിക്ക് അഗാധമായ പ്രാർത്ഥനയിൽ മുഴുകിയിരിക്കവേ ബ്രൂക്ക് ലിനിലെ ഒരു പ്രത്യേക തെരുവിലാണ് ഞങ്ങൾ കെട്ടിടം അന്വേഷിക്കേണ്ടതെന്ന വളരെ വ്യക്തമായ ഒരു ബോധ്യം എനിക്കുണ്ടായി. ഏറ്റവും കുഴപ്പം പിടിച്ച ബെഡ്ഫോർഡ് സ്റ്റ്യുവസാന്റ് മേഖലയുടെ ഹൃദയഭാഗത്തോടു ചേർന്നായിരിക്കണം ഞങ്ങളുടെ ഭവനമെന്നു ഞങ്ങൾക്കറിയാമായിരുന്നു. അതുകൊണ്ട് ഫുൾട്ടൻ തെരുവിലാണ് ആദ്യ അന്വേഷണം വേണ്ടതെന്നായിരുന്നു ഞങ്ങളുടെ ചിന്ത. പക്ഷേ ഇപ്പോൾ ക്ലിന്റൺ അവന്യൂവിലാണു വീടു നോക്കേണ്ടതെന്നു വ്യക്തമായി.

തിടുക്കത്തിൽ നഗരത്തിന്റെ ഭൂപടം എടുത്ത് ഞാൻ ആ തെരുവ് കണ്ടെത്തി. കടലാസിൽ അത് ഒരു കറുത്ത വരമാത്രമായിരുന്നു. പക്ഷേ ടീൻ ചലഞ്ച് സെന്ററിന്റെ വിലാസം അതായിരിക്കണം എന്നു തീരുമാനമായ മട്ടിൽ ഞാൻ ആ വരയ്ക്കു ചുറ്റും ഒരു വൃത്തം വരച്ചു.

അടുത്ത ദിവസം തന്നെ ഞാൻ കമ്മിറ്റി അംഗങ്ങളിൽ ഒട്ടേറെ പേരെ വിളിച്ചു. ക്ലിന്റൻ അവന്യൂവിൽ ഒത്തു ചേരാനും ഏതുതരത്തിലുള്ള വീടാണു ലഭിക്കുകയെന്നു നോക്കാനും തീരുമാനിച്ചു. പുറപ്പെടുന്നതിനു മുൻപ് ഞാൻ ഞങ്ങളുടെ ട്രഷറർ പോൾ ഡൈലനെ വിളിച്ച് സംഘടനയ്ക്ക് എത്ര പണമാണു നീക്കിയിരിപ്പുള്ളതെന്ന് അന്വേഷിച്ചു.

“എന്താ കാര്യം?” പോൾ ചോദി

ച്ചു.

"അതായത് ക്ലിൻൺ അവന്യുവിൽ എന്തെങ്കിലും വീടു വാങ്ങാൻ വേണ്ടിയാണ്."

"കൊള്ളാം. ഇതുവരെ നമ്മുടെ കൈയിലുള്ള മിച്ചം 127 ഡോളർ 73 സെന്റാണ്".

"ഉംഉം"

"അതു താങ്കൾക്കു പ്രശ്നമല്ലേ?"

"ഞങ്ങളുടെ പരീക്ഷണം വിജയിക്കുകയാണെങ്കിൽ അതു സാരമില്ല. ഏതായാലും ഞങ്ങൾ വിവരം അറിയിക്കാം." എന്റെ മറുപടി.

ആദ്യം കണ്ട വീടു തന്നെ ഞങ്ങളുടെ ആവശ്യത്തിനു പറ്റുമെന്നു തോന്നി. അതൊരു പഴയ വീടായിരുന്നു. "വിൽപ്പനയ്ക്ക്" എന്നൊരു പഴകി ദ്രവിച്ച ബോർഡ് വീടിനു മുൻപിൽ തൂങ്ങിക്കിടന്നു. മൊത്തത്തിൽ വലിയ താൽപര്യം തോന്നാത്ത ഒരു പഴയ കെട്ടിടം. എന്നാൽ കേവലം 17,000 ഡോളർ എന്ന വില വളരെ സ്വീകാര്യമായിത്തോന്നി. പ്രായമായ ഒരു മാന്യൻ ഞങ്ങളെ വീടും പരിസരവും കൊണ്ടു നടന്നു കാണിച്ചു. ഒടുവിൽ വില ചർച്ചചെയ്യുന്ന ഘട്ടത്തിലേക്കു കാര്യങ്ങൾ പുരോഗമിച്ചു. അദ്ദേഹം പറഞ്ഞ വ്യവസ്ഥകൾ എല്ലാം നല്ലതായിരുന്നു. എത്ര വേഗത്തിലാണു കാര്യങ്ങൾ നീങ്ങുന്നതെന്ന് ഞങ്ങൾ അന്യോന്യം പറഞ്ഞു. എന്നാൽ അടുത്ത ദിവസം ഞങ്ങൾ കാര്യങ്ങൾ തീരുമാനിക്കാൻ ചെന്നപ്പോൾ വീട്ടുടമസ്ഥനായ മാന്യൻ 'ഉരുണ്ടു കളിച്ചു'. ഇതു പല ദിവസം ആവർത്തിച്ചപ്പോൾ ഇനി വേറെ വീടു നോക്കിയാലോ എന്നായി ഞങ്ങൾ.

ഒടുവിൽ 'വിൽപനയ്ക്ക്' എന്ന പരസ്യം ജനൽപാളിയിൽ പതിച്ച മറ്റൊരു വീട് ക്ലിന്റൺ അവന്യുവിൽ തന്നെ ഞങ്ങൾ പോയി കണ്ടു. അതിനു മുൻപും ഞാൻ നീക്കിയിരിപ്പ് എത്രയെന്ന് അന്വേഷിച്ചു. ഇപ്പോൾ ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ തുക നൂറു ഡോളറിൽ താഴെയായിരിക്കുന്നു. പക്ഷേ ഇത്തവണ ഞങ്ങൾ 17000 ഡോളറിന്റെ വീടല്ല മറിച്ച് 34000 ഡോളറിന്റെ വീടും സ്ഥലവുമാണു നോക്കുന്നത്. ഇത് ഒരു നഴ്സിങ് ഹോമായിരുന്നു. പല തരത്തിലും അത് ഞങ്ങൾക്ക് ഏറ്റവും യോജിച്ചതായത്തോന്നി. കിടക്കകൾ, ഓഫീസുകൾ, സ്റ്റാഫിനുള്ള താമസസൗകര്യം എല്ലാം ഉണ്ട്. ഞങ്ങൾ സംസാരിച്ചപ്പോൾ ഉടമ വില താഴ്ത്താനും തയ്യാറായി. ഞങ്ങളുടെ കയ്യിൽ കഷ്ടിച്ചു നൂറു ഡോളറേ ഉള്ളു; ഒരു വീടിനെക്കാൾ ഒരു സ്ഥാപനത്തിന്റെ വിരസമായ അന്തരീക്ഷമാണ് അതിനുള്ളത് എന്നിവയെല്ലാം ശരിയായിരുന്നെങ്കിലും ഞാൻ കരാർ ഒപ്പിടാൻ തയാറായി.

എന്നാൽ ഞങ്ങളുടെ ബോർഡിലുണ്ടായിരുന്ന ഡിക്ക് സിമ്മൺസ് എന്ന യുവ പ്രസ്ബിറ്റേറിയൻ പാസ്റ്റർ ഇങ്ങനെ പറഞ്ഞു: "നമ്മൾ എന്തെങ്കിലും ഒരു തീരുമാനം എടുക്കുന്നതിനു മുൻപ് തെരുവിന് എതിർവശത്തുള്ള ഒരു വീടു കൂടി നോക്കിയാൽ നന്നായിരുന്നു. ആ വീടിന്റെ താക്കോൽ എന്റെ കൈയിലുണ്ട്."

"അതിന് എത്ര വരും?" ഞാൻ ചോദിച്ചു

ഡിക്ക് ഒന്നു മടിച്ചു: "അറുപത്തയ്യായിരം ഡോളർ."

'കൊള്ളാം ഒരോ തവണയും ഒരു പുതിയ വീടു നമ്മൾ നോക്കുമ്പോൾ അതിന്റെ വില മേലോട്ടാണ്. അതേ സമയം ബാങ്കിലെ നമ്മുടെ നീക്കിയിരിപ്പ് താഴോട്ടും. നമ്മുടെ കൈവശം 125 ഡോളർ ഉള്ളപ്പോൾ നാം കണ്ടത് 17000 ഡോളറിന്റെ വീടാണ്. 34000 ഡോളറിന്റെ വീടു നോക്കിയപ്പോൾ നമ്മുടെ കൈയിൽ നൂറു ഡോളറേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ നാം 65,000 ഡോളറിന്റെ വീടു നോക്കുമ്പോൾ നീക്കിയിരിപ്പു പിന്നേയും കുറഞ്ഞു' ഞാൻ പറ





ഞ്ഞു.

എന്നാൽ 65,000 ഡോളറിന്റെ വീട് ഒരു കൊട്ടാരമായിരുന്നു. അതു കണ്ടപ്പോൾ തന്നെ എന്റെ ഹൃദയം ഒന്നു കുതിച്ചുയർന്നുവെന്നു സമ്മതിക്കുന്നു. ചുവന്ന ഇഷ്ടികകൊണ്ടു കെട്ടിയ നല്ല ഉറപ്പുള്ള ഒരു രമ്യഹർമ്മം.

എന്നാൽ ഒടുവിൽ ആ കൊട്ടാരത്തിന്റെ ഉള്ളിൽ കടന്നു നോക്കിയപ്പോഴോ? എന്തൊരു ഞെട്ടലാണ് ഞങ്ങളെ അവിടെ കാത്തിരുന്നത്! രണ്ടു വർഷമായി ആൾത്താമസമില്ലാതെ കിടന്ന ആ വീടിന്റെ ഉള്ളിൽ ഇല്ലാത്തതൊന്നും ഉണ്ടായിരുന്നില്ല. പല നാളുകളായി സമീപത്തെ കോളജിലെ കുട്ടികൾ ഈ കെട്ടിടം അനാശാസ്യ പ്രവർത്തനങ്ങൾക്ക് തോന്നിയതു പോലെ ഉപയോഗിക്കുകയായിരുന്നു. ഇപ്പോഴവിടെ ഒരു വൃദ്ധൻ അനധികൃതമായി താമസിച്ചുവരികയാണ്. ചപ്പുചവറുസാധനങ്ങൾ ഒന്നും നഷ്ടപ്പെടാതെ സൂക്ഷിച്ചുവച്ച് അതിൽ സുരക്ഷിതത്വം കാണുന്ന ഒരാളായിരുന്നു അയാൾ. അയാൾ ആ വീടിന്റെ മുറികളെല്ലാം പഴയ പത്രങ്ങൾ, പൊട്ടിയ കുപ്പികൾ, കുടകളുടെ അസ്ഥിപഞ്ജരങ്ങൾ, കുട്ടികളുടെ പൊളിഞ്ഞ ഉന്തുവണ്ടികൾ, നുള്ളുനുറുങ്ങു സാധനങ്ങൾ എന്നിവകൊണ്ടു നിറച്ചിരിക്കുകയാണ്. ഓരോ ദിവസവും രാവിലെ അയാൾ തന്റെ വണ്ടിയുമായി അയൽവക്കങ്ങളിൽ ചപ്പുകൂനയിൽ ചെന്ന് ഇവ തപ്പിയെടുത്തുകൊണ്ടു വന്നു വീട്ടിൽ സൂക്ഷിച്ചുവയ്ക്കുകയാണു പതിവ്. സാങ്കേതികമായി പറഞ്ഞാൽ ഇയാൾ ആ വീട്ടിൽ നാളുകളായി താമസിക്കുന്നവനാണെന്നു ഞാൻ ഊഹിച്ചു. പക്ഷേ അയാളിൽ നിന്ന് എന്തെങ്കിലും കിട്ടുമെന്ന ആശയൊക്കെ വീടിന്റെ ഉടമസ്ഥർക്കു പണ്ടേ നഷ്ടപ്പെട്ടെന്നാണു ഞാൻ കരുതുന്നത്. പൈപ്പുകൾ മിക്കതും പൊട്ടിത്തകർന്നിരിക്കുന്നു. സീലിങ്ങിൽ നിന്നും ഭിത്തിയിൽ നിന്നും പ്ലാസ്റ്ററുകൾ അടർന്നു പോയിരിക്കുന്നു. കതകുകൾ വിജാഗിരികളിൽ നിന്നു വേർപെട്ട നിലയിലാണ്.

ഇതെല്ലാമാണെങ്കിലും ഒരു കാലത്ത് ഇതു യഥാർത്ഥത്തിൽ ഒരു കൂറ്റൻ മാളികയായിരുന്നുവെന്ന് ആർക്കും മനസ്സിലാകും. രണ്ടാം നിലയിലേക്ക് സ്വകാര്യ ലിഫ്റ്റ് സൗകര്യം ഉണ്ട്. വേലക്കാർക്കു പ്രത്യേകം സൗകര്യപ്രദമായ പാർപ്പിടം. കെട്ടിടത്തിന്റെ നിലവറ വളരെ കരുത്തുള്ളതാണ്. ഭിത്തികളും നല്ല ഉറപ്പോടെ നിൽക്കുന്നു. ഞങ്ങൾ ആ കെട്ടിടത്തിനുള്ളിലൂടെ, ആ നഷ്ടാവശിഷ്ടങ്ങൾക്കിടയിലൂടെ, ദുഃഖത്തോടെ നിശ്ശബ്ദരായി നടക്കുകയാണ്. പൊടുന്നനെ: "ഇതാണു സ്ഥലം. ദൈവം നമുക്കായി വച്ചിരിക്കുന്ന സ്ഥലം ഇതാണ്''. മൗണ്ട്വെർണോണിൽ നിന്നുള്ള ഡച്ചു പാസ്റ്റർ ഹെറാൾഡ് ബ്രെഡിസന്റേതായിരുന്നു ആ വാക്കുകൾ.

ഒരു പ്രവചനത്തിന്റെ മുഴക്കമുള്ള, ആജ്ഞയുടെ കരുത്തുള്ള, സ്വരമായിരുന്നു അത്. അതിന്റെ അധികാരികതയും തിടുക്കവും അടുത്ത ദിവസങ്ങളിലും എന്നിൽ നിറഞ്ഞു നിന്നു. തുടർന്നു ഞങ്ങൾ നടത്തിയ പരീക്ഷണത്തിനു പിന്നിലും കരുത്തായി ആ വാക്കുകളുണ്ടായിരുന്നു.

കെട്ടിടത്തിന്റെ താക്കോൽ തിരികെ കൊടുക്കുമ്പോൾ ഡിക്ക് സിമ്മൻസ് ഉടമസ്ഥരോടു സംസാരിച്ചു. 65000 ഡോളർ എന്ന വില, വീട് പൂർണമായും നല്ല നിലയിലായിരുന്നെങ്കിൽ മതിക്കുമായിരുന്നു എന്നതു വാസ്തവം. പക്ഷേ കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ആരെങ്കിലും അടുത്തയിടെ കണ്ടിട്ടുണ്ടോ? ഉടമസ്ഥർ വില താഴ്ത്താൻ തയാറായി. ഡിക്ക് കുറച്ചു കൂടെ സംസാരിച്ചു. ഉടമകൾ കുറച്ചു കൂടി വില താഴ്ത്തി. ഒടുവിൽ അവർ കർശനമായി പറഞ്ഞു. ''ഇതാണു ഞങ്ങളുടെ ഏറ്റവും കുറഞ്ഞ വില" ഡിക്കിന് വിലയെ 42000 ഡോളറിലേക്കു

താഴ്ത്തിക്കൊണ്ടുവരുവാൻ കഴിഞ്ഞു!

"ശരി വളരെ നല്ല ഒരു വിലപേശലായിരുന്നു അത്. പക്ഷേ നമ്മുടെ കൈയിലെ നീക്കിയിരുപ്പ് ഇപ്പോഴും നൂറു ഡോളറിൽ താഴെയാണ്." ഞാൻ ഡിക്ക് സിമ്മൻസിനോടു പറഞ്ഞു.

വാസ്തവത്തിൽ ക്ലിന്റൺ അവന്യു 416 ലെ കെട്ടിടം വാങ്ങിക്കാൻ എനിക്കു വലിയ താൽപര്യം ഉണ്ടായിരുന്നില്ലെന്നു തോന്നുന്നു. ആ കെട്ടിടത്തിനു ധാരാളം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ടായിരുന്നു. അതിനാകട്ടെ ആഴ്ചകൾ തന്നെ വേണ്ടി വരും. ഒരു പഴയ കെട്ടിടം പുതുക്കി എടുക്കാൻ സമയം ചെലവഴിക്കുന്നതിനെക്കാൾ, സ്നേഹഭവനത്തിന്റെ പ്രവർത്തനങ്ങളിൽ ഉടനെ തന്നെ ആണ്ടുമുഴുകാനായിരുന്നു എനിക്കു താൽപര്യം.

അതേ സമയം തന്നെ ഈ വീട്ടിലേക്കു ഞങ്ങൾ മാറുകയാണു വേണ്ടതെങ്കിൽ, ആ ദൈവഹിതത്തെ തടയുവാൻ ഞാനാരാണ്? മറ്റൊരു ചുവടു വയ്ക്കുന്നതിനു മുൻപ് ഞങ്ങൾ ദൈവഹിതത്തിലാണെന്ന് ഉറപ്പുവരുത്തുവാൻ ഞാനാഗ്രഹിച്ചു.

ആ രാത്രിയിൽ പ്രാർത്ഥനാസമയത്ത് ഞാനീ ചോദ്യം കർത്താവിന്റെ മുൻപാകെ വച്ചു.

"കർത്താവേ, കഴിഞ്ഞ കാലത്ത് ഒരു അടയാളത്തിലൂടെ അവിടുന്ന് അവിടുത്തെ ഹിതം എനിക്കു വെളിപ്പെടുത്തിയിട്ടുണ്ട്". ടെലിവിഷൻ സെറ്റു വിൽക്കണോ, ഫിലിപ്സ് ബർഗ്ഗിൽ പാസ്റ്റർ സ്ഥാനം സ്വീകരിക്കണോ എന്നിങ്ങനെയുള്ള തീരുമാനത്തിന്റെ വേളയിൽ ദൈവഹിതം ഈ നിലയിൽ വെളിപ്പെടുത്തിയതു ഞാനോർത്തു. ഞാൻ തുടർന്നു പ്രാർത്ഥിച്ചു. "അതുപോലെ ഒരു തുകൽ കൂടി ഇടുന്നതിനു ഞാൻ അനുവാദം ചോദിക്കുന്നു".

പിറ്റേന്ന്, ഞാൻ ഗ്ലാഡ് ടൈഡിങ്സ് എന്ന നല്ല പുരാതന സഭയിലെ സ്റ്റാൻലിബെർഗ്ഗിനോടൊപ്പം സഭാ ശുശ്രൂഷകയായിരിക്കുന്ന മിസ്സിസ് മേരീബ്രൗണിനോടു ദീർഘനേരം സംസാരിച്ചു. ഞങ്ങളുടെ ആവശ്യം, ഒരു പ്രവർത്തന കേന്ദ്രം എന്തുകൊണ്ടാണ് ആവശ്യമായിരിക്കുന്നത്, ഞങ്ങൾ കണ്ടെത്തിയ കെട്ടിടം എന്നിവയെക്കുറിച്ച് ഞാൻ പറഞ്ഞു.

മിസ്സിസ് ബ്രൗൺ പറഞ്ഞു : "ഡേവിഡ് ഇതു തീർത്തും ആവശ്യമായ കാര്യമാണ്. കെട്ടിടം വാങ്ങുന്നെങ്കിൽ എന്നത്തേക്കാണ് അതു കരാർ ഉറപ്പിക്കേണ്ടത്?

"ഒരാഴ്ചക്കുള്ളിൽ അതു വേണ്ടിയിരിക്കുന്നു"

"ഈ ഞായറാഴ്ച ഉച്ചയ്ക്കുശേഷം സഭയിൽ വന്ന് ഇതു സംബന്ധിച്ച് ഒരു ആഹ്വാനം നടത്താമോ? ഇത് ഒരു നല്ല സമയമല്ലെന്ന് എനിക്കറിയാം. ഒന്നാമത് ഉച്ചകഴിഞ്ഞുള്ള സമയം രണ്ടാമതു ക്രിസ്ത്മസിനു തൊട്ടുമുൻപുള്ള സന്ദർഭവുമാണ്. പക്ഷേ വരുന്നെങ്കിൽ താങ്കൾക്കു വരാം."

അതൊരു വലിയ അവസരമായിരുന്നു. വരാമെന്നു സന്തോഷത്തോടെ ഞാൻ സമ്മതിച്ചു. എന്നിട്ടും ഞാൻ ദൈവത്തോട് ഒരത്ഭുതത്തിനായി അപേക്ഷിച്ചു. ഞങ്ങളുടെ ഈ പദ്ധതിയിൽ അവിടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഞാനാഗ്രഹിച്ചു. ഗ്ലാഡ് ടൈഡിങ്സിൽ ഒരു അഭ്യർത്ഥനകൊണ്ട് ഇത്തരം സ്വദേശത്തെ പ്രവർത്തനങ്ങൾക്കായി സാധാരണ കിട്ടുന്നതു 2000 ഡോളറാണെന്ന് എനിക്കറിയാമായിരുന്നു. ഞങ്ങൾക്ക് അതിന്റെ ഇരട്ടിയിലേറെ വേണം. കരാർ ഉറപ്പിക്കാൻ മൊത്തം തുകയുടെ 10 ശതമാനമായ ആദ്യഗഡുവിന് 4200 ഡോളറാണു വേണ്ടത്.

ആ രാത്രിയിൽ പ്രാർത്ഥനയിൽ ഞാൻ ഇങ്ങനെ പറഞ്ഞു "കർത്താവേ ഞങ്ങൾക്ക് ആ കെട്ടിടം ആവശ്യമാണെങ്കിൽ അതിനുള്ള പണം ഉച്ചകഴിഞ്ഞുള്ള ഒരൊറ്റ മീറ്റിംഗ് കൊണ്ടു





നൽകി ഇത് അവിടുത്തെ ഹിതമാണെന്നു ഞങ്ങളെ അറിയിക്കണം". ആ നിബന്ധനതന്നെ പ്രയാസമുള്ളതാണ്. പക്ഷേ ഗിദെയോനെപ്പോലെ കാര്യങ്ങൾ കൂടുതൽ പ്രയാസമുള്ളതാക്കാൻ ഞാൻ കൂടുതൽ വ്യവസ്ഥകൾ വയ്ക്കാൻ തുടങ്ങി. "അതുപോലെ കർത്താവേ. ഞങ്ങൾക്ക് എത്ര ആവശ്യമുണ്ടെന്ന് പറയാതെ തന്നെ എനിക്ക് അത്രയും തുക സംഭരിക്കാൻ കഴിയണം". ഞാനൊന്നു നിർത്തി: "മാത്രമല്ല കർത്താവേ, പണത്തിനായി ഒരു പ്രത്യേക അഭ്യർത്ഥന നടത്താതെ തന്നെ എനിക്ക് ആവശ്യമുള്ളതു ലഭിക്കണം. ആളുകൾ അവരുടെ ഹൃദയത്തിൽ നിന്നു തന്നെ തരുന്നതായിത്തീരട്ടെ."

ഈ തുകൽ എല്ലാം കർത്താവിന്റെ മുൻപാകെ ഇട്ടുകഴിഞ്ഞപ്പോൾ ഞാൻ ഒരു വിഡ്ഢിയെപ്പോലെ നിന്നു. ഒത്തിരി പണിയുള്ള ആ കെട്ടിടം ലഭിക്കാതിരിക്കാൻ വേണ്ടതെല്ലാം ഞാൻ പറഞ്ഞതുപോലെ. പക്ഷേ ഏതായാലും ഞാൻ പ്രാർത്ഥിച്ചു കഴിഞ്ഞു. ഇനി എന്താണു നടക്കുന്നതെന്നു കാത്തിരുന്നു കാണാം.

ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള സമയം വന്നു. 1960 ലെ ക്രിസ്മസിനു തൊട്ടു മുൻപുള്ള ഞായർ. ഞാൻ വളരെ ലളിതമായ സന്ദേശമാണു പ്രസംഗിച്ചത്. അതു വളരെ കാര്യമാത്രപ്രസക്തമായി മാത്രം ഞാൻ അവതരിപ്പിച്ചു. ഞങ്ങളുടെ പ്രശ്നങ്ങൾ, ഞങ്ങളുടെ പ്രതീക്ഷകൾ എന്നിവ ഞാൻ പങ്കുവച്ചു. ഞങ്ങൾ കണ്ടുമുട്ടിയ ചില കുട്ടികളുടെ കഥകൾ വസ്തുനിഷ്ഠമായി മാത്രം പറഞ്ഞു. ഒടുവിലായി ഞാൻ ഇങ്ങനെ പറഞ്ഞു.

"പ്രിയരേ, ഞാൻ വികാരഭരിതമായ ഒരു അഭ്യർത്ഥന നടത്താൻ ആഗ്രഹിക്കുന്നില്ല. ഇതു നടക്കുകയാണെങ്കിൽ ആത്മാവിന്റെ നടത്തിപ്പിനുസരിച്ചു മാത്രം മതി എന്നാണെന്റെ ആഗ്രഹം. ഞങ്ങൾക്ക് എത്രയാണ് ആവശ്യമെന്ന് അവിടുത്തേക്കറിയാം. ഞാനിപ്പോൾ പോകുകയാണ്. താഴത്തെ ബേസ്മെന്റിലേക്ക്. ഈ ശുശ്രൂഷക്കായി ഒരു നിശ്ചിത തുക നൽകാൻ നിങ്ങളാരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ അവരിൽ നിന്നു കേൾക്കാൻ എനിക്കു സന്തോഷമേയുള്ളൂ".

പുറകിലത്തെ വാതിലിലൂടെ ഞാൻ മെല്ലെ താഴേ നിലയിലേക്കു പോയി. അവിടെ നിന്നു നിലവറയിലേക്കും. അവിടെ പഴയ പുൾപ്പിറ്റിനു മുൻപിൽ ഞാൻ കാത്തിരിക്കാൻ തുടങ്ങി. മിനിറ്റുകൾ മെല്ലെ കടന്നുപോകുന്നത് ഭീതിയോടെ ഞാൻ കണ്ടിരുന്നത് എങ്ങനെ മറക്കും? തണുത്ത ഒരു വിയർപ്പ് എന്റെ ശരീരത്തിൽ പടർന്നു. ഒരു കാര്യം എന്നെ അത്ഭുതപ്പെടുത്തി. 416 ക്ലിന്റൺഅവന്യൂ കെട്ടിടം യഥാർത്ഥത്തിൽ എനിക്ക് ആഗ്രഹമുണ്ടായിരുന്നെന്ന് ആ നിമിഷത്തിൽ ഞാൻ ആശ്ചര്യത്തോടെ തിരിച്ചറിഞ്ഞു. ഒരു മിനിറ്റു കടന്നു പോയി. ഗോവണിപ്പടിയിൽ ആരുടേയും പാദപതന ശബ്ദമില്ല. രണ്ടു മിനിറ്റ് . അഞ്ചു മിനിറ്റ്. പത്തു പൂർണമിനിറ്റുകൾ ഒന്നും സംഭവിക്കാതെ കടന്നു പോയപ്പോൾ ഞാൻ എല്ലാം ഉപേക്ഷിച്ചു. ഏതായാലും സംഭവം തീർന്നല്ലോ എന്നതിൽ ഞാനാശ്വസിച്ചു. അവസാനം എന്റെ തുകൽ പരീക്ഷണം വിജയിച്ചില്ല!

എഴുന്നേൽക്കാൻ ഭാവിക്കുമ്പോഴിതാ ഹാളിന്റെ അറ്റത്തുള്ള വാതിൽ അൽപം തുറന്ന് വളരെ വളരെ പ്രായമായ ഒരു സ്ത്രീ പ്രവേശിക്കുന്നു. അവർ കണ്ണീരോടെ ഇങ്ങനെ പറഞ്ഞു. "റവറന്റ് വിൽക്കേഴ്സൺ, ഇങ്ങനെ ഒരു പ്രവർത്തനം ഉണ്ടാകേണ്ടതിനു വേണ്ടി 15 വർഷമായി പ്രാർത്ഥിക്കുന്ന വളാണു ഞാൻ. ഇതാ പത്തു ഡോളർ. ഇത്രയുമേ എനിക്കു തരാൻ കഴിയൂ. വിധവയുടെ കാശ്. പക്ഷേ ഇതു പല

മടങ്ങു വർധിച്ച് വലിയൊരു പ്രയോജനമായിത്തീരും."

അവൾ പോകുന്നതിനു മുൻപു തന്നെ പുറകിലത്തെ വാതിൽ ഒരാൾ മലർക്കെ തുറന്ന് അത് അടഞ്ഞുപോകാതിരിക്കാൻ ഒരു കസേര തടയായി വച്ചു. തുടർന്ന് അനുസ്യൂതമായ ഒരു പ്രവാഹമായിരുന്നു. പിന്നീട് ആദ്യം വന്നത് 50 വയസുള്ള ഒരു സ്ത്രീയായിരുന്നു. അവൾ പറഞ്ഞു ''റവറന്റ് വിൽക്കേഴ്സൺ. സോഷ്യൽ സെക്യൂരിറ്റിയിൽ നിന്ന് എനിക്കു കുറച്ചു പണം ലഭിച്ചു. അതു മുഴുവൻ താങ്കളുടെ കുട്ടികൾക്കു തരുവാൻ ഞാനാഗ്രഹിക്കുന്നു''.

എനിക്ക് അത്യുത്സാഹമായി. ഇതുപോലൊരു കാര്യം മുൻപു കണ്ടിരുന്നില്ല. അടുത്തു വന്നത് ഒരു പുരുഷനാണ് അദ്ദേഹം 20 ഡോളർ തന്നു. അടുത്തയാൾ 300 ഡോളർ തന്നു. തുടർന്നു വന്ന ആൺകുട്ടി 14 സെന്റാണു തന്നത്. പക്ഷേ അവൻ പറഞ്ഞു "ദൈവം ഇതിലുണ്ട്. എനിക്കു കിട്ടിയതെല്ലാം നിങ്ങൾക്കു തരുന്നു".

ഓരോരുത്തർക്കും ഒരു നിശ്ചിത തുക തരാനുണ്ടായിരുന്നു. പാറ്റ്റുംഗി എന്ന സ്കൂളധ്യാപകൻ വന്നു പറഞ്ഞതിങ്ങനെ: "ഡേവിഡ്, ഞാൻ ധാരാളം പണം ഉണ്ടാക്കുന്നില്ല. നിങ്ങളെപ്പോലെ കൗമാരക്കാരുടെ ഇടയിലാണ് ഞാനും പ്രവർത്തിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ചെയ്യുന്ന പ്രവർത്തനത്തിന്റെ പ്രത്യേകത എനിക്കറിയാം. പിൽക്കാല ചെക്ക് നിങ്ങൾ സ്വീകരിക്കുമെങ്കിൽ ഞാൻ 25 ഡോളർ സംഭാവന ചെയ്യാം."

ആളുകളുടെ നിര വന്ന് പണം നിക്ഷേപിച്ച് മടങ്ങിപ്പോകാൻ 15 മിനിറ്റ് എടുത്തു. പക്ഷേ അവരോരുത്തരും പണം മാത്രമല്ല കൊണ്ടുവന്നത്. ഉത്സാഹവും സന്തോഷവും കൂടെ അവർ സംഭാവന ചെയ്തു. എനിക്കും ആ സന്തോഷം ഉൾക്കൊള്ളാൻ കഴിഞ്ഞു. ഒടുവിലത്തെ ആളും പോയിക്കഴിഞ്ഞപ്പോൾ ഞാൻ മേശപ്പുറത്തു കുന്നുകൂടിയിരുന്ന കറൻസിയും ചെക്കുകളും മിസ്സിസ്ബ്രൗണിന്റെ ഓഫീസിൽ കൊണ്ടു ചെന്നു. അവിടെ ഞങ്ങൾ അതെണ്ണിനോക്കി. മൊത്തം തുക 4,400 ഡോളർ!

കർത്താവിന്റെ മുൻപാകെ ഞാനിട്ട തുകലുകളെക്കുറിച്ച് അപ്പോഴാണ് ഞാൻ മിസ്സിസ് ബ്രൗണിനോട് ആദ്യമായി പറഞ്ഞത് എന്നെപ്പോലെ തന്നെ അവരും ആവേശഭരിതയായി! ഇതൊരു അത്ഭുതമായിത്തന്നെ അവർ വിവരിച്ചു. സഭയിൽ ഇത:പര്യന്തം ഇങ്ങനെയൊന്നു സംഭവിച്ചിട്ടില്ലെന്ന് അവർ ആവർത്തിച്ചു പറഞ്ഞു. ഈ പദ്ധതിയിൽ ദൈവസാന്നിധ്യമുണ്ടെന്ന് അവർക്കു മുമ്പെന്നത്തേക്കാളും ബോധ്യമായി.

എന്നാൽ മിസ്സിസ് ബ്രൗണിനോട് ഞാൻ എന്റെ ഒരു സംശയത്തെക്കുറിച്ചു പറഞ്ഞില്ല. കൂടുതലായി ലഭിച്ച 200 ഡോളർ ആയിരുന്നു പ്രശ്നം. 4200 ഡോളറാണു ഞങ്ങൾ ചോദിച്ചത് ലഭിച്ചതാകട്ടെ 4400 ഡോളറും. ഒരത്ഭുതം കൃത്യമായി മാത്രമേ സംഭവിക്കാവൂ എന്നു ഞാൻ വാശി പിടിക്കുന്നതു ശിശുസഹജമായി എനിക്കു തോന്നി. എന്നാലും 200 ഡോളർ കൂടുതൽ ലഭിച്ചതിന് എന്താണു ന്യായം? അതു ദിവ്യസമൃദ്ധിയാണോ? അതോ സ്വർഗീയാനുഗ്രഹത്തിന്റെ നിറഞ്ഞു കവിയലോ? എണ്ണിയതിൽ തെറ്റിയതാണോ? അതോ ആരെങ്കിലും തന്ന ഒരു ചെക്കു പാസ്സാകാതെ പോകുമോ?

എന്നാൽ ഇതൊന്നുമല്ല ശരിയെന്ന് ഒടുവിൽ തെളിഞ്ഞു. എല്ലാ കണക്കുകൂട്ടലുകളും കഴിഞ്ഞപ്പോൾ ഒരു സത്യം അവശേഷിച്ചു. ഞങ്ങൾ ചോദിച്ചതിനെക്കാൾ കൃത്യം 200 ഡോളർ ഞങ്ങൾക്കു കൂടുതൽ ലഭിച്ചിരിക്കുന്നു.

ചില ദിവസങ്ങൾക്കുശേഷം ഓഫീസിലിരുന്ന് ഞങ്ങളുടെ വക്കീൽ ജൂലിയസ് ഫ്രൈഡുമായി ഞാൻ കരാറിന്റെ കാര്യം പറഞ്ഞുറപ്പിക്കുകയാണ്.





"ഡേവിഡ്, താങ്കൾ 4200 ഡോളറിന്റെ ചെക്കാണോ കൊണ്ടുവന്നിരിക്കുന്നത്?" അദ്ദേഹം ചോദിച്ചു.

ഞാൻ സ്തോത്രപ്രാർത്ഥനയോടെ ആ ചെക്ക് ജൂലിയസിനെ ഏൽപിച്ചു.

ജൂലിയസ് അസ്വസ്ഥതയോടെ കസേരയിൽ ഒന്ന് ഇളകിയിരുന്നു. എന്തോ സുഖകരമല്ലാത്തത് അദ്ദേഹത്തിനു പറയാനുള്ളതുപോലെ: "അല്ല എന്റെ സേവനത്തിനു ഞാൻ ഫീസൊന്നും ഈടാക്കുന്നില്ല എന്നറിയാമല്ലോ."

അത് അസാധാരണമായ ഒരു പറച്ചിലായി തോന്നി. ജൂലിയസ് ഞങ്ങളുടെ ബോർഡിലെ അംഗമാണ്. അദ്ദേഹത്തിന്റെ സമയവും സേവനവും ഈ പദ്ധതിക്കുള്ള അദ്ദേഹത്തിന്റെ സംഭാവനയായിട്ടു മാത്രമേ അതുവരെ ഞാൻ കരുതിയിരുന്നുള്ളു.

എന്നാൽ ജൂലിയസ് ഇങ്ങനെ തുടർന്നു:

"പക്ഷേ, എനിക്കു വേണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട മറ്റു വക്കീലന്മാർക്കു ഫീസു കൊടുക്കണമല്ലോ. അതായത്.."

''ജൂലിയസ് നിങ്ങൾ എന്താ പറഞ്ഞു വരുന്നത്?"

''അതായതു നമുക്ക് അൽപം കൂടി പണം ആവശ്യമാണെന്ന്. കരാർ വയ്ക്കുന്നതോടൊപ്പം ചെക്കു നൽകുമ്പോൾ ഈ ഫീസും നൽകണമല്ലോ."

"ജൂലിയസ്, ഇനി എത്ര പണമാണു വേണ്ടത്?"

മറുപടി: "ഇരുന്നൂറു ഡോളർ"

ഡൗൺ പേയ്മെന്റിനുള്ള ബാക്കി 12000 ഡോളർ ലഭിച്ചതും പ്രത്യേക നിലയിലാണ്. അടുത്ത ഞായറാഴ്ച ലോങ് ഐലന്റിൽ ഒരു സഭയിലെ പ്രസംഗത്തിനുശേഷം വെല്ലുവിളിക്കപ്പെട്ട സഭാ ജനങ്ങൾ ഒന്നടങ്കം മുന്നോട്ടുവന്ന് എന്നെ പിടിച്ചേൽപ്പിച്ചത് 3000 ഡോളറാണ്! അടുത്താഴ്ച തന്റെ സഭയുടെ തീരുമാനം ആർതർ ഗ്രേയ്വ്സ് എന്നെ വിളിച്ചറിയിച്ചത് ഇങ്ങനെ:

''ഡേവിഡ് ഞങ്ങളുടെ സഭാഭരണ സമിതി ഒരു തുകയെഴുതാത്ത ചെക്ക് എന്നെ ഏൽപ്പിച്ചിരിക്കുന്നു. ബാക്കി വേണ്ട തുക എത്രയാണെന്നു വച്ചാൽ അതെഴുതി താങ്കൾക്കിതു മാറിയെടുക്കാം".

ടീൻ ചലഞ്ച് സെന്ററിനു വേണ്ട പണം ദൈവം കൃത്യമായി ഇങ്ങനെയാണു തന്നത്. ഞങ്ങൾക്ക് മനോഹരമായ ക്ലിന്റൺ അവന്യുവിലെ കെട്ടിടത്തിന്റെ താക്കോൽ കൈ മാറിക്കിട്ടിയ ദിവസം ഞാൻ ജെന്നിനോടു പറഞ്ഞു:

"ജെൻ നീ പറഞ്ഞതു ശരിയായിരുന്നു. ഒടുവിൽ ഞങ്ങളെ വഴി കാണിക്കാൻ ഒരു സ്ത്രീ വേണ്ടിവന്നു. വിശ്വാസത്തിൽ നീങ്ങുവാൻ നീ എന്നെ വെല്ലുവിളിച്ച ശേഷം കൃത്യം ഒരു മാസംകൊണ്ട് ഞങ്ങൾക്ക് 16,400 ഡോളർ ശേഖരിക്കുവാൻ കഴിഞ്ഞു"

ജെന്നിനും സന്തോഷമായി; എന്നെപ്പോലെ. ''അടുത്ത തവണ എന്നാണടയ്ക്കേണ്ടത്?" അവൾ ചോദിച്ചു. "അതിനു സമയമുണ്ട്."

അത് ഒത്തിരി അകലെയായിട്ടാണു ഞാൻ കരുതിയത്. എന്നാൽ തിരക്കേറിയ പ്രവർത്തനങ്ങളും അത്ഭുതങ്ങളും ഞങ്ങളെ കാത്തിരുന്ന ഒരു വർഷത്തിനു ശേഷം വസന്തകാലം വീണ്ടും വന്നു. 15000 ഡോളർ അടുത്ത ഗഡു അടയ്ക്കേണ്ട ദിവസം വിചാരിച്ചതിനെക്കാൾ വേഗത്തിൽ വന്നു ചേർന്നു.

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

## മാതാപിതാക്കളും മക്കളും (പേജ് 21ൽനിന്നു തുടർച്ച)


രെയും സിനിമാതാരങ്ങളെയും അനുകരിച്ച് അവരോടൊത്ത് ചേർന്നുപോകാനുള്ള താത്പര്യം, ആൺകുട്ടികളോടുള്ള അമിതമായ അടുപ്പം. പ്രേമബന്ധങ്ങൾ, സിനിമ/ സീരിയൽ കമ്പം ഇവയെല്ലാം മാതാപിതാക്കൾ, വിശിഷ്യ പിതാവ് ശ്രദ്ധിക്കേണ്ടതാണ്. തക്കസമയത്തുതന്നെ ആവശ്യമായ ഗുണദോഷങ്ങൾ നൽകി അവരെ ശരിയായ ദിശയിൽ നയിക്കണം. നിയന്ത്രണങ്ങളില്ലാതെ വളർന്നു വന്ന ഒരു പെൺകുട്ടിയുടെ പിന്നത്തെ സ്ഥിതി കേൾക്കുക: “പെട്ടെന്ന് ഇതാ വേശ്യാവസ്ത്രം ധരിച്ചും ഹൃദയത്തിൽ ഉപായം പൂണ്ടും ഉള്ളോരു സ്ത്രീ അവനെ എതിരേറ്റുവരുന്നു. അവൾ മോഹപരവശയും തന്നിഷ്ടക്കാരത്തിയും ആകുന്നു; അവളുടെ കാൽ വീട്ടിൽ അടങ്ങിയിരിക്കയില്ല ...” (സദൃ: 7:10-11)

മാതാപിതാക്കൾ തങ്ങളുടെ കടമ നന്നായി നിർവഹിക്കുന്ന പക്ഷം പെൺമക്കൾ വഴിതെറ്റിപ്പോവുകയില്ല. അവർ സദാചാരബോധവും സുശീലവും പാതിവ്രത്യവുമുള്ളവരായി ക്രിസ്തുവിനു കൊള്ളാവുന്ന മാന്യസ്ത്രീകളായി വളർന്നുവരും. “സാമർത്ഥ്യമുള്ള (സുശീലയായ) സ്ത്രീ ഭർത്താവിന് ഒരു കിരീടം; നാണംകെട്ടവളോ അവന്റെ അസ്ഥികളെ ദ്രവിപ്പിക്കും” (സദൃ12:4)

**സംക്ഷേപം** : നമ്മുടെ പുത്രന്മാരും പുത്രിമാരും ക്രിസ്തുവിന്റെ സാക്ഷികളും പ്രതിനിധികളും ആയിരിക്കുമാറ് നാമവരെ സമർപ്പിച്ചു പ്രാർത്ഥിക്കേണ്ടതാണ്. ആൺ മക്കൾ പഠനക്ഷമതയുള്ളവരും പ്രലോഭനങ്ങൾക്കെതിരെ തനിയെ നിൽക്കാൻ പ്രാപ്തരുമായി ചുറുചുറുക്കുള്ള യുവാക്കളായി വളർന്നുവരണം. പെൺ മക്കളെ അവഗണിക്കാതെ പരിജ്ഞാനവും പക്വതയുമുള്ളവരായി വളർത്തണം.

(തുടരും)

## Just a minute



Don't let the excitement of being young cause you to forget about your creator. Honour Him in your youth before the evil years come (Ecl.12:1 Living Bible)

-Pheba Cleetus




# God's Promises

The four Gospels contain many wonderful promises of Jesus, but before we claim these for ourselves it is important to ascertain to whom each promise was given. The Gospel writers make a clear distinction between words that Jesus spoke to His disciples and those He spoke either to multitudes or to individuals who were not disciples. There are more than 900 verses recording words spoken to disciples and about 860 addressed to non-disciples.

The distinctive mark of true disciples was *commitment*. They had made an unreserved commitment to obey and follow Jesus, regardless of personal cost. Jesus Himself laid down this condition: *"Whoever does not bear his cross and come after Me cannot be My disciple. Whoever of you does not forsake all that he has cannot be My disciple." (Luke 14:27, 33)*

Obviously we who are alive today were not present when Jesus was actually speaking. Before we apply any of His promises to ourselves, we need to ask: Am I the kind of person to whom Jesus was speaking? Do His promises apply to me? Do I have the right to claim them? For example, John 14 contains glorious promises, such as: *"Whatever you ask in My name, that will I do." "If you ask anything in My name, I will do it." "Because I live, you will live also." "Peace I leave with you, My peace I give to you. Let not your heart be troubled, neither let it be afraid." (John 14: 13, 14, 19, 27)*

But these beautiful promises were given only to a group of committed disciples. Peter spoke on behalf of them all when he said, "See, we have left all and followed You" (Luke 18:28). To claim these promises without fulfilling this condition is not faith, but *presumption*. We each need to ask ourselves: Am I a disciple – or just a church member?



JEEVA MOZHIKAL RNI/KERBIL/-2003/21404
November 2009 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# ബാലൻ കേട്ട പ്രതിധ്വനി

ഒരു ഗ്രാമീണബാലൻ അമ്മയോടു വഴക്കിട്ട്, 'ഞാൻ നിന്നെ വെറുക്കുന്നു, ഞാൻ നിന്നെ വെറുക്കുന്നു' എന്നു ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് ഓടിപ്പോയി. വീടിനു താഴെയുള്ള താഴ്‌വരയിൽ അവൻ ഓട്ടം അവസാനിപ്പിച്ചെങ്കിലും അവന്റെ അരിശം ശമിച്ചിരുന്നില്ല. അതുകൊണ്ട് അവൻ ആ താഴ്‌വരയിൽ നിന്ന് ഉച്ചത്തിൽ അതേ വാക്കുകൾ വിളിച്ചു പറഞ്ഞു. അപ്പോഴിതാ അവൻ പറഞ്ഞ അതേ ശബ്ദത്തിലും വികാരത്തിലും അതേ വാക്കുകൾ ആരോ തിരിച്ചു വിളിച്ചു പറയുന്നു!

ബാലനു പേടിയായി. അവൻ വീട്ടിലേക്കു തിരിച്ചോടി. അമ്മയുടെ അടുത്തുചെന്നു വിവരം പറഞ്ഞു:"ഞാൻ താഴ്‌വരയിൽ ചെന്നു നിന്നപ്പോൾ മലയുടെ അപ്പുറത്തുനിന്ന് ഒരു വൃത്തികെട്ട കുട്ടി 'ഞാൻ നിന്നെ വെറുക്കുന്നു' എന്ന് എന്നോടു ഉറക്കെ വിളിച്ചുപറഞ്ഞു. എനിക്കു പേടിയായി."

അമ്മയ്ക്കു കാര്യം മനസ്സിലായി. അവൾ പറഞ്ഞു: "മോൻ പേടിക്കേണ്ട. ഒരു കാര്യം ചെയ്യ്; ആ താഴവരയിൽ ചെന്നു നിന്ന് ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് ഉറക്കെ വിളിച്ചു പറയ്. അപ്പോൾ എന്തു സംഭവിക്കുമെന്നു നോക്കാം."

ബാലൻ അമ്മ പറഞ്ഞതനുസരിച്ചു. അപ്പോഴിതാ ആരോ തിരിച്ചു വിളിച്ചുപറയുന്നു:'ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു.' അവന് ആശ്വാസമായി.

ഓസ്ട്രേലിയയിലെ ആദിവാസികൾക്കു ലക്ഷ്യത്തിലേക്കെറിഞ്ഞാൽ എറിഞ്ഞ ആളിലേക്കു തിരിച്ചുവരുന്ന വളഞ്ഞ ഒരു വടി ആയുധമായിട്ടുണ്ട്. ഈ വടിയുടെ പേരായ 'ബൂമറാങ്' എന്ന വാക്ക് ജീവിതത്തിലുണ്ടാകുന്ന തിരിച്ചടികളെ കുറിക്കാൻ ഇംഗ്ലീഷ്ഭാഷയിൽ ഉപയോഗിക്കുന്നു! നാം മറ്റുള്ളവർക്കു ദ്രോഹം ചെയ്താൽ അതു നമ്മിലേക്കു തിരിച്ചെത്തും. നന്മ ചെയ്താൽ വൈകിയാണെങ്കിലും നമുക്കും നന്മ ലഭിക്കും.

ബഞ്ചമിൻ ഫ്രാങ്ക്ലിൻ ഇങ്ങനെ പറയുന്നു: "When you are good to others, you are best to yourself."

പൗലൊസ് പറഞ്ഞു:"നാം വിതയ്ക്കുന്നതു കൊയ്യും."(ഗലാ.6:7)

യേശു പറഞ്ഞു:"മറ്റുള്ളവർ നിങ്ങൾക്ക് എന്തു ചെയ്യണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അതു നിങ്ങൾ അവർക്കു ചെയ്യുക."(മത്താ.7:12)

Printed, Published and owned by T. Ipe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.